“നന്മചെയ്യുമ്പോൾ നമുക്കു മടുപ്പുതോന്നരുതു്. നാം കൊയ്തെടുക്കുന്ന കാലംവരും. അപ്പോൾ നമുക്കു മടുപ്പുതോന്നുകയില്ല. ആകയാൽ ഇപ്പോൾ നമുക്കു സമയമുള്ളിടത്തോളം സകല മനുഷ്യർക്കും, മുഖ്യമായി സഹവിശ്വാസികൾക്കും നന്മ ചെയ്യാം.” ഗാല: VI—9,10.

# സത്യദീപം

“ജ്ഞാനം സമ്പാദിക്കുന്നതിനു എല്ലാ മനുഷ്യരും സ്വാഭാവികമായി ആഗ്രഹിക്കുന്നു; എന്നാൽ ദൈവഭയംകൂടാതെയുള്ള ജ്ഞാനംകൊണ്ടു് എന്തു പ്രയോജനം?”
—ക്രിസ്ത്വാനുകരണം

“ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

Reg. No. M. 2293. | 1956 ആഗസ്റ്റ് 29—ബുധനാഴ്ച | Vol. 30, No. 3

# മറിയവും മരിയസഖ്യങ്ങൾവഴിയുള്ള സമുദായസേവനവും

(ജോസ് ആററുപുറം, തോട്ടകം)

നിത്യരക്ഷ പ്രാപിക്കുവാൻ എന്തു ചെയ്യണമെന്നുള്ള യഹൂദനിയമജ്ഞൻെറ ചോദ്യത്തിനു് നമ്മുടെ കർത്താവീശോമിശിഹാ നൽകിയ മറുപടി, എല്ലാ വസ്തുക്കളേയുംകാൾ ദൈവത്തിനേയും തന്നെപ്പോലെ തൻെറ അയല്ക്കാരനേയും സ്നേഹിക്കുക എന്നാണല്ലോ. അയല്ക്കാരനോടുള്ള സ്നേഹം അടങ്ങിയിരിക്കുന്നതു് അവനുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിലാണെന്നു നല്ല സമറായക്കാരൻെറ ഉപമവഴി അവിടുന്നു പഠിപ്പിച്ചിട്ടുണ്ടു്.

സകല മനുഷ്യരിലുംവച്ചു് ഇങ്ങനെ ദൈവത്തേയും മനുഷ്യരേയും ഏററവും കൂടുതൽ സ്നേഹിച്ചിട്ടുള്ള വ്യക്തി പരിശുദ്ധ കന്യകാമറിയമാണു്. ദൈവമായ മിശിഹായുടെ മാതാവു് എന്ന സ്ഥാനത്താൽതന്നെ ഈ രണ്ടു സ്നേഹത്തിനും മറിയം പ്രാപ്തയായി. മകനെ ശുശ്രൂഷിക്കുവാനും സ്നേഹിക്കുവാനും സേവിക്കുവാനും അമ്മയെക്കാൾ വലിയ ആൾ ഉണ്ടാകുകയില്ലല്ലോ. മൗതികശരീരത്തിൻെറ ശിരസ്സായ മിശിഹായുടെ മാതാവെന്ന നിലയിൽ മറിയം അതിൻെറ അവയവങ്ങളായ സകല മനുഷ്യരുടേയും മാതാവാണു്; സകല മനുഷ്യരും ആ അമ്മയുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങളാണു്. അമ്മയുടേതുപോലുള്ള നിസ്വാർത്ഥമായ സ്നേഹവും സേവനവും കുഞ്ഞുങ്ങൾക്കു മററാരിൽനിന്നും ലഭിക്കുകയില്ലെന്നു തീർച്ചയാണല്ലോ.

### മറിയത്തിൻെറ സമുദായസേവനം

ദിവ്യരക്ഷകനോടുകൂടി മനുഷ്യപരിത്രാണത്തിൽ സഹകരിച്ച മറിയം ഏററവും വലിയ സാമൂഹ്യസേവനമാണു ചെയ്തതു്. ദിവ്യകുമാരൻെറ പാടുപീഡകളും കുരിശുമരണവുംവഴി സിദ്ധിച്ച കണക്കററ ദിവ്യവരപ്രസാദങ്ങളെ മനുഷ്യമക്കൾക്കു നിർല്ലോഭം ദാനം ചെയ്യുന്നതിലും മറിയത്തിൻെറ സമുദായസേവനതല്പരത സ്പഷ്ടമാകുന്നുണ്ടു്. മറിയത്തിൻെറ ഈ സമുദായസേവനത്തെ, തിരുസ്സഭ എന്നും പഠിപ്പിച്ചുപോന്നിട്ടുള്ള ഈ തത്വത്തെ, ആധുനികമാർപ്പാപ്പാമാർ അവരുടെ വിശ്വലേഖനങ്ങളിൽ സ്പഷ്ടമായി നമുക്കു വെളിപ്പെടുത്തിത്തന്നുകൊണ്ടിരിക്കുകയാണു്. 13-ാം ലെയോ തിരുമേനിയുടെ ഒരു വിശ്വലേഖനത്തിലെ ചില വാക്കുകൾമാത്രം മാതൃകയ്ക്കായി ഉദ്ധരിക്കാം:-

“മറേറതൊരു അമ്മയേയുംകാൾ മാനവകുലത്തെ സ്നേഹിക്കുവാനും സഹായിക്കുവാനും മറിയത്തിനു കഴിയും. കാരണം, അവൾ നാമോരോരുത്തർക്കും ആവശ്യമുള്ള സകല കാര്യങ്ങളും അറിയുന്നു. നമ്മെ തുറിച്ചുനോക്കുന്ന വിപത്തുകൾ എന്തു്, ജീവിതത്തിൽ നമുക്കാവശ്യമുള്ള സഹായമെന്തു്, നമ്മെ ഞെരുക്കുന്ന ദോഷങ്ങൾ എന്തു്......എന്നെല്ലാം അവിടുന്നു കാണുന്നു. ഇങ്ങനെ നമ്മുടെ ജീവിതത്തിലെ വിഷമകരങ്ങളായ കാര്യങ്ങളിൽ മററാരേയുംകാൾ അധികമായും ഉദാരമായും നമ്മെ സഹായിക്കുവാൻ മാതാവിനു കഴിയും......”

പരി. കന്യകാമറിയം തൻെറ ലോകജീവിതത്തിൽതന്നെ സമുദായസേവനത്തിൽ അതീവതല്പരയായിരുന്നുവെന്നതിനു് മഹത്തായ രണ്ടു ദൃഷ്ടാന്തങ്ങൾ സുവിശേഷത്തിൽതന്നെയുണ്ടു്. മംഗലവാർത്തയറിയിച്ച ഗബ്രിയേൽദൈവദൂതനിൽനിന്നു്, തൻെറ ഇളയമ്മയായ ഏലീശ്വാ ഗർഭിണിയായിരിക്കുന്നുവെന്നറിഞ്ഞ ഉടൻതന്നെ മറിയം കുന്നും മലയും കയറി ക്ലേശഭൂയിഷ്ഠമായ ഒരു യാത്ര കഴിച്ചു് ഏലീശ്വായുടെ ഭവനത്തിലെത്തുകയും, അവിടെ മൂന്നുമാസത്തോളം താമസിച്ചു് ഏലീശ്വാക്കു വേണ്ട ശാരീരികങ്ങളായ സഹായങ്ങൾ നൽകുകയുംചെയ്തു. എന്നാൽ അതിൽ ഉപരിയായ, ഏററവും മഹത്തായ, മറെറാരു സേവനംകൂടി മറിയം ആ സന്ദർശനാവസരത്തിൽ ഏലീശ്വാക്കുനൽകി. “നിൻെറ അഭിവന്ദനം എൻെറ ശ്രവണപുടത്തിൽ പതിച്ച നിമിഷത്തിൽ എൻെറ ഗർഭത്തിൽക്കിടന്ന ശിശു എൻെറ മാറത്തേക്കു കുതിച്ചു” എന്നാണു് ആ സേവനത്തെ ഏലീശ്വാ ചിത്രീകരിച്ചതു്. അതായതു് രക്ഷകൻെറ മുന്നോടിയാകാൻ നിശ്ചയിക്കപ്പെട്ടിരുന്ന യോഹന്നാൻ ഉത്ഭവപാപത്തിൽനിന്നു് മറിയത്തിൻെറ മാദ്ധ്യസ്ഥത്താൽ ശുദ്ധീകരിക്കപ്പെട്ടു.

ദൈവമാതാവായ മറിയത്തിൻെറ സാമൂഹ്യസേവനതല്പരത പ്രകടിതമാകുന്ന മറെറാരു പ്രധാനസംഭവം വേദപുസ്തകത്തിൽ കാണുന്ന കാനായിലെ കല്യാണവിരുന്നാണു്. വിരുന്നൊരുക്കുന്നതിൽ വേണ്ടത്ര സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിനായിരിക്കുമല്ലോ മറിയം നേരത്തെതന്നെ അങ്ങോട്ടുപോയതു്! വിരുന്നിൽ വിളമ്പിക്കൊണ്ടിരുന്ന വീഞ്ഞു് അപ്രതീക്ഷിതമായി തീർന്നുപോയപ്പോൾ ആ കുടുംബത്തെ അപമാനത്തിൽനിന്നു രക്ഷിക്കുകയെന്ന ചുമതല മാതാവു് സ്വയം ഏറെറടുക്കുകയും തൻെറ ദിവ്യകുമാരനെക്കൊണ്ടു് അവിടുന്നു അത്ഭുതം പ്രവർത്തിക്കേണ്ടകാലം സമാഗതമായിരുന്നില്ലെങ്കിലും അത്ഭുതം പ്രവർത്തിപ്പിച്ചു് വീഞ്ഞുണ്ടാക്കിക്കൊടുക്കുകയുംചെയ്തു.



വ്യാകുലയായ പരിശുദ്ധകന്യകമറിയം

(സെപ്റ്റംബർ—വ്യാകുലഭക്തിയുടെ മാസം)

### മരിയസഖ്യത്തിൻെറ ലക്ഷ്യത്തിൽ സമുദായസേവനവും

ദൈവത്തിൻേറയും നമ്മുടേയും മാതാവായ മറിയം ഇപ്രകാരം സമുദായസേവനത്തിൽ അതീവതല്പരയായിരുന്നുവെങ്കിൽ, അവിടുത്തെ മഹത്തരങ്ങളായ പ്രവൃത്തികളെ പാടിപ്പുകഴ്ത്തുന്ന, അവിടുത്തെ ആദർശസുന്ദരമായ ജീവിതത്തെ സ്വജീവിതത്തിലേക്കു പകർത്തുവാനാഗ്രഹിക്കുന്ന, അവിടുത്തെ പാദാരവിന്ദങ്ങളിൽ തങ്ങളെത്തന്നെ അനുദിനം സമർപ്പിച്ചുകൊണ്ടിരിക്കുന്ന മരിയസഖ്യാംഗങ്ങൾ എത്രമാത്രം സമുദായരംഗത്തു സജീവമായി പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നു! മറിയത്തിൻെറ കുഞ്ഞുമക്കൾ എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന സൊഡാലിററിയംഗങ്ങൾ സ്വജീവിതവിശുദ്ധിക്കായി പരിശ്രമിക്കുന്നതിനോടൊപ്പംതന്നെ ശാരീരികങ്ങളും ആദ്ധ്യാത്മികങ്ങളുമായ സാമൂഹ്യസേവനങ്ങൾ നടത്തുന്നതിലും ഉൽസുകരായിരിക്കേണ്ടതാണു്. സൊഡാലിററിയുടെ ചരിത്രം, അതിൻെറ ആരംഭവും പുരോഗമനവും ഈ പാഠമാണു് നമ്മെ പഠിപ്പിക്കുന്നതു്.

ബൽജിയംകാരനായ ഒരു യുവവൈദികൻ, ഫാദർ ജോൺ ലെനിസ്, റോമിലുള്ള ഈശോസഭവക കോളേജിൽ 1563 മാർച്ച് 24-ാം തീയതി നട്ടുപിടിപ്പിച്ച മരിയസഖ്യമാകുന്ന ചെറുതൈ വളർന്നു പടർന്നു പന്തലിച്ചു് ആഗോളവ്യാപകമായ വൻവൃക്ഷമായിത്തീർന്നിരിക്കുകയാണല്ലോ. ആരംഭാംഗങ്ങളായ ആ കോളേജ് വിദ്യാർത്ഥികൾ തങ്ങളുടെ ആദ്ധ്യാത്മികകാര്യങ്ങളിൽ അതിരററ ശ്രദ്ധ പതിപ്പിച്ചതിനും പുറമെ ഞായറാഴ്ചകളിലും ഒഴിവുദിവസങ്ങളിലും പാവങ്ങളുടെ പാഴ്ക്കുടിലുകൾ സന്ദർശിക്കുകയും, അഗതികളേയും അശരണരേയും ആശ്വസിപ്പിക്കുകയും, അവർക്കു കഴിയുന്നത്ര സഹായസഹകരണങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരുന്നു. ഇതുപോലെ ദൈവസ്നേഹവും പരസ്നേഹവും ഒരുപോലെ ലക്ഷ്യമാക്കിയാണു് സൊഡാലിററിയംഗങ്ങൾ ജീവിച്ചും പ്രവർത്തിച്ചും പോന്നതു്. സൊഡാലിററിക്കു് മാർപ്പാപ്പാമാർ നൽകിയിട്ടുള്ള ഉദ്ബോധനവും ഇതുതന്നെയാണു്. ഉദാഹരണത്തിനു് ഇപ്പോഴത്തെ പരി. പിതാവു 12-ാം പീയൂസിൻെറ ചില വാക്കുകൾ ഉദ്ധരിക്കാം.

ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന സൊഡാലിററിയുടെ ദേശീയപ്രമോട്ടറന്മാരെ 1950-ൽ തിരുമേനി റോമിൽ ക്ഷണിച്ചുവരുത്തി. മരിയസഖ്യത്തിൻെറ ദേശീയസംഘടനകൾ രൂപീകരിക്കുന്നതും അഭിവൃദ്ധമാക്കുന്നതും കത്തോലിക്കാപ്രവർത്തനത്തിൻെറ അടിസ്ഥാനത്തിലായിരിക്കണമെന്നു് അവിടുന്നു ആ പ്രമോട്ടറന്മാർക്കു നിർദ്ദേശംനൽകി. “നാംതന്നെ മരിയസഖ്യത്തിൻെറ ഒരംഗമായിരിക്കുന്നതുകൊണ്ടോ മരിയാംബികയെ അത്യന്തം സ്നേഹിക്കുന്നതുകൊണ്ടോ മാത്രമല്ല സഖ്യത്തിൻെറ അഭിവൃദ്ധിയിൽ ഇത്രമാത്രം ഉൽസുകനായിരിക്കുന്നതു്; പ്രത്യുത കത്തോലിക്കാസഭയ്ക്കു് അതിമാത്രം നന്മകൾ കൈവരുത്തുവാൻ അതിനു ശക്തിയുണ്ടെന്നു കണ്ടിട്ടാണു്. മരിയസഖ്യത്തിൻെറ ഉദ്ദേശ്യം വ്യക്തിപരമായ ജീവിതവിശുദ്ധിയും തജ്ജന്യമായ പരസ്നേഹകൃത്യങ്ങളുമാകുന്നു. സാമാന്യ കത്തോലിക്കാജീവിതംകൊണ്ടുമാ

ത്രം തൃപ്തിയടയേണ്ടവനല്ല ഒരു സൊഡാലിററിയംഗം. ദൈവത്തെ കൂടുതൽക്കൂടുതൽ സേവിക്കുക, മററുള്ളവരേയും ആ സേവനത്തിലേക്കാനയിക്കുക—ഇതായിരിക്കണം അവൻെറ ശമിക്കാത്ത ആകാംക്ഷ." പരി. പിതാവിൻെറ ഈ വാക്കുകളിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ സൊഡാലിററിയംഗങ്ങൾ സമുദായസേവനരംഗത്തു പ്രവത്തിക്കേണ്ടതിൻെറ ആവശ്യകത. സമുദായസേവനം ചെയ്യുന്നതിനുള്ള സുഗമങ്ങളായ പല മാർഗ്ഗങ്ങളും സൊഡാലിററിയംഗങ്ങൾക്ക് അവരുടെ അനുദിനജീവിതസാഹചര്യങ്ങളിൽ സുലഭമായി കണ്ടെത്താവുന്നതാണ്.

### ചില സമുദായ സേവനമാർഗ്ഗങ്ങൾ

മററുള്ളവരുടെ ആദ്ധ്യാത്മികവും ശാരീരികവുമായ കാര്യങ്ങളിൽ വേണ്ട സഹായസഹകരണങ്ങൾ ചെയ്യുന്നതിലാണല്ലോ സമുദായസേവനം അടങ്ങിയിരിക്കുന്നതു്. കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക, കൊന്ത വെന്തിഞ്ഞ കാശുരൂപങ്ങൾ പടങ്ങൾ തുടങ്ങിയ ഭക്തസാധനങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുക മുതലായവ സൊഡാലിററിക്കാർക്ക് എളുപ്പം ചെയ്യാവുന്ന സമുദായസേവനങ്ങൾതന്നെയാണ്. കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നവർ ക്രിസ്തീയതത്വങ്ങളേയും ആദർശങ്ങളേയും മററുള്ളവർക്കു പകർന്നുകൊടുക്കുകയാണു ചെയ്യുന്നതു്. മതത്തിനും സന്മാർഗ്ഗത്തിനും കടകവിരുദ്ധങ്ങളായ, അശ്ലീലങ്ങളായ, അനവധി പ്രസിദ്ധീകരണങ്ങൾ ചെറുകഥകളുടേയും നോവലുകളുടേയും നാടകങ്ങളുടേയും കവിതകളുടേയും രൂപങ്ങളണിഞ്ഞ് ആകർഷകങ്ങളായ കെട്ടിലും മട്ടിലും അനുദിനമെന്നോണം പുറപ്പെടുന്നു. പ്രചരിപ്പിക്കാനുംവേണ്ടി അന്ധകാരശക്തികൾ തീവ്രമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്താണല്ലോ നാം ജീവിക്കുന്നതു്. മനുഷ്യൻെറ സന്മാർഗ്ഗബോധവും മതചിന്തയും ദൈവവിശ്വാസവും ഒന്നിനൊന്നു അധഃപ്പതിപ്പിച്ച് അവതാളത്തിലാക്കുവാൻ ഇടയാക്കുന്ന ഈ ദുഷ്ടപ്രസിദ്ധീകരണങ്ങൾക്കു പ്രതിവിധി കത്തോലിക്കാപ്രസിദ്ധീകരണങ്ങളാണെന്നുള്ള ബോധത്താൽ പ്രേരിതരായി സൊഡാലിററിയംഗങ്ങൾ മഹത്തായ പ്രസ്തുതസേവനം ഏറെറടുക്കേണ്ടതല്ലയോ?

മനുഷ്യർ പൊതുവെ സന്മാർഗ്ഗബോധവും ധാർമ്മികചിന്തയും കുറഞ്ഞവരായിരിക്കുകയാണിപ്പോൾ. മനുഷ്യൻെറ മൃഗീയവാസനകളെ തട്ടിയുണർത്തുകയും അവൻെറ അസാന്മാർഗ്ഗികനടപടികൾ മഹത്തരങ്ങളെന്നു പ്രകീർത്തിക്കുകയും ചെയ്തുകൊണ്ടു് പുറത്തിറക്കിവിടുന്ന വഴിപിഴച്ച ആധുനികസാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങൾ വായിച്ചു തഴമ്പിച്ചിരിക്കുന്നവർക്കു കത്തോലിക്കാപ്രസിദ്ധീകരണങ്ങളുടെ അമൂല്യത അറിഞ്ഞുകൂടാത്തതിനാൽ "ഇതു വെറും മുഷിപ്പനാണ്, പഴഞ്ചനാണ്, ഇരുപതാം നൂററാണ്ടിലുണ്ടോ ഈ പഴഞ്ചരക്കുകൾ വല്ലതും ചിലവാകാൻ പോകുന്നു" എന്നു പറഞ്ഞ് അവർ അവയെ സ്വാഗതം ചെയ്തില്ലെന്നുവരാം. എന്നാൽ അങ്ങനെയുള്ളവരുടെയിടയിലാണു് കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ കൂടുതൽ ചിലവാക്കേണ്ടിയിരിക്കുന്നതു്. എതിർപ്പുകളെ തൃണവത്ഗണിച്ച് [illegible]ങ്കിലും അത്തരക്കാരുടെയിടയിൽ നമ്മുടെ പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്നതുകൊണ്ടു് സൊഡാലിററിയംഗങ്ങൾക്ക് എളിമയും ക്ഷമയും ത്യാഗവും മററും അഭ്യസിക്കുവാൻ അവസരം ലഭിക്കുകയും ചെയ്യുന്നു.

നമ്മുടെ ക്രിസ്തീയയുവതീയുവാക്കളിൽ വെന്തിഞ്ഞ, കാശുരൂപം മുതലായവ കഴുത്തിൽ ധരിക്കുന്നതു് ഇപ്പോൾ വളരെ കുറച്ചിലുള്ള ഒരു കാര്യമായി ഗണിച്ചിരിക്കുന്നവർ അത്ര കുറവാണോ? മറിയത്തിൻെറ കുഞ്ഞുമക്കളായ മരിയസഖ്യാംഗങ്ങളിൽതന്നെ ഭയാനകമായ ഈ സൂക്കേടു് പടർന്നുപിടിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. "മനുഷ്യർ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു് മററുള്ളവരെ കാണിക്കാൻ വെന്തിഞ്ഞയോ കാശുരൂപമോ കഴുത്തിൽ കെട്ടിത്തൂക്കിയിട്ടെന്തു കാര്യം? അവനവൻെറ ഹൃദയം നന്നായിരിക്കുന്നതിലല്ലേ കാര്യം" എന്നാണ് ഇത്തരക്കാരുടെ ചിന്താഗതി. നമ്മുടെ അമ്മതന്നെ നമ്മുടെ രക്ഷക്കായി നൽകിയിട്ടുള്ള ഈ ഭക്തവസ്തുക്കൾ പ്രയോജനരഹിതങ്ങളെന്നു തെററിദ്ധരിച്ചിരിക്കുന്നവരുടെ ഇടയിൽതന്നെ അവ വിതരണംചെയ്യുവാൻ സൊഡാലിററിയംഗങ്ങൾ പരിശ്രമിക്കുകയും ആ ഭക്താഭ്യാസത്താൽ ലഭിക്കാവുന്ന ദിവ്യഫലങ്ങളെക്കുറിച്ച് അവരെ മനസ്സിലാക്കുകയും ചെയ്താൽ നമ്മുടെ സ്വർഗ്ഗീയനായികയുടെ ഹൃദയം കുളിർക്കുകയില്ലേ, സന്തോഷംകൊണ്ടു് തുടിക്കുകയില്ലേ?

സൊഡാലിററിയംഗങ്ങൾക്ക് ഏർപ്പെടാവുന്ന സമുദായസേവനരംഗങ്ങൾ ഇനിയുമുണ്ടു്. സ്ഥലച്ചുരുക്കത്താൽ അവയെ സൂചിപ്പിക്കുവാൻ മാത്രമേ നിവൃത്തിയുള്ളു. കൂദാശകൾ കൈക്കൊള്ളാനും മററും വിമുഖത പ്രദർശിപ്പിക്കുന്നവരെ അതിനു പ്രോത്സാഹിപ്പിക്കുക, കുടുംബപ്രതിഷ്ഠ നടത്തിയിട്ടില്ലാത്ത വീടുകളിൽ അതു നടത്താൻ സഹായിക്കുക, കുട്ടികളേയും അക്ഷരാഭ്യാസമില്ലാത്ത മുതിർന്നവരേയും മററും വേദപാഠം പഠിപ്പിക്കുക, ദരിദ്രരേയും രോഗികളേയും സന്ദർശിച്ച് അവർക്കുവേണ്ട സഹായസഹകരണങ്ങൾ നൽകുക എന്നിങ്ങനെ പലതും.

മാതാവിൻെറ മഹനീയമാതൃകയനുസരിച്ചും സൊഡാലിററിയുടെ സുദീർഘപാരമ്പര്യത്തിനു് അനുയോജ്യമായും മാർപ്പാപ്പാമാരുടെ നിരന്തരോൽബോധനങ്ങൾ ശിരസാ വഹിച്ചും നാനാതരങ്ങളായ സമുദായസേവനങ്ങളിൽ സജീവമായി പങ്കെടുത്തുകൊണ്ടു്, ദൈവസേവനത്തിനുപുറമെ പരസ്നേഹവും ജീവിതലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ മരിയസഖ്യാംഗങ്ങളായ നമുക്കു പരിശ്രമിക്കാം. അതിനുവേണ്ട ദൈവസഹായം അഭ്യർത്ഥിക്കുകയുംചെയ്യാം.

ആത്മകഥാകഥനം

# എൻെറ പുനരൈക്യസ്മരണകൾ

(കെ. എം. ജോൺ കൊച്ചുമങ്ങര, ചിങ്ങവനം)

(തുടർച്ച)

ഞങ്ങൾ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടുവെന്നു് എൻെറ സഹോദരങ്ങളും ചാർച്ചക്കാരും അറിഞ്ഞ ഉടനെ അവർ ഞങ്ങളോടു നിസ്സഹകരണവും, പ്രതിഷേധവും പ്രഖ്യാപിച്ചു. ഇക്കാലത്തുതന്നെയാണ് എൻെറ അഞ്ചു മക്കൾക്കും ഒന്നിച്ചു പനി പിടിപെട്ടതു്. ഒരു മാസത്തോളം ഞങ്ങൾ ചങ്ങനാശ്ശേരി ആശുപത്രിയെ അഭയംപ്രാപിക്കേണ്ടിവന്നു. ആ അവസരത്തിൽ ചങ്ങനാശേരിയിലുള്ള കത്തോലിക്കരും ബഹു: കത്തോലിക്കാവൈദികരും കൂടെക്കൂടെ ആശുപത്രിയിൽവന്നു് ഞങ്ങളുടെ ക്ഷേമത്തെപ്പററി അന്വേഷിക്കുകയും ഞങ്ങൾക്കുവേണ്ട എല്ലാ ഒത്താശകളും ചെയ്തുതരികയും ചെയ്തു. ഡോക്ടർമാരുടേയും മററും പ്രത്യേകശ്രദ്ധയും ദയവും ഞങ്ങളുടെമേൽ ഉണ്ടായിരുന്നു. ദൈവത്തിൻെറ അളവററ കരുണയാൽ എൻെറ മക്കൾക്കു പൂർണ്ണസുഖം കിട്ടി. അവരെല്ലാവരും ഇന്നും ആരോഗ്യമുള്ളവരായി ജീവിച്ചിരിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ വിഷമഘട്ടത്തിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ഞങ്ങൾക്കുവേണ്ട ഒത്താശകൾ ചെയ്തുതരികയും ചെയ്ത എല്ലാവരോടും ഞങ്ങൾ എന്നാളും കൃതജ്ഞതയുള്ളവരാണെന്നു് അറിയിക്കുവാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. എന്നാൽ എൻെറ സഹോദരങ്ങളും അവരുടെ പ്രേരണയാൽ എനിക്കു ബന്ധപ്പെട്ടവരും എൻെറ സഭാപരിവർത്തനംഹേതുവാൽ യാക്കോബായസഭയിലെ പിതാക്കന്മാരുടെ ശാപംകൊണ്ടാണ് ഈ വിഷമതകൾ നേരിട്ടതെന്നും മററും പറഞ്ഞുനടന്നതല്ലാതെ ഒരു പ്രാവശ്യമെങ്കിലും ഞങ്ങളെ വന്നു കാണുകയോ ആശ്വസിപ്പിക്കുകയോ ചെയ്യുകയുണ്ടായില്ല.

ചങ്ങനാശ്ശേരിയിൽ എനിക്കുണ്ടായിരുന്ന തൊഴിൽ അവസാനിച്ചതുകൊണ്ടു് ഞങ്ങൾ വീണ്ടും കുമരകത്തുവന്നു താമസംതുടങ്ങി. എൻെറ ജീവിതത്തിലെ ഏററവും വലിയ ഒരു വിഷമഘട്ടമായിരുന്നു അതു്. ഞങ്ങൾ കുമരകത്തു താമസിച്ചിരുന്നതു് യാക്കോബായക്കാരുടെ ഇടയിലായിരുന്നു. ഞങ്ങൾക്കു കത്തോലിക്കാപ്പള്ളിയിലേക്കു് യാക്കോബായപ്പള്ളിയുടെ സമീപത്തുകൂടി പോകേണ്ടിയിരുന്നു. ആ അവസരങ്ങളിൽ ഏതാനും ആളുകൾ കൂടിനിന്നുകൊണ്ടു് കത്തോലിക്കാസഭയെ അവഹേളിക്കുകയും ഞങ്ങളെ പരിഹസിക്കുകയുംചെയ്യുകയെന്നതു് കുറേക്കാലത്തേക്കു അവരുടെ പതിവായിരുന്നു. ഈ അവസരങ്ങളിലെല്ലാം ഇവരുടെ പരിഹാസങ്ങൾക്കും അവഹേളനങ്ങൾക്കും യാതൊരു മറുപടിയും പറയാതെ "സത്യമാർഗ്ഗം കണ്ടുപിടിക്കുന്നതിനു് ഇവരുടെ കണ്ണുകൾക്കു കാഴ്ചകൊടുക്കേണമെ" എന്നു് ദൈവത്തോടു പ്രാർത്ഥിച്ചിരുന്നു. മൂന്നു നീണ്ട ആണ്ടുകൾ ഈവിധത്തിൽ ഞങ്ങൾ കുമരകത്തു കഴിച്ചുകൂട്ടി. അതിനുശേഷമാണു് എൻെറ തൊഴിൽസംബന്ധമായി ചിങ്ങവനത്തേക്കു താമസംമാററുവാൻ അവസരമായതു്. ഇന്നും ഇവിടെ ഒരു കത്തോലിക്കാകുടുംബമായി ഞാൻ ജീവിച്ചുപോരുന്നു. ഇങ്ങനെയെല്ലാം സംഭവിച്ചുവെങ്കിലും എൻെറ സഹോദരങ്ങളോടുള്ള ബഹുമാനത്തിനോ, ആദരവിനോ ഞാൻ യാതൊരു കുറവും വരുത്തിയിട്ടില്ല. ക്ഷമാശീലവും സഹനസന്നദ്ധതയും ദൈവാനുഗ്രഹത്താൽ ഞങ്ങളിൽ കുടികൊണ്ടിരുന്നു

ഞങ്ങളുടെ ഈദൃശ വിഷമങ്ങളിലും ഞെരുക്കങ്ങളിലും സാമ്പത്തികസഹായത്തിനുവേണ്ടി കത്തോലിക്കരേയോ, കത്തോലിക്കാസഭയിലെ വൈദികരേയോ, മേലദ്ധ്യക്ഷന്മാരേയോ ഞാൻ സമീപിക്കുകയോ സഹായം അഭ്യർത്ഥിക്കയോ ചെയ്തിട്ടില്ല എന്നുള്ള യാഥാർത്ഥ്യം എൻെറനേരെ ഉന്നയിക്കപ്പെട്ടിട്ടുള്ള രണ്ടാമത്തെ പ്രശ്നത്തിനു മറുപടിയായി മാന്യവായനക്കാരെ ഞാൻ അറിയിച്ചുകൊള്ളട്ടെ. റോമ്മാസഭയിൽ ചേർന്നുകൊണ്ടു് എനിക്കു ലഭിച്ചിട്ടുള്ളതു് ആത്മരക്ഷയിലുള്ള പ്രത്യാശ, സഹനശക്തി, ക്ഷമാശീലം ഇവകളാണ്. അതിനുവേണ്ടിയാണ് ഞാൻ റോമ്മാസഭയിൽ ചേർന്നതു്. പണമായി എന്തെങ്കിലും കിട്ടുന്നതിനു ഞാൻ ആഗ്രഹിച്ചിട്ടില്ല; അതേപ്പററി അന്വേഷിച്ചിട്ടുമില്ല. കത്തോലിക്കാസഭ പണംകൊടുത്തു ആളുകളെ അതിൽ ചേർക്കുന്നുവെന്നു അകത്തോലിക്കർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്. അതിൽ വാസ്തവമുണ്ടെന്നു ഞാൻ വിശ്വസിച്ചിട്ടില്ല; അനുഭവപ്പെട്ടിട്ടുമില്ല. കത്തോലിക്കാസഭയ്ക്കു ഇതരസഭകളിൽനിന്നും പണംകൊടുത്തു് ആളുകളെ ചേർക്കേണ്ടതിൻെറ ആവശ്യമുള്ളതായി ഞാൻ കാണുന്നില്ല. എൻെറ സഞ്ചാരവേളയിൽ തെക്കേഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ അനേകം കത്തോലിക്കാദേവാലയങ്ങളിൽ ഞാൻ പോവുകയും ദിവ്യബലിയിൽ സംബന്ധിക്കുകയും ചെയ്തിട്ടുണ്ടു്. അവിടെയെല്ലാം പള്ളിനിറയെ ജനങ്ങൾ സന്നിഹിതരായിരുന്നതായിട്ടാണ് ഞാൻ കണ്ടിട്ടുള്ളതു്. അല്ലാതെ യാതൊരു പള്ളിയിലും സ്ഥലം ഒഴിഞ്ഞുകിടക്കുന്നതായി ഞാൻ കണ്ടിട്ടില്ല. അതിനാൽ പണംകൊടുത്തു് ജനങ്ങളെ ചേർത്തു സഭ വളർത്തണമെന്നുള്ള ആവശ്യം കത്തോലിക്കാസഭയ്ക്കുള്ളതായി എനിക്കു തോന്നുന്നില്ല. കൂടാതെ അക്രൈസ്തവരിൽനിന്നും അകത്തോലിക്കരിൽനിന്നും ലക്ഷക്കണക്കിനു ആളുകൾ കത്തോലിക്കാസഭയിൽ ചേരുന്നുണ്ടു്. അവർക്കെല്ലാം മതിവരെ പണം കൊടുക്കാമെന്നുവച്ചാൽ അതു ഒരു സഭയ്ക്കോ, ഒരു രാഷ്ട്രത്തിനുതന്നെയോ കഴിവുള്ളതാണോയെന്നു ചിന്തിക്കരുതോ! അതുകൊണ്ടു് കത്തോലിക്കാസഭയുടെ അസൂയാവഹമായ വളർച്ചകണ്ടു് ചില അകത്തോലിക്കർ ഈവിധ കെട്ടുകഥകൾ വകഞ്ഞുണ്ടാക്കി കത്തോലിക്കാസഭയെ താറടിച്ചു വിരൂപപ്പെടുത്തുന്നുവെന്നു മാത്രമേ അനുമാനിക്കേണ്ടതുള്ളു.

കത്തോലിക്കാസഭയ്ക്കു സാമ്പത്തികമായ കഴിവു ധാരാളമുണ്ടെന്നുള്ളതു് ഞാനും സമ്മതിക്കുന്നു. ഈ കഴിവു വിനിയോഗിക്കുന്നതു് പൊതുജനങ്ങളുടെ ഉപകാരാർത്ഥം ആശുപത്രികൾ, വിദ്യാലയങ്ങൾ, അനാഥരുടെ സംരക്ഷണത്തിനുവേണ്ടിയുള്ള സ്ഥാപനങ്ങൾ, തൊഴിൽശാലകൾ മുതലായ


## സാക്ഷാൽ "കാളൻ"

സ്ഥാപനംവക 3 സിദ്ധൌഷധങ്ങൾ

കാളൻ'സ്

**നിംബാസവം** ശീതവീര്യമുള്ളതും രൂക്ഷം, ലഘു എന്നീ ഗുണങ്ങളുള്ളതുമായ ഒരു ദ്രവ്യമായതുകൊണ്ടു് വർദ്ധിച്ചിരിക്കുന്ന പിത്തത്തേയും കഫത്തേയും മേദസ്സിനേയും (അമിതമായ ചൂടിനേയും അമിതമായ പുഷ്ടിപ്പിനേയും) നശിപ്പിക്കയും കഫത്തേയും സപ്തധാതുക്കളേയും ശുദ്ധീകരിക്കയും, ജാരാഗ്നിയേയും രുചിയേയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

20 ഔൺസ് കുപ്പി 1-ക്ക് വില 2—0—0

കാളൻ'സ്

**ദ്രാക്ഷാഘൃതം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ടു് വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും വർദ്ധിപ്പിക്കയും (ദേഹത്തെ പുഷ്ടിപ്പെടുത്തുകയും), തടസ്സപ്പെട്ടു നില്ക്കുന്ന വായു, മലം, മൂത്രം, ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കയും, രക്തത്തെ ശുദ്ധീകരിക്കയും, ജാരാഗ്നിയെ ജ്വലിപ്പിക്കുകയും ചെയ്യുന്നു.

5/8 (അരേഅരക്കാൽ) റാ. കുപ്പി 1 ക്ക് വില 4—0—0

കാളൻ'സ്

**ശാരിബാതൈലം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ടു് വിധിപ്രകാരം തലയിലും ദേഹത്തിലും തേക്കുമ്പോൾ വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) അകാലത്തിലുണ്ടാകുന്ന ജരാനരകളേയും നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും (ശരീരകാന്തിയേയും) വർദ്ധിപ്പിക്കയും, സുഖനിദ്രയെ ഉണ്ടാക്കുകയും, രക്തത്തെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

19 ഔൺസ് കുപ്പി 1 ക്ക് വില 3—0—0

ഈ ഔഷധങ്ങൾ പത്ഥ്യമില്ലാതെ ഉപയോഗിക്കാവുന്നവയാണെങ്കിലും, വാതപിത്തങ്ങളുടെ ആധിക്യംകൊണ്ടും കഫത്തിൻേറയും ധാതുക്കളുടേയും ക്ഷയംകൊണ്ടും ഉണ്ടാവുന്നതരം രോഗങ്ങളനുഭവപ്പെടുമ്പോൾ ഉപ്പു്, പുളി, എരുവു് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, മത്സ്യം, മുതിര, തൈരു്, മോരു്, കടല, പയറു്, ചായ, കാപ്പി, മദ്യം മുതലായ ഉഷ്ണവീര്യമുള്ളവയും രൂക്ഷഗുണമുള്ളവയുമായ ദ്രവ്യങ്ങളേയും, ശരീരംകൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, പട്ടിണികിടക്കുക, ഉറക്കമൊഴിക്കുക മുതലായ കർമ്മങ്ങളേയും സാധിക്കുന്നത്ര ഉപേക്ഷിക്കുന്നതു് താമസംവിനാ രോഗശമനം സിദ്ധിക്കുന്നതിന്നു് ഏററവും ഉത്തമമാണ്. ഉപയോഗക്രമങ്ങൾ അതാതു് ഔഷധങ്ങളുടെകൂടെ ഉണ്ടായിരിക്കുന്നതാണ്.

### കാളൻ'സ് സെയിൽസ് ഡിപ്പോകൾ

| | |
|---|---|
| കണ്ണൂർ: കാംബസാർ ഈസ്റ്റ്. | തൃശ്ശൂർ: മൻസിപ്പൽ ആപ്പീസ് റോഡ്. |
| തലശ്ശേരി: മിഷ്യൻ സ്കൂളിന്നുസമീപം. | എറണാകുളം: കാനൻ ഷെഡ് റോഡ്. |
| കോഴിക്കോട്: S. M. സ്ട്രീററ്. | കോട്ടയം: പുളിമൂട്ടിൽ കവല. |
| കോയമ്പത്തൂർ: ഒപ്പനക്കാര സ്ട്രീററ്. | ആലപ്പുഴ: ബോട്ടുജെട്ടിക്കു് സമീപം. |
| പാലക്കാട്: കോർട്ട് റോഡ്. | കൊല്ലം: മെയിൻ റോഡ്. |

തിരുവനന്തപുരം: സ്റ്റാച്യു റോഡ്.

### കാളൻ'സ് ഏജൻസികൾ 172.

N. B. ഔഷധങ്ങൾ വാങ്ങിക്കുമ്പോൾ കുപ്പികളുടെ ലേബലുകളിന്മേൽ ഈ മുദ്രയും, KALAN'S എന്നും കാണുന്നുണ്ടോ എന്നു് പ്രത്യേകം പരിശോധിക്കണം. എന്തുകൊണ്ടെന്നാൽ ഈ അടയാളങ്ങൾ രണ്ടും ഇല്ലാതെ "കാളൻ" എന്ന പേരിൽ കാണപ്പെടുന്ന ഔഷധങ്ങൾ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമാകുന്നു.

KALAN

TELEGRAM:
KALAN, Alagappanagar.

**കാളൻ, നെല്ലായി.**

ലഘുനാടകം

# ‘പരിരംഭണം’

(റവ. ജെ. കല്ലറയ്ക്കൽ)

(യൂനിവേർസിററിയിൽനിന്നും പുറത്തിറങ്ങിയ ഫ്രാൻസീസ് സേവ്യർ. പ്രായം 25- ഓടടുക്കും. പ്രസന്നതയും ആത്മസംതൃപ്തിയും പ്രദ്യോതിപ്പിക്കുന്ന മുഖഭാവം. സംസ്കാരവും പരിഷ്കാരവും ഒത്തിണങ്ങുന്ന വേഷഭൂഷകൾ. ഭവനപ്രാന്തത്തിൽ ഒരു മേശക്കരികെയിരുന്നു ഗ്രന്ഥങ്ങൾ വായിക്കുന്നു. വായന നിറുത്തി മേശപ്പുറത്തുകിടക്കുന്ന എഴുത്തുകൾ നിവർത്തി നോക്കുന്നതാണ് ദൃശ്യം.)

ഫ്രാ: സേ:- (സ്വഗതം) വിജയം, വിജയം, എല്ലാം വിജയംതന്നെ. ഭാവി എന്നെനോക്കി മന്ദഹസിക്കുന്നു. പ്രത്യാശ തളിരുവീശി നിറയെ പൂത്തുനിൽക്കയാണ്. നാളത്തെ ആ “നല്ലനാളെ” പ്രശസ്തിയുടെ ഒരു മണിമേട എനിക്കായി ഒരുക്കിയിട്ടു കൈമാടി വിളിക്കുകയാണ് എന്നെ. (ആത്മാഭിമാനത്തോടെ)ഞാൻ വരാം. ഞാൻ വരുന്നു. (പടികയറിവരുന്ന ആരേയോ ദർശിച്ചിട്ടു) അതാ, ആ ശല്യം! (സൂക്ഷിക്കുന്നു) അതു ആ കീറക്കുപ്പിടിച്ചമനുഷ്യൻതന്നെ. ഇന്നും ഇങ്ങോട്ടുതന്നെയാണ് പുറപ്പാടു എന്നു തോന്നുന്നു. കണ്ടാലും കൊണ്ടാലും അറിയാത്ത ഒരു പമ്പരവിഡ്ഢി!(വീണ്ടുവിചാരത്തോടെ) ഹേയ്! സംസ്കാരസമ്പന്നനായ ഞാൻ അങ്ങനെ വിചാരിക്കയോ? അരുതു്. അവജ്ഞ അരുതു്. അയാളും ഒരു മനുഷ്യൻ—ഒരു സഹോദരൻ— (ഓർക്കുന്നു) ഞാൻ എത്ര നിരസിച്ചിട്ടും പിന്നെയും പിന്നേയും വരികയാണ്. പരിഭവമോ അസുഖമോ ആ മുഖത്തു നിഴലിക്കുന്നില്ല. (ഊഹിക്കുന്നമട്ടിൽ) കഷ്ടപ്പെടുകയായിരിക്കും അയാൾ. കുറെ പണംകൊടുത്തു ഇന്നയാളെ സംതൃപ്തനാക്കി പറഞ്ഞയക്കണം.

(ഭിക്ഷുവായ ഇഗ്നേഷ്യസ്. 30-ൽ കവിഞ്ഞ പ്രായം. യാചകന്റെ ഉടുപ്പുകൾ. കഴുത്തിൽ ഒരു കുരിശു്. കൈയിൽ ജപമാല. ശാന്തഗംഭീരമായ നടപ്പു. ആകർഷകവും അക്ഷുഭിതവുമായ നോട്ടം. വിനയപുരസ്സരം ഫ്രാൻസിസിനെ സമീപിക്കുന്നു)

ഫ്രാ: സേ:- (മുൻപു എന്നത്തെക്കാളും അനുകമ്പാപൂരിതനായി ചമയുന്നു) എന്താ! മൂപ്പിലേ, ഇന്നും?

ഇഗ്നേ: വിശേഷിച്ചു ഒന്നുമില്ല.

ഫ്രസേ:- ഇപ്പോൾ പലതവണയായല്ലോ.

ഇഗ്നേ:- എത്രതവണയായാലും അതു അധികമാവുകയില്ല.

ഫ്രാ: സേ:എന്താ!അങ്ങനെ?

ഇഗ്നേ:- അതോ! ഞാൻ ഒരു അമൂല്യനിധിതേടിവരികയാണ് അതു അങ്ങേപക്കൽ ഉണ്ടു്. അതെനിക്കു തരണം.

ഫ്രാ: സേ:- കൗതുകവും പരിഹാസവും ഉൾക്കൊള്ളുന്നു) നിധിയോ? (ചിരിച്ചിട്ടു്) ഒരു ഭിക്ഷുവിനു നിധിയോ? പിന്നെന്തു വേണ്ടാ?

ഇഗ്നേ: അതേ! നിധി. വിലയേറിയ നിധിതന്നെ.

ഫ്രാ: സേ:- ഇയ്യാൾക്കു ഭ്രാന്താണെന്നു ആളുകൾ പറയുന്നതു് വെറുതെയല്ല. ലക്കില്ലാത്ത സംസാരം. (ഉപശാന്തി ആലോചിക്കുന്നു) ആകട്ടെ, മൂപ്പിലേ, ഞാൻ ഏതാണ്ടൂഹിക്കുന്നുണ്ടു് നിങ്ങളുടെ ആഗ്രഹമെന്തായിരിക്കാമെന്നു്. ഇതാ ഇതു സ്വീകരിക്കുക. (കീശയിൽനിന്നു എടുത്തുകാണിച്ചിട്ടു) ഒരുപവൻ. ഇതു നിങ്ങളെ ഇന്നെങ്കിലും ആനന്ദഭരിതനാക്കും. ഇതു സ്വീകരിച്ചു, (നീട്ടുന്നു) സുഖമായി പോവുക.

പ്യാരി (REGD)
ഔഷധ സോപ്പ്
ചർമ്മ രോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

ഇഗ്നേ:- (വിനയത്തോടെ) ക്ഷമിക്കണം. ഞാനെന്നും ആനന്ദഭരിതനാണ്.

ഫ്രാ. സേ:- അപ്പോൾ, ഇതു വേണ്ടെന്നോ?

ഇഗ്നേ:- (പൂർവ്വാധികം യാചനാനിർഭരമായ വിധത്തിൽ) ഇതല്ലാ എനിക്കാവശ്യം. ഇതുകൊണ്ടൊന്നും ഞാൻ തൃപ്തനാവാൻ പോകുന്നില്ല. അങ്ങേക്കു വിഷമം തോന്നരുതു്.

ഫ്രാ. സേ:-(ഈർഷ്യയോടെ) ഇതു നല്ല കൂത്തു്! പണം വേണ്ടെങ്കിൽ പിന്നെന്തുവേണം?

ഇഗ്നേ:- (ലക്ഷ്യത്തെ സമീപിച്ചതിൽ സന്തോഷത്തോടെ) എനിക്കു അങ്ങയെത്തന്നെ മതി.

ഫ്രാ. സേ:-(മതിവരെ ചിരിച്ചിട്ടു്) തരാമല്ലോ, എങ്ങനെ കൊണ്ടുപോകും?

ഇഗ്നേ:- അതിനു പ്രയാസമില്ല. പക്ഷെ അങ്ങു വാക്കുതരണം.

ഫ്ര. സേ:- നിങ്ങൾ വിനോദം പറയുകയാണ്. (എഴുത്തുകൾ എടുത്തു കാണിച്ചിട്ടു്) നിങ്ങളുടെ തമാശകൾ രസമുള്ളതാണെങ്കിലും കുറേക്കൂടി ഗൗരവതരമായ കാര്യങ്ങൾ എനിക്കു ചെയ്യാനുണ്ടു്. ഇവയെല്ലാം (എഴുത്തുകൾ) ഉദ്യോഗവാഗ്ദാനങ്ങളുമായി എന്റെയടുത്തു പറന്നെത്തിയിരിക്കയാണ്.

ഇഗ്നേ:- അപ്പോൾ അങ്ങു ഉദ്യോഗം സ്വീകരിക്കുവാൻ പോകയാണോ?

ഫ്രാ. സേ:- തീർച്ചയായും.

ഇഗ്നേ:- എന്തുദ്യോഗം?

ഫ്രാ. സേ:- (ആവേശഭരിതനായിട്ടു്) ഉദ്യോഗമോ? ഞാൻ ഒരു വക്കീലായി, വാഗ്മിയായി, രാഷ്ട്രീയാന്തരീക്ഷത്തിൽ ചുററിയടിക്കുന്ന ഒരു കൊടുങ്കാററായി, ഒടുവിൽ ഈ രാജ്യത്തിലെ ഏററം ഔന്നത്യമേറിയ ആ മുഖ്യമന്ത്രിയുടെ പീഠത്തിൽ അവരോധിതനാവും.

ഇഗ്നേ:- എന്നിട്ടു്?

ഫ്രാ.സേ:-(നിർവൃതിയോടെ) എന്നിട്ടോ ധനം, കീർത്തി, ബഹുമാനം ഇതെല്ലാം സ്വായത്തമാക്കും. ഇവയെപ്പററി മാത്രമേ എനിക്കിപ്പോൾ ചിന്തയുള്ളു.

ഇഗ്നേ:- (പൂർവ്വാധികം ജിജ്ഞാസുവായിട്ടു്) എന്നിട്ടു്?

ഫ്രാ. സേ:- (സ്വഗതം) നിശ്ചയമായും ഈ മനുഷ്യനു ചിത്തഭ്രമമാണ്. അല്ലെങ്കിൽ കെട്ടുപിണഞ്ഞുകിടക്കുന്ന ഇമ്മാതിരി നൂലാമാലകളെക്കൊണ്ടു എന്നെ ശല്യപ്പെടുത്തുകയില്ലായിരുന്നു. ധിക്കാരമാണ് ഈ ചോദ്യത്തിലടങ്ങിയിരിക്കുന്നതെന്നു മനസ്സിലാകുന്നില്ലല്ലോ. മര്യാദയുടെ അതിർത്തിവരമ്പുകളൊക്കെ കവച്ചുവയ്ക്കുകയാണ്. (കോപവും വെറുപ്പും അമർത്തിയിട്ടു്) ഹേ! മൂപ്പിലേ, എനിക്കു വളരെയധികം ജോലി കിടക്കുന്നു. തൽക്കാലം എന്നെ സ്വൈര്യമായിരിക്കുവാൻ അനുവദിക്കുക.

ഇഗ്നേ:- (യാചനാസ്വരത്തിൽ) ക്ഷമിക്കണേ. ഒരു വാക്കുകൂടി. അവിടുത്തെ സമയം വിലയേറിയതെന്നു അറിയാത്തവനല്ല ഞാൻ. എങ്കിലും ഒരു വാക്കുകൂടി. ഒരു വാക്കുകൂടി.

ഫ്രാ. സേ:-(അസ്വാസ്ഥ്യത പ്രകടിപ്പിക്കുന്നു) എന്താ! ഒരു വാക്ക്? വേഗമാകട്ടെ. (എഴുന്നേററു പോകുവാൻ ഭാവിക്കുന്നു)

ഇഗ്നേ:- (വിനയാന്വിതം) തെററിദ്ധരിക്കരുതെന്നു വീണ്ടും ഞാൻ അപേക്ഷിക്കുന്നു. ധിക്കാരമാണെന്നു എണ്ണിപ്പോകരുതു്. കേൾക്കൂ, “ലോകമെല്ലാം നേടിയാലും ആത്മാവു നശിച്ചാൽ ഫലമെന്തു്? ഈ വാക്കുകളെപ്പററി അങ്ങു വല്ലപ്പോഴുംചിന്തിച്ചിട്ടുണ്ടോ? എന്റെ ആഗമനം ഈ ചോദ്യത്തിനുള്ള ഉത്തരത്തിൽ അന്തർഭവിച്ചിരിക്കുന്നു.

ഫ്രാ. സേ:- (എന്താണു പറയേണ്ടതെന്നു ആലോചിക്കുന്നു) ശരി, ശരി; ശാസ്ത്രങ്ങളായ ശാസ്ത്രങ്ങളൊക്കയും കലകളായ കലകളൊക്കയും കൈകാര്യംചെയ്തു കരകണ്ടെത്തിയ പണ്ഡിതമഹാരഥനായ എന്നോടു ചോദിക്കുന്ന ചോദ്യം! തരക്കേടില്ല. കിറുക്കിനും വേണമൊരതിരു്. ഞാനാരെന്നു ഈ മനുഷ്യനു മനസ്സിലാകുന്നില്ലേ? (തെല്ലു ശാന്തതയോടെ) മൂപ്പിലേ, നിറുത്തു, നിറുത്തു. വല്ല കൊവേന്തകളിലോ കന്യകാലയങ്ങളിലോ ചെന്നു ചോദിക്കൂ. വേദാന്തങ്ങളെപ്പററി ചിന്തിക്കുവാനല്ല എനിക്കിപ്പോൾ നേരം. (പരുഷമായി) നിങ്ങൾക്കു പണം വേണ്ടെങ്കിൽ പോകാം, പോകാം. (എഴുന്നേററു ഒരു ഭാഗത്തേക്കു മാറുന്നു)

ഇഗ്നേ:- (രണ്ടുമൂന്നടി മുമ്പോട്ടു നടന്നിട്ടു വീണ്ടും തിരിച്ചുവരുന്നു) (വിഷാദം കലർന്നസ്വരം) ഞാൻ പൊയ്ക്കൊള്ളാം. ഞാൻ പൊയ്ക്കൊള്ളാം. എങ്കിലും അങ്ങയെ ഞാൻ മറക്കില്ല. എന്റെ പ്രാർത്ഥന അങ്ങയെ പിന്തുടരുകയാണ്. നാഥൻ അങ്ങയെ വിളിക്കുന്നു. അങ്ങു ആ വിളി കേൾക്കും. അങ്ങാകുന്ന ആത്മബലി അർപ്പിതമാകും. അങ്ങു അവരോധിക്കപ്പെടും. അതു ഈ രാജ്യത്തിലെ മുഖ്യമന്ത്രിപദപീഠത്തിലല്ല, സർവ്വലോകസമ്രാട്ടിന്റെ സചിവോത്തമപദത്തിൽ. അങ്ങേക്കു് ഇനി എപ്പോഴെങ്കിലും എന്നെ കാണുവാൻ ആഗ്രഹം ജനിക്കുമെങ്കിൽ ആ നിമിഷത്തിൽ ഞാൻ അങ്ങയുടെ മുമ്പിലുണ്ടു്. ഞാൻ പോകുന്നു. അസുഖങ്ങൾ എല്ലാം മറക്കണേ. വന്ദനം. ഞാൻ പോകുന്നു. (മന്ദംമന്ദം നടന്നു ദൃഷ്ടിയിൽനിന്നുമകലുന്നു)

(ഫ്രാൻസിസ് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഉള്ളിലും പുറമേയും അസ്വാസ്ഥ്യത. ഏതോ വിദൂരതയിൽ നിന്നെന്നോണം ചിന്തോദ്ദീപകമായ ഒരു ഗാനധ്വനി. ശ്രദ്ധിക്കുന്നു)

(കല്ലേ, കനിവില്ലേ എ. മ.)

മർത്ത്യാ! ഓർക്കുകില്ലേ?—
അന്ത്യം-ഓർക്കുകില്ലേ?
സ്വപ്നസമാനം കടന്നുപോമീ-
ലോക സുഖ മാകവേ, മായം!!ാ
(മർത്ത്യ

2\. മായികം ക്ഷണഭംഗുരമെല്ലാം
പൊള്ളയെന്നറിയില്ലേ?
ദൈവത്തിൻ പരിസേവന
മൊഴികേ,
ജീവിതമൊരു പാഴ്-നിഴലഴ
ലല്ലേ?

(ഗാനധ്വനി വിലയംപ്രാപിക്കുമ്പോൾ ഫ്രാൻസിസ് കൂടുതൽ ചിന്താധീനനായി പകരുന്നു. വീണ്ടും ആസനസ്ഥനായിട്ടു) (സ്വഗതം) തീർച്ചയായും അദ്ദേഹമൊരു സിദ്ധൻതന്നെ. ഇത്ര വേഗം കണ്ണിൽനിന്നു മറഞ്ഞുപോയോ? പണത്തിനോ അപ്പത്തിനോ വേണ്ടിയല്ലതന്നെ ആ ആഗമം. ആ മുഖത്തു എന്തു തേജസ്സാണു കളിയാടിയിരുന്നതു്. ആ വാക്കുകളിൽ അഴകും ഗാംഭീര്യവും അലതല്ലുകയായിരുന്നു. കരുണാകരുണമായ ആ നോട്ടം! ആ മിഴികളിൽ ഏതോ അഭൗമമായ സൗകുമാര്യം പിറവികൊള്ളുകയായിരുന്നു. ഇല്ല, ഇല്ല, എനിക്കദ്ദേഹത്തെ കാണണം. ഇനിയും കാണണം. ആ മധുരഭാഷണം കേൾക്കണം. വീണ്ടും വീണ്ടും കേൾക്കണം. വേണ്ടിവന്നാൽ (നിശ്ചയദാർഢ്യത്തോടെ) എനിക്കും അദ്ദേഹത്തെ അനുഗമിക്കണം. ദിഗന്തങ്ങൾതോറും അനുഗമിക്കണം.

(ചിന്താഭാരത്താൽ തളർന്നുപോലെകാണപ്പെടുന്നു. ഇരിക്കുന്നു. ലോകത്തിന്റെ ഹൃദയത്തിനൊരു ഞെട്ടലുണ്ടായി. സഹജമായ വിദ്വേഷത്തോടും പ്രതികാരബുദ്ധിയോടും വഞ്ചനാത്മകമായ നിപുണതയോടും ആ പ്രലോഭകാരിണി മറഞ്ഞുനിന്നു ഉരുവിടുന്നു)

(കർട്ടനു പിന്നിൽ) ഹ! ഹ! ഹ!, ഹ! ഹ ഹ!, പമ്പരവിഡ്ഢി! ഹ! ഹ! ഹ! ഭീരുത്വം! ലോകമെല്ലാം ഒരു ഞൊടികൊള്ളിൽ അടിയറപണിയാൻ കാത്തുനില്ക്കുമ്പോൾ—കിടയററ കഴിവുകളുള്ള യുവധീരാ! ഒരു ഭ്രാന്തന്റെ ജല്പനങ്ങൾകേട്ടു പേക്കൂത്തുകാണിക്കാതിരിക്കൂ! ഇല്ല. പാടില്ല, ആ നിശ്ചയം പാടില്ല. കനകവും കാമിനിയും പ്രതാപവും കീർത്തിയും കവിതകൾപകർന്നു കൈമാടിവിളിക്കുമ്പോൾ, ഒരു തെരുവുതെണ്ടിയുടെ കൂട്ടാളിയാകുവാൻ കച്ചകെട്ടുകയോ? പരിഹാസപാത്രമാകുകയോ? ഛീ! ലജ്ജയില്ലേ? കൈയിൽക്കിട്ടിയ കനകക്കട്ട വലിച്ചെറിഞ്ഞിട്ടു്—മാദകമധുരമായ സുഖഭോഗങ്ങളുടെ ആ പൊൻചഷകം തട്ടിമറിച്ചിട്ടു്—ഒരു ഭിക്ഷാംദേഹിയുടെ എച്ചിൽനിറഞ്ഞ പിച്ചച്ചിരട്ടയെച്ചെന്നു പരിരംഭണം ചെയ്യുക. അഹോ! ലജ്ജാവഹം! ലജ്ജാവഹം! പാടില്ല, ഈ പരിവർത്തനം പാടില്ല. എവിടെ അവിടുത്തെ പൗരുഷം? പാണ്ഡിത്യം? പ്രാഗത്ഭ്യം? എവിടെ ഈ മോക്ഷനരകങ്ങളെപ്പററിയുള്ള മിഥ്യാബോധം? ഹേ! സ്വാതന്ത്ര്യചിന്തകനായ യുക്തിവാദി! ചിന്തിക്കൂ! ഭോഷത്തം കാണിക്കാതിരിക്കൂ! പശ്ചാത്തപിക്കാതിരിക്കാൻ ചിന്തിക്കൂ! ചിന്തിക്കൂ! ചിന്തിക്കൂ!

(ശബ്ദതരംഗം നിലച്ചു. ഫ്രാൻസിസ് പരിഭ്രാന്തനാകുന്നു) (സ്വഗതം) ഹാവൂ!! ഞാനാകെ തളർന്നുപോയിരിക്കുന്നല്ലോ. കരകാണാത്ത തമസ്സിന്റെ ആഴിപ്പരപ്പിൽ അലറിച്ചീറുന്ന വികാരപരമ്പരയുടെ തിരയടിയേററു എന്റെ ജീവിതനൗക മുങ്ങിപ്പോവുമോ? വഴി എങ്ങോട്ടെന്നറിയുന്നില്ല. പിശാചു ഇനിയും കൊടുമ്പിരികൊള്ളുകയാണ്. അന്ധകാരം, അന്ധകാരം. നോക്കുന്നിടത്തെല്ലാം അന്ധകാരം! ആശയുടെ ഒരു കൊച്ചുനക്ഷത്രമെങ്കിലും ഈ മാനസാകാശത്തിൽ ഒന്നു മിന്നിത്തെളിഞ്ഞിരുന്നെങ്കിൽ!! (ഏതോ

## മയ്യഴിത്തിരുനാൾ മഹാമഹം

### ഒക്ടോബർ 14, 15

**ഉത്സവാരംഭം ഒക്ടോബർ 5**

തീർത്ഥകരുടെ സൗകര്യാർത്ഥം 1956 ഒക്ടോബർ 14, 15 തീയതികളിൽ തീവണ്ടിക്കും, ബസ്സിനും പ്രത്യേക ഏർപ്പാടുകൾ ചെയ്യപ്പെടുന്നതാണ്.

നിങ്ങളുടെ എല്ലാ ആവശ്യങ്ങളിലും, മയ്യഴിയിൽ 1736-ൽ സ്ഥാപിച്ചതായ അത്ഭുതകരവും ബഹുമാന്യവുമായ അവിലായിലെ വിശുദ്ധ ത്രേസ്യായുടെ തീർത്ഥകേന്ദ്രത്തിൽ അഭയം തേടുക. നിങ്ങൾക്കു് ഒരിക്കലും ഇച്ഛാഭംഗം വരികയില്ല.



കൊല്ലംതോറും തിരുനാൾ മഹോത്സവവേളയിൽ 25000-ൽ പരം തീർത്ഥയാത്രക്കാർ ഇവിടം സന്ദർശിക്കുകയും ലക്ഷക്കണക്കിൽ മെഴുകുതിരികൾ പ്രാർത്ഥനയായി ജ്വലിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഉള്ളഴിഞ്ഞു് പ്രാർത്ഥിക്കുന്ന ഏവർക്കും ഈ പുണ്യവതിവഴിയായി കാര്യസാഫല്യമുണ്ടാകുന്നതാണെന്നു ഇവിടെ പരക്കെ അനുഭവപ്പെട്ടതായറിയുന്നു. അത്യാശ്ചര്യകരമായ പല അനുഭവങ്ങളും നിരവധി ജനങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടു്.

അപേക്ഷകളും സംഭാവനകളും, പൂജാധർമ്മങ്ങളും താഴെക്കാണുന്ന വിലാസത്തിൽ എത്തിക്കേണ്ടുന്നതാണ്.

**Parish Priest, Mahe, N. Malabar**

---

പൊതുസ്ഥാപനങ്ങൾക്കു വേണ്ടിയാണ്. അതുകൊണ്ടു് പണം കിട്ടുമെന്നുള്ള പ്രതീക്ഷയിൽ ആരെങ്കിലും കത്തോലിക്കാസഭയിൽ ചേരുന്നുവെങ്കിൽ അവർ കാലതാമസംകൂടാതെതന്നെ സഭ വിട്ടുപോകേണ്ടിവരുമെന്നും തീർച്ചയാണ്. അങ്ങനെയുള്ള ചുരുക്കം ചില ഉദാഹരണങ്ങളും ഇല്ലാതില്ല.

ഞാൻ ജനിച്ചു് 38 വയസ്സുവരെ വളർന്നതും, ജ്ഞാനസ്നാനം, വിവാഹം ആദിയായ കൂദാശകൾ സ്വീകരിച്ചതുമായ യാക്കോബായ സഭയേയും എന്റെ ഏററം പ്രിയപ്പെട്ട സഹോദരങ്ങളേയുംവിട്ടു് ഞാൻ കത്തോലിക്കാസഭയിൽ ചേർന്നതിന്റെ കാരണങ്ങൾ വിനീതമായ എന്റെ കഴിവിൽപ്പെട്ടിടത്തോളം വിശദമായും പരമാർത്ഥമായും പ്രതിപാദിച്ചുകഴിഞ്ഞു. തെററിദ്ധാരണമൂലം അബദ്ധങ്ങളിൽ കുടുങ്ങി മാതൃസഭയിൽനിന്നും അകന്നുനില്ക്കുന്ന എല്ലാവർക്കുംവേണ്ടി ഞാൻ ദൈവത്തെ പ്രാർത്ഥിക്കുന്നു, അവരുടെ ബോധത്തെ പ്രകാശിപ്പിക്കണമേയെന്നു്. ഞാൻ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ എന്റെ സഹോദരങ്ങളും ആത്മാർത്ഥമായി പഠിച്ചു പരിശോധിക്കണമെന്നുള്ള അഭ്യർത്ഥനയോടെ ഈ ലേഖനം ഞാൻ അവസാനിപ്പിക്കുന്നു.

# ദിവ്യകാരുണ്യസ്വീകരണം

(വെരി റവ. ഫാദർ മാവുന്നസ് സി. ഡി.)

മനുഷ്യനു നിർവ്വഹിക്കുവാൻ പാടുള്ളതിൽ ഏററം ദിവ്യമായ കൃത്യമാണല്ലോ ദിവ്യകാരുണ്യസ്വീകരണം. അദ്ധ്യാത്മജീവിതത്തിനു കരുത്തേററുവാൻ ഇത്രയും പര്യാപ്തമായ ഒരു ഭക്താനുഷ്ഠാനം ഇല്ലതന്നെ. ദിവ്യകാരുണ്യസ്വീകരണംവഴി നാം സ്നേഹസ്വരൂപനോടു ഗാഢഗാഢം ഏകീഭവിക്കുന്നു. നമ്മുടെ ദുർവാസനകളെ ഹനിക്കുന്നതിനു ദിവ്യകാരുണ്യസ്വീകരണത്തിനുള്ള കഴിവു് അജയ്യമാണു്. അത്യുന്നതമായ സുകൃതസരണിയിൽ ആത്മാക്കളെ അതിവേഗം പുരോഗമിപ്പിക്കുവാൻ തുഷ്ട്യാന്നു ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ശക്തി അനുക്തസിദ്ധമാണല്ലോ. "എന്നെ ഭക്ഷിക്കുന്നവൻ ആരോ അവൻ ഞാൻമൂലം ജീവിക്കുന്നു" (John VI. 58) എന്നാണു ദൈവകുമാരൻ അരുൾ ചെയ്യുന്നതു്.

### പുരാതനമായ രീതി

ദിവ്യകാരുണ്യഭക്തി പ്രകടിപ്പിക്കുന്ന കാര്യത്തിൽ ഏതാനും നൂററാണ്ടുകളായി ചില വ്യതിയാനങ്ങളെല്ലാം സംഭവിക്കുവാനിടവന്നിട്ടുണ്ടു്. തിരുസഭയുടെ ഹിതത്തോടു് പരിപൂർണ്ണസംയോജ്യതയില്ലാത്ത ചില അനുഷ്ഠാനങ്ങളാണു് പലരുടേയും ജീവിതത്തിൽ പ്രത്യക്ഷപ്പെട്ടതു്. വി. പത്താം പീയൂസിന്റെ 1905 ഡിസമ്പർ 20-ാം തീയതിയിലെ പ്രസിദ്ധമായ "ഡിക്രി" പുറത്തുവന്നശേഷം അത്ഭുതപൂർവ്വമായ ഒരുണർവും ഭക്തിപ്രചുരിമയും ദിവ്യകാരുണ്യഭക്തിയുടെ കാര്യത്തിൽ, വിശേഷിച്ച് അനുദിന ദിവ്യകാരുണ്യസ്വീകരണം സംബന്ധിച്ച്, തിരുസഭയിലാകെ ഉണ്ടായിട്ടുണ്ടെന്നുള്ളതു ആനന്ദപ്രദമായ ഒരു പരമാർത്ഥമാണു്. ഈശോമിശിഹാ ദിവ്യകാരുണ്യം സ്ഥാപിച്ചശേഷം ഏതാണ്ടു് ആയിരംസംവത്സരക്കാലത്തേക്കു ദിവ്യബലിയുടെ സമയത്തുമാത്രമേ ദിവ്യകാരുണ്യം വിശ്വാസികൾക്കു നൽകിയിരുന്നുള്ളു. പരിശുദ്ധ കുർബാന എന്ന ബലിയുടെ സമയത്തുതന്നെ വിശ്വാസികൾ "സ്നേഹവിരുന്നാ"കുന്ന ദിവ്യകാരുണ്യസ്വീകരണത്തിനു് അൾത്താരയെ സമീപിക്കണം എന്ന കാര്യത്തിൽ തിരുസഭ വളരെ നിഷ്കർഷ പ്രയോഗിച്ചിരുന്നു. കുർബാനയിൽ കൂദാശചെയ്യുന്ന തിരുവോസ്തി ദേവാലയത്തിൽ സൂക്ഷിച്ചുവയ്ക്കുക എന്ന പതിവുതന്നെ അക്കാലങ്ങളിൽ തികച്ചും അജ്ഞാതമായിരുന്നു. രോഗികൾക്കു് പരിശുദ്ധ കുർബാന നൽകുവാൻ അത്യാവശ്യപ്പെട്ടപ്പോൾ മാത്രമേ ദിവ്യപൂജയ്ക്കുശേഷം തിരുവോസ്തി സൂക്ഷിച്ചുവയ്ക്കുമായിരുന്നുള്ളു. ഇന്നത്തെപ്പോലെ അൾത്താരകളിൽ "സക്രാരി" എന്നൊന്നു പൂർവ്വകാലങ്ങളിൽ കാണപ്പെട്ടിരുന്നില്ല. അക്കാലങ്ങളിലെല്ലാം വിശ്വാസികൾ "പൂജാത്മക"ദിവ്യകാരുണ്യസ്വീകരണ (Sacrificial Communion) മാണു നടത്തിയിരുന്നതു്. വൈദികനോടുകൂടി ദിവ്യപൂജയിൽസജീവഭാഗഭാഗിത്വംവഹിക്കുന്ന വിശ്വാസികൾ വൈദികനോടുകൂടിത്തന്നെ (പുരോഹിതൻ തിരുശരീരരക്തങ്ങൾ ഉൾക്കൊണ്ട ഉടനെ) ദിവ്യഭോജനം കഴിക്കണം എന്നുതന്നെയാണു് ഇന്നും തിരുസഭയുടെ ആഗ്രഹം. വി.കുർബാനയുടെആരംഭത്തിലോ കുർബാന കഴിഞ്ഞിട്ടോ ദിവ്യകാരുണ്യം നൽകുന്നതിനു തിരുസഭ അനുവദിക്കുന്നെങ്കിൽ അതു സൗകര്യാർത്ഥമുള്ള അപവാദം മാത്രമാണെന്നു നാം മനസ്സിലാക്കണം.

### ആരാധനക്രമത്തിലെ നിബന്ധന

തിരുസഭയുടെ ആരാധനക്രമത്തിൽ നൽകിയിരിക്കുന്ന ഔദ്യോഗികനിർദ്ദേശം "The faithful are to Communicate immediately after the celebrating Priest" കാർമ്മികനായ വൈദികൻ ദിവ്യഭോജനം അനുഭവിച്ച ഉടൻതന്നെ ദിവ്യബലിയിൽ വിശ്വാസികളും ദിവ്യകാരുണ്യം സ്വീകരിക്കണം എന്നാണു്. ദിവ്യഭോജനത്തിനുശേഷം വൈദികൻ കുർബാനയിൽ നടത്തുന്ന പ്രാർത്ഥനകൾ അപ്പോൾ ദിവ്യകാരുണ്യം സ്വീകരിച്ച വിശ്വാസികൾക്കും തനിക്കുംവേണ്ടി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നവയാണെന്ന പരമാർത്ഥവും ഇവിടെ സ്മരണീയമാണു്. കർമ്മാനുഷ്ഠാനവിധികളിൽ ഈ സംഗതി എടുത്തു പറയുകയും ചെയ്തിരിക്കുന്നു. അതായതു് വിശ്വാസികൾ വൈദികനോടുകൂടി ദിവ്യകാരുണ്യം സ്വീകരിക്കണമെന്നും അദ്ദേഹത്തോടുകൂടി കുർബാനയിൽ "ഉപകാരസ്മരണ" നടത്തണമെന്നും.

### ദിവ്യബലിയിലെ ഭാഗഭാഗിത്വം

പട്ടക്കാരനും വിശ്വാസികളുംകൂടി ദൈവത്തിനു സമർപ്പിക്കുന്ന പരിശുദ്ധ കുർബാന എന്ന ബലിയുടെ ഒരു അതിപ്രധാനഘടകമായിത്തന്നെ ദിവ്യകാരുണ്യസ്വീകരണത്തെ നാം സ്വീകരിച്ച് അനുഷ്ഠാനപരമാക്കേണ്ടതാണു്. വെറും "കുർബാനകാണി"കളായിട്ടല്ല നാം ദിവ്യബലിയിൽ സംബന്ധിക്കുന്നതു്. അവിടെ നമ്മൾ സജീവഭാഗഭാഗിത്വം വഹിക്കുന്നു. ഈ വസ്തുത നാം ശരിയായി ഗ്രഹിക്കുമ്പോൾ ദിവ്യപൂജയിൽ വൈദികനോടുകൂടിത്തന്നെയാണു് നാമും ദിവ്യകാരുണ്യസ്വീകരണം നടത്തേണ്ടതു് എന്ന തത്വം നാം അനുഷ്ഠാനപരമാക്കാതിരിക്കുകയില്ല. നാം കുർബാനയിൽ സംബന്ധിക്കുമ്പോൾ സവിശേഷം സ്മരിക്കേണ്ട സംഗതിയാണു് കുർബാന പുരോഹിതൻ തനിച്ചല്ല, പുരോഹിതനും വിശ്വാസികളും കൂടിയാണു് അർപ്പിക്കുന്നതു് എന്ന തത്വം. "കാഴ്ചവയ്പി"ന്റെ സമയത്തു "സഹോദരന്മാരേ, എന്റേയും നിങ്ങളുടേതുമായ ഈ പൂജ ദൈവത്തിനു സംപ്രീതികരമാകുവാൻവേണ്ടി പ്രാർത്ഥിപ്പിൻ" എന്നു വൈദികൻ കരങ്ങൾ വിടർത്തിപ്പിടിച്ചുകൊണ്ടു് ജനത്തെ ക്ഷണിക്കുന്നതും, കുർബാനയിൽ "ഞങ്ങൾ" "ഞങ്ങളെ" എന്നെല്ലാം ബഹുവചനത്തിൽ പ്രാർത്ഥിക്കുന്നതും മററും വൈദികന്റേതായിട്ടുതന്നെയല്ല പൂജ അർപ്പിക്കപ്പെടുന്നതു് എന്നതിനു് തെളിവുകളാണല്ലോ.

### മാർപ്പാപ്പായുടെ ഉൽബോധനം

പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു് "മെദിയാത്തോർദേയി" എന്ന വിശ്വലേഖനത്തിൽ കുർബാനയുടെ ഇടയ്ക്കുവച്ചുതന്നെ വിശ്വാസികൾ ദിവ്യകാരുണ്യം സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യത്തെ ഊന്നി ഉൽബോധിപ്പിച്ചിരിക്കുന്നു എന്ന സംഗതിയും ഇത്തരുണത്തിൽ സ്മരണീയമാണു്. തിരുമേനി പറയുന്നു: "ആരാധനക്രമത്തിൽ നിശ്ചയിച്ചിരിക്കുന്നതനുസരിച്ച് പുരോഹിതൻ ബലിപീഠത്തിൽ നിന്നു ദിവ്യഭോജനം നടത്തിയശേഷം ജനങ്ങളും ദിവ്യവിരുന്നിനായി സമീപിക്കുന്നതു് വളരെ സമുചിതമാകുന്നു. ദിവ്യബലിയിൽ സന്നിഹിതരായിരുന്നുകൊണ്ടു് അതേ ബലിയിൽതന്നെ കൂദാശ ചെയ്ത തിരുവോസ്തി സ്വീകരിക്കുന്നവർ പ്രശംസാർഹരാണു്. അങ്ങനെ ഈ ബലിപീഠത്തിലെ ഭാഗഭാഗിത്വം വഴിയായി നിന്റെ തിരുക്കുമാരന്റെ പരിശുദ്ധമായ മാംസരക്തങ്ങൾ സ്വീകരിച്ച ഞങ്ങളേവരും സകല സ്വർഗ്ഗീയാനുഗ്രഹത്താലും കൃപാവരത്താലും നിറയുവാനിടവരട്ടെ എന്നുള്ള പ്രാർത്ഥന യഥാർത്ഥീഭവിക്കുകയും ചെയ്യും." തക്കതായ കാരണമുള്ളപ്പോൾ കുർബാനയുടെ ആരംഭത്തിലോ അവസാനത്തിലോ അല്ലെങ്കിൽ കൂദാശചെയ്തുവച്ചിരിക്കുന്ന തിരുവോസ്തി പുരോഹിതന്റെ ദിവ്യകാരുണ്യസ്വീകരണാനന്തരമോ എല്ലാം നൽകുന്നതിനു അനുവദിക്കപ്പെടുന്നുണ്ടു്. തക്കതായ കാരണമൊന്നുമില്ലാത്തപ്പോൾ ആ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതു് തിരുസഭയുടെ ഹിതത്തിനു വിരുദ്ധമായിരിക്കും. പരിശുദ്ധ പിതാവു് പ്രസ്തുത വിശ്വലേഖനത്തിൽ എടുത്തുപറയുന്നു: "തിരുസഭ മാതൃസഹജമായ വാത്സല്യത്തോടെ തന്റെ മക്കളുടെ ആത്മീയാവശ്യങ്ങൾ സാധിക്കുവാൻ പല വിട്ടുവീഴ്ചകളും ചെയ്യുന്നുണ്ടു്. എന്നാൽ ആരാധനക്രമം അനുശാസിക്കുന്നവയൊന്നും സന്താനങ്ങൾ അവഗണിച്ചുകളയരുതു്. ന്യായീകരിക്കത്തക്ക പ്രതിബന്ധം ഇല്ലാത്തപ്പോഴെല്ലാം മൗതികശരീരത്തിന്റെ സജീവൈക്യത്തെ ബലിപീഠത്തുങ്കൽ സ്പഷ്ടതരമായി പ്രകാശിപ്പിക്കാൻ പര്യാപ്തമായ എല്ലാ കാര്യങ്ങളും ചെയ്യുകതന്നെവേണം." (തുടരും)



അസാദ്ധ്യകാര്യം സാധിച്ചതിനു് വിശുദ്ധ റീത്താപുണ്യവതിക്കു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

മെസ്സേഴ്സ് പി. ബി. മൈക്കൾ പുതിയാപറമ്പിൽ
മുണ്ടക്കയം

---

ഭൂതോദയമുണ്ടായതുപോലെ നിലത്തു മുട്ടുകുത്തുന്നു)നാഥാ! ദൈവമേ! എന്നെ കൈവിടല്ലേ! പ്രകാശമേ! ഓ! മനോജ്ഞമായ പ്രകാശമേ! എന്നെ നയിക്കുക! (ഇഗ്നേഷ്യസ് പ്രത്യക്ഷപ്പെടുന്നു. ഫ്രാൻസിസ് സേവ്യറിനെ ആപാദചൂഡം നിരീക്ഷണംചെയ്യുന്നു)

ഇഗ്നേ:- (അത്ഭുതത്തോടെ)ഞാൻ ഇവിടെ വന്നിരിക്കുന്നതോ, ചുററുപാടുകളിൽ സംഭവിക്കുന്നതോ, ഒന്നും ഫ്രാൻസിസ് അറിയുന്നതേയില്ല. ദൈവാനുഗ്രഹം വിജയിക്കുന്ന രംഗം! നരകവാതിലുകൾ തകരുന്ന യുദ്ധഭൂമി! അ ലോകസുന്ദരമായ പ്രസാദവരത്തിന്റെ നിരൂഹമായ പ്രവർത്തനമുഹൂർത്തം!! ദൈവമേ! കാരുണ്യമൂർത്തേ! ഈ യുവഹൃദയത്തെ അവിടുന്നുതന്നെ നയിച്ചാലും! നിന്റെ തിരുഹിതം നിറവേറുന്നതിനു ഇതാ! ഈ ദാസനും നിന്നെ പ്രണമിക്കുന്നു.

(മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. ഇരുവരും പ്രാർത്ഥനാനിർഭരമായ ലോകത്തിൽ വിൺമയമായ ആനന്ദത്തിൽ ലയിക്കുകയാണു്. നിർവ്വതിദായകമായ ഒരു ഗാനം അവിടെങ്ങും മുഴങ്ങുന്നു)

("അമ്മതൻ തങ്കക്കുടമെ" എ. മ.)

ഉണരുക, ഉണരുക, നിങ്ങൾ-
വേഗം
ഉണരുക, പുലരി പിറന്നു
നാളത്തെ നല്ലൊരു ലോകം-
വന്നു
കൺമിഴി, കവരുന്നു, വേഗം
(ഉണ.
പാരിതു ശോഭനമാക്കും-
നിങ്ങൾ
ആരിലും ആനന്ദം ചേർക്കും
ആയിരമായിരമിനിമേൽ-
നിങ്ങൾ
പേരിലീലോകം ജയിക്കും
(ഉണ.

ഇഗ്നേ:- (എഴുന്നേററു് ഫ്രാൻസിസിനെ തൊട്ടുണർത്തുന്നു) മകനേ! എഴുന്നേല്ക്കു. ദൈവം നമ്മുടെ പ്രാർത്ഥന കൈക്കൊണ്ടിരിക്കുന്നു. (ഫ്രാൻസിസ് ഉണരുന്നു. പകച്ചുനോക്കുന്നു. അത്ഭുതാനന്ദങ്ങളുടെ വേലിയേററത്തിൽ)

ഫ്രാ:- അവിടുന്നു എന്റെ മുമ്പിലോ!! ഒരു നോക്കു കാണുവാൻ, ഒരു വാക്കു കേൾക്കുവാൻ, എന്റെ ഹൃദയത്തെ കോരിത്തരിപ്പിച്ചിരുന്ന ആ കോമളവിഗ്രഹം എന്റെ മുമ്പിലോ!!! ഞാൻ ധന്യനായി! എന്റെ അപരാധം ക്ഷമിക്കുക. പ്രഭോ! പ്രഭോ! ഞാനങ്ങേ ശിഷ്യൻ, അങ്ങെന്റെ ഗുരു. (ഫ്രാൻസിസ് ഇഗ്നേഷ്യസിനെ വാരിപ്പിടിച്ച പരിരംഭണംചെയ്യുന്നില്ലയിൽ

കർട്ടൻ

(അവകാശങ്ങൾ രചയിതാവിനു്)

---

ആദ്ധ്യാത്മികവീഥി

# പരിത്യാഗത്തിന്റെ ശോഭനവശം

ദൈവത്തിന്റെ വത്സലമക്കളേ,

പരിത്യാഗം പരിത്യാഗത്തിനുവേണ്ടി ചെയ്യുന്നതല്ലെന്നും ഒരു ലാഭം പ്രതീക്ഷിച്ചുകൊണ്ടു സഹിക്കുന്ന ഒരു നഷ്ടം അഥവാ ചെലവാണെന്നും കഴിഞ്ഞ ലേഖനത്തിൽ പറഞ്ഞല്ലൊ. ത്യാഗത്തിന്റെ ഈ ശോഭനമായ വശത്തേക്കു നോക്കാതെ ഇരുളടഞ്ഞ വശത്തേക്കു മാത്രം നമ്മുടെ ദൃഷ്ടിപതിക്കുന്നതുകൊണ്ടാണു നാം അതിനെ വെറുക്കുകയും ഭയപ്പെടുകയും ചെയ്യുന്നതു്. നാം ബുദ്ധിയുള്ളവരാണെങ്കിൽ ശോഭനവശം എപ്പോഴും നമ്മുടെ ദൃഷ്ടിപഥത്തിൽ വച്ചുകൊണ്ടു മുന്നേറുവാൻ ശ്രമിക്കുമായിരുന്നു.

ഒരിക്കൽ ഒരു പ്രബല ശീതമേറിയ ഒരു രാത്രിയിൽ സ്വപുത്രിയുമൊരുമിച്ചു തീകാഞ്ഞുകൊണ്ടിരിക്കയായിരുന്നു. "കുഞ്ഞേ, നിന്റെ കഴുത്തിൽ കിടക്കുന്ന പളുങ്കുമാല ഊരി ആ തീയിലേക്കു് എറിഞ്ഞേക്കൂ." എന്നു അയാൾ മകളോടു പറഞ്ഞു. വില കുറഞ്ഞതെങ്കിലും അവൾ കാര്യമായി കരുതിയിരുന്ന ആ മാല ഉപേക്ഷിക്കുന്നതിനു് അവൾക്കു മനസ്സില്ലായിരുന്നു. അനുസരിക്കാൻ അവൾ മടിക്കുന്നതു കണ്ടപ്പോൾ തന്റെ പോക്കററിൽനിന്നും വലിയ വിലപിടിച്ച മനോഹരമായ ഒരു പവിഴമാല എടുത്തു കാണിച്ചുകൊണ്ടു് അയാൾ പറഞ്ഞു: "നിന്നോടു അതു കളയാൻ പറഞ്ഞതു് ഇതു നിന്റെ കഴുത്തിലിടാനാണു്." "അപ്പച്ചനെന്താമുൻകൂട്ടി എന്നോടു അക്കാര്യം പറയാഞ്ഞതു്?" എന്നു ചോദിച്ചുകൊണ്ടു ഉടനെ തന്നെ സന്തോഷത്തോടെ പളുങ്കുമാല ഊരി തീയിലേക്കു എറിഞ്ഞു. പകരം പവിഴമാല വാങ്ങിച്ചു ധരിച്ചു.

ഒരു സ്ഥലത്തു "മിശിഹാചരിത്രം" സിനിമാ വന്നിട്ടുണ്ടെന്നു് അറിഞ്ഞ കുടുംബാംഗങ്ങൾ എല്ലാവരുംകൂടി അതു കാണാൻ പോകണമെന്നു കുടുംബനാഥൻ നിശ്ചയിച്ചു. എന്നാൽ ഒരു വൈഷമ്യം. അപ്പാപ്പൻ സുഖമില്ലാതെ കിടക്കുകയാണു്. അദ്ദേഹത്തിന്റെ അടുക്കൽ ഒരാൾ മാറാതെ നിൽക്കേണ്ടതുമുണ്ടു്. സ്പെഷ്യൽ കാറും മററും ഏർപ്പാടുചെയ്തിട്ടുള്ളതുകൊണ്ടു് സ്ത്രീകളേയും കുഞ്ഞുങ്ങളേയും എല്ലാം കൊണ്ടുപോകാതെ തരമില്ല. പിന്നെ ഇപ്പോൾ ആരോടാണു് നിൽക്കാൻ പറയുക? അയാൾ ആലോചിച്ചു. അവസാനം ഹൈസ്കൂളിൽ പഠിക്കുന്ന മൂത്തമകൻ ജോസിനെ വിളിച്ചുചോദിച്ചു. "എന്താ ജോസേ, നീ ഇന്നു സിനിമാകാണാൻ പോരുന്നോ?" "അതിനെന്താ സംശയം? നിശ്ചയമായിട്ടും വരുന്നു." "മിശിഹാചരിത്രം എത്രദിവസം കാണിക്കുമെന്നറിയാമോ?" "ഇന്നും നാളെയും കൂടിയേ ഉള്ളൂ." "അതു കഴിഞ്ഞിട്ടു ഏതു പടമാണു വരുന്നതെന്നറിയാമോ?" "അറിയാം, വി. പത്താം പീയൂസ്" "അതു നിനക്കു കാണണമെന്നുണ്ടോ?" "വിടുകയാണെങ്കിൽ കാണാൻ ആഗ്രഹമുണ്ടു്." "എന്നാൽ ഞാനൊരു സൂത്രം പറയാം. മിശിഹാചരിത്രവും വി. പത്താംപീയൂസും രണ്ടും കാണാൻ നീ ഇന്നു അപ്പന്റെ കൂടെ ഇവിടെ നില്ക്കു്. ഞങ്ങളെല്ലാവരുംകൂടി ഇന്നു പോകട്ടെ. പകരം നാളെയും അടുത്തതിനും നീ പൊയ്ക്കോ" "നാളത്തെ കഴിഞ്ഞു നിങ്ങളാരും വരുന്നില്ലേ?" "ഇല്ല. അതു നിനക്കുമാത്രം ഇന്നിവിടെ നില്ക്കുന്നതിനുള്ള സമ്മാനമാണു്. എന്താ സമ്മതിച്ചോ?" "പൂർണ്ണസമ്മതം. ഒന്നിനുപകരം രണ്ടു കിട്ടുന്ന കച്ചവടമല്ലേ?"

മേല്പറഞ്ഞതുപോലെ പരിത്യാഗത്തിന്റെ പ്രതിഫലം നമ്മുടെ ചിന്തയിൽപെടുത്തിയാൽ, അതിന്റെ ശോഭനവശം നാം കണ്ടാൽ അതു വളരെ എളുപ്പവും ആസ്വാദ്യവുമായിത്തീരും.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മാവു്തപി.



# വിവിധവൃത്താന്തങ്ങൾ

## "പാപ്പാ"സ്റ്റാമ്പുകൾ

അമേരിക്കയിലെ പനാമാ റിപ്പബ്ളിക്ക് പീയൂസ് എന്നു പേരുള്ള മാർപ്പാപ്പാമാരുടെ ചിത്രങ്ങളോടുകൂടി സ്റ്റാമ്പുകൾ പുറപ്പെടുവിച്ചിരിക്കുന്നു. മാർപ്പാപ്പാമാരെ ബഹുമാനിക്കുന്നതിനാണു് പനാമാ റിപ്പബ്ളിക്കു് ഇങ്ങനെ ചെയ്തിരിക്കുന്നതെങ്കിലും, അമേരിക്കയിലെ മതപരമായ സ്റ്റാമ്പുകൾ ശേഖരിക്കുന്ന സംഘക്കാർ ആ സമ്പ്രദായത്തോടു വിയോജിച്ചിരിക്കുന്നു. മാർപ്പാപ്പാമാരെ ബഹുമാനിക്കുകയെന്നതിനെക്കാൾ ആ സ്റ്റാമ്പുകൾ ധാരാളമായി വിററു സ്വന്തം കീശ നിറയ്ക്കുകയെന്നതാണു് സ്റ്റാമ്പു പുറപ്പെടുവിച്ചവരുടെ ഉദ്ദേശ്യമെന്നതിലത്രേ അവരുടെ ആക്ഷേപം. ഇത്തരം മതപരമായ സ്റ്റാമ്പുകളിൽനിന്നുള്ള ആദായം പരോപകാരസ്ഥാപനങ്ങൾക്കുപയോഗിക്കുകയല്ലാതെ സ്വകാര്യക്കീശകൾ നിറയ്ക്കുവാൻ അനുവദിക്കരുതെന്നാണു് സംഘക്കാരുടെ അഭിപ്രായം.

## മരണനേരത്തു് കത്തോലിക്കനായി

ഇൻഡൊനേഷ്യൻ ഗവമ്മെൻറിനെ തകിടം മറിക്കുവാനുള്ള ഒരു ഗൂഢാലോചനയുടെ നേതൃത്വം വഹിച്ചു എന്ന കുററം ചുമത്തി ചാർജ്ജ് ചെയ്യപ്പെട്ടിരുന്ന ഒരു കേസ് രണ്ടു കൊല്ലമായി ജാഗത്തായിൽ നടന്നുകൊണ്ടിരിക്കുകയായിരുന്നല്ലോ. ജഡ്ജി ഗസ്റ്റാഫ് മെൻഗ് കോമിൻെറ ബഞ്ചിൽ 15 മാസങ്ങളായി വിചാരണയിലിരുന്ന ഈ കേസ് ലോകശ്രദ്ധയെ ആകർഷിച്ച ഒന്നായിരുന്നു. കേസിൻെറ വിധി പറയുന്നതിനു 8 ദിവസം മുൻപു പ്രതി ജയിലിൽകിടന്നു മസ്തിഷ്കരോഗംമൂലം നിര്യാതനായി. ഇപ്പോൾ പ്രസ്തുത കേസിൽ ജഡ്ജിയായിരുന്ന ഗസ്റ്റാഫ് മെൻഗ്കോം, അദ്ദേഹത്തിൻെറ മരണക്കിടക്കയിൽവെച്ചു കത്തോലിക്കസഭയിലേക്കു മാനസാന്തരപ്പെട്ടിരിക്കുന്നു. മരിക്കുവാൻ നല്ലതു കത്തോലിക്കസഭയിലാണെന്നു് അദ്ദേഹത്തിനും ബോദ്ധ്യമായി.

## പിയറേയുടെ ആദർശം

ഫ്റാൻസിലെ വീടില്ലാത്തവരുടെ അപ്പസ്തോലൻ എന്ന അപരനാമത്താലറിയപ്പെടുന്ന ആബേ പീയറേയുടെ അനുകരണീയോഗ്യമായ മാതൃക തെക്കേ അമേരിക്കയിലേക്കും വ്യാപിച്ചിരിക്കുന്നു. ഉറുഗേയിലെ മോണ്ടി വിഡ്യോയിൽ സമ്പന്നനിലയിൽപെട്ട ഏതാനും യുവതീയുവാക്കന്മാർ, ചേരികൾ നന്നാക്കുന്നതിനുള്ള ഒരു യത്നത്തിൽ വ്യാപൃതരായിരിക്കുന്നു. ഉറുഗേയിലെ ഈ "എമ്മാവൂസു സമൂഹ"ക്കാർ ഇതിനകം 49 സാധുകുടുംബങ്ങൾക്കു സാമാന്യം ഭേദമായ ഭവനങ്ങൾ വെച്ചുകൊടുത്തിട്ടുണ്ടു്. ഈ പ്രസ്ഥാനത്തിൽപെട്ട ചെറുപ്പക്കാർ തന്നെ ചേരികൾ സന്ദർശിച്ചു വേദോപദേശം പഠിപ്പിക്കുകയും ചെയ്തുവരുന്നു.

## ആഭാസത്തരം തടയാൻ

അമേരിക്കയിൽ ഈയിടെ നടപ്പാക്കിയിരിക്കുന്ന ഒരു പുതിയ നിയമം അനുസരിച്ചു് ആഭാസമെന്നു തോന്നുന്ന ഒരു മെയിൽ ഉരുപ്പടി പോസ്റ്റ്മാസ്റ്റർ ജനറലിനു ഇരുപതുദിവസത്തേക്കു കണ്ടുകെട്ടാവുന്നതാണു്; കണ്ടുകെട്ടിയ ഉരുപ്പടി നിയമവിരുദ്ധമായ തരത്തിലുള്ള ഒന്നാണെന്നു ഒരു ഫെഡറൽ ജഡ്ജിക്കു തോന്നുന്നപക്ഷം കണ്ടുകെട്ടലിൻെറ കാലാവധി പിന്നെയും ദീർഘിപ്പിക്കാവുന്നതും അതിനിടകൊണ്ടു കുററക്കാരൻെറമേൽ കേസുചാർജ്ജ് ചെയ്യാവുന്നതുമാണു്. ആഭാസപരമായ സാധനങ്ങളിൽ വ്യാപരിക്കുന്നവരുടെമേൽ കേസെടുത്തുവരുമ്പോഴേക്കു അവർ ഷാപ്പുംപൂട്ടി അന്തർദ്ധാനം ചെയ്യുന്ന ഒരു പതിവാണു് ഇതുവരെ ഉണ്ടായിരുന്നതു്. ഉരുപ്പടികൾ കണ്ടുകെട്ടുവാൻ അനുവദിക്കുന്ന ഈ നിയമം നടപ്പാക്കിയിരിക്കുന്നതുമൂലം കുററക്കാരൻെറമേൽ കേസ്ചാർജ്ജ് ചെയ്യുന്നതുവരെ, നടപടിയെടുക്കുന്ന കാര്യത്തെപ്പററി അവനു് അറിയാൻ സാധിക്കുന്നില്ല.

## അതു് അവരുടെ കാര്യമല്ലത്രേ

"വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ്" എന്ന (പ്രോട്ടസ്റ്റൻറു്) സംഘടനയിലെ അംഗങ്ങൾ, ഹംഗറിയിലെ മതസ്വാതന്ത്ര്യത്തെപ്പററി അന്വേഷിക്കുന്നതിനായി ഈയിടെ ആ രാജ്യം സന്ദർശിക്കുകയുണ്ടായി. തിരിച്ചുവന്നശേഷം ഒരു ബി. ബി. സി. റേഡിയോ സംഭാഷണവേളയിൽ, സന്ദർശകരിൽ ഒരാളായ പ്രൊഫസർ ജോൺ ബെയിലീയോടു് ഒരു റിപ്പോർട്ടർ ചോദിച്ചു: "ഹംഗറിയിലായിരുന്നപ്പോൾ കർദ്ദിനാൾ മിൻസെന്തിയെപ്പററി നിങ്ങൾ എന്തെങ്കിലും തിരക്കിയോ?" "ഇല്ല. ഗവമ്മെൻറിനോടും ഉദ്യോഗസ്ഥന്മാരോടും ചോദിക്കുവാൻ ഞങ്ങൾക്കു മററു ചില ചോദ്യങ്ങളുണ്ടായിരുന്നു. ചില പ്രോട്ടസ്റ്റൻറു ബിഷപ്പന്മാരുടെ കാര്യത്തിലാണു ഞങ്ങൾ തല്പരരായിരുന്നതു്." എന്നായിരുന്നു പ്രൊഫസരുടെ മറുപടി. ആ ബിഷപ്പന്മാരെ അധികാരത്തിൽ പ്രതിഷ്ഠിക്കാമെന്നു് അധികാരികൾ സമ്മതിച്ചിട്ടുണ്ടത്രേ. പക്ഷേ കത്തോലിക്കരുടെ മതസ്വാതന്ത്ര്യത്തെപ്പററി ഈ സന്ദർശകന്മാർ ഒന്നും തിരക്കിയില്ലാ; അവർക്കു ഒന്നും അറിഞ്ഞുകൂടാ താനും. അവരുടെ സന്ദർശനം ആനയെ കാണുവാൻ പോയ കുരുടന്മാരുടേതുപോലെ ആയിപ്പോയി, ഇല്ലേ?

## അടുത്തയാഴ്ചയിൽ

ആഗസ്റ്റ്

30 വ്യാ: വി. ഫെലിക്സും അദോക്തോസും

31 വെ: വി. റൈമുന്തോസ്

സെപ്റ്റംബർ

1 ശ: വി. എഗിദിയോസ്

2 ഞാ: പന്തക്കുസ്താ 15-ാം ഞാ.

3 തി: വി. ബോനിഫാസിയോസ്

4 ചൊ: വി. നർബർത്തോസ്

5 ബു: വി. ലൗറന്തിയോസ് യുസ്റ്റീനിയാനി

# വിദേശവാർത്തകൾ

ചൈനായിൽ തടങ്കലിൽവെച്ചിരിക്കുന്ന കത്തോലിക്കമിഷനറിമാരെയും മററു വിദേശികളെയും മോചിപ്പിക്കുന്നതിനു് അഭ്യർത്ഥിച്ചുകൊണ്ടു ജർമ്മനിയിലെ 50000 തൊഴിലാളികളും കൃഷിക്കാരും ചൈനീസ് പ്രസിഡൻറു മാവോസേ തുങ്ങിനു പ്രത്യേകം പ്രത്യേകം കത്തുകളെഴുതിയിരിക്കുന്നു.

—സ്പാനിഷ് വിമാനസേനയിലെ ഒരു കേണൽ ആയിരുന്ന മാനുവൽ അലെമാൻ ഡി ലാ സോട്ടാ ഈയിടെ വൈദികപട്ടം സ്വീകരിച്ച അവസരത്തിൽ സന്നിഹിതരായിരുന്നവരുടെ കൂട്ടത്തിൽ ഒരാൾ അദ്ദേഹത്തിൻെറ ഭാര്യയായിരുന്നു. ഒരു കർമ്മലീത്താ കന്യാസ്ത്രീയായിത്തീർന്നിരിക്കുന്ന അവരുടെ ഇപ്പോഴത്തെ പേർ സിസ്റ്റർ മേരി മഗ്ദലെയിൻ എന്നാണു്.

—മാർപ്പാപ്പാ തിരുമനസ്സിലെ കഴിഞ്ഞ ആലസ്യകാലത്തു് അവിടുത്തെ പരിചരിച്ചുകൊണ്ടിരുന്ന വിദഗ്ദ്ധനായ പ്രൊഫസർ അൻെറാണിയോ ഗാസ്ബാറിനി ഈയിടെ കാസ്റ്റൽ ഗൊൺഡോൾഫോയിൽവെച്ചു തിരുമേനിയെ പരിശോധിക്കുകയുണ്ടായി. തിരുമനസ്സിലെ ശരീരസ്ഥിതി "അത്ഭുതകരമായിരിക്കുന്നു" എന്നാണു അദ്ദേഹം റിപ്പോർട്ടു ചെയ്യുന്നതു്.

—കഴിഞ്ഞ 5 കൊല്ലമായി ചൈനായിൽ കമ്മ്യൂണിസ്റ്റ്കാർ തടങ്കലിൽ വെച്ചിരുന്ന ചൗസനിലെ ബിഷപ്പു മിൻഗർ തിരുമേനിയെ ഈയിടെ അവർ മോചിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ മേൽ എന്തെങ്കിലും ഒരു കുററം ആരോപിക്കുവാൻ ഇക്കഴിഞ്ഞ അഞ്ചു കൊല്ലമായിട്ടും അവർക്കു സാധിച്ചിട്ടില്ല.

—യുദ്ധാനന്തരം കൂടുന്ന രണ്ടാമത്തെ ക്രിസ്തുരാജകോൺഗ്രസ്സു് 1957 ആഗസ്റ്റ് മാസത്തിൽ ഫാത്തിമായിൽ സമ്മേളിക്കുന്നതാണു്. ക്രിസ്തുരാജനെ ലോകം അംഗീകരിക്കുക എന്ന സന്ദേശം പ്രചരിപ്പിക്കുകയാണു് ഈ കോൺഗ്രസിൻെറ ഉദ്ദേശ്യം.

—ആഫ്റിക്കയിലെ സുളുവംശജനായ മാക്കു സിക്കാക്കാനാ എന്നയാൾക്കും ഒരു നീഗ്രോ ഉപദേശിനിയായ മേരി ഡൺ എന്ന വനിതയ്ക്കും മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രോ എക്ലീസിയാ എത് പോന്തിഫിച്ചെ എന്ന ബഹുമതി നൽകിയിരിക്കുന്നു.

—ബൽജിയത്തിലെ യങ്ങ് ക്രിസ്ത്യൻ വർക്കേഴ്സ് എന്ന പ്രസ്ഥാനത്തിൻെറ സ്ഥാപകനായ കാനൻ കാർഡിജിനെ പരിശുദ്ധ പിതാവു് ഡൊമസ്റ്റിക് പ്രിലേററു് സ്ഥാനത്തേക്കുയർത്തിയിരിക്കുന്നു.

—ഈശോസഭാ ജനറൽ ആയ ഫാദർ ജോൺ ബാപ്റ്റിസ്റ്റ് ജാൻസെൻസ്സ്, ആരോഗ്യം വീണ്ടെടുക്കുന്നതിലേക്കു വിശ്രമാർത്ഥം മ്യൂനിച്ചിൽ എത്തിയിരിക്കുന്നു. അവിടെനിന്നും ബവേറിയൻ പർവ്വതപ്രദേശങ്ങളിലേക്കു അദ്ദേഹം പോകുന്നതാണു്. ഫാദർ ജാൻസെൻസിനു 66 വയസ്സു് പ്രായമുണ്ടു്.

—കൊളോണിൽ കൂടുന്ന ജർമ്മൻ കത്തോലിക്ക കോൺഗ്രസിൻെറ അവസാനദിവസമായ സെപ്റ്റംബർ 2-ാം തീയതി മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ജർമ്മൻ ഭാഷയിൽ ഒരു പ്രസംഗം പ്രക്ഷേപണം ചെയ്യുന്നതാണു്. 70-ൽ പരം വൈദികമേലദ്ധ്യക്ഷന്മാരും ലക്ഷത്തിൽപരം ജനങ്ങളും ഇതിൽ സംബന്ധിക്കുന്നതാണു്.

# ഇൻഡ്യാ വാർത്തകൾ

മഹാരാഷ്ട്രവും ഗുജറാത്തും ചേർത്തു ഒരു ദ്വിഭാഷാസംസ്ഥാനം ഏർപ്പെടുത്തുന്നതിനുള്ള പാർലമെൻറിൻെറ തീരുമാനത്തെ ഗുജറാത്തു് പി. സി. സി. അംഗീകരിച്ചിരിക്കുന്നു.

—ദ്വിഭാഷാസംസ്ഥാനനിശ്ചയത്തെ എതിർക്കുന്ന അഹമ്മദ്ബാദിലെ ജനങ്ങൾ അക്രമമാർഗ്ഗങ്ങൾ അവലംബിച്ചാലും താൻ പ്രസംഗിക്കുമെന്നു പരസ്യംചെയ്തിരുന്ന യോഗത്തിൽ ആരും സംബന്ധിക്കാതിരുന്നതിൽ കുണ്ഠിതനായ ബോംബെ മുഖ്യമന്ത്രി മി. മൊറാർജിദേശായി, ജനങ്ങൾ സമാധാനപരമായി തൻെറ പ്രസംഗം ശ്രവിക്കുന്നതുവരെ ഭക്ഷണം കഴിക്കുന്നതല്ലെന്നു പ്രതിജ്ഞചെയ്തിരിക്കുന്നു. ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ചയാണു് അദ്ദേഹം ഉപവാസമാരംഭിച്ചതു്.

—അൾജീരിയൻപ്രശ്നം പരിഹരിക്കുവാൻ ഇൻഡ്യാ നടത്തിയ ശ്രമങ്ങൾ കുറെയൊക്കെ വിജയിച്ചിട്ടുണ്ടെന്നു പ്രധാനമന്ത്രി നെഹ്റു പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു.

—മി. കഡിലാൻ മൻജപ്പാ മൈസൂർമുഖ്യമന്ത്രിയായി ചാർജ്ജെടുത്തിരിക്കുന്നു.

—ആഗസ്റ്റ് 25-ാംനു കൂടുന്നതിനു നിശ്ചയിച്ചിരുന്ന തിരുക്കൊച്ചി നിയമനിർമ്മാണഅഡ്ഹോക്കു് കമ്മിററിയുടെ യോഗം സെപ്റ്റംബർ 8-ാം തീയതിക്കു മാററിയിരിക്കുന്നു.

—സെപ്റ്റംബർമാസത്തിൽ പ്രധാനമന്ത്രി നെഹ്റു സൗദിഅറേബ്യാ സന്ദർശിക്കുന്നതാണു്.

—അടുത്ത പൊതുതിരഞ്ഞെടുപ്പിൽ ഒരു പുതിയ വോട്ടിങ്ങ്സമ്പ്രദായം നടപ്പാക്കുന്ന കാര്യം ഇലക്ഷൻകമ്മീഷൻെറ പര്യാലോചനയിലിരിക്കുകയാണു്.

—വെളിച്ചെണ്ണയുടേയും കൊപ്രായുടേയും ഇറക്കുമതി ചുരുക്കുകയോ ചുങ്കം വർദ്ധിപ്പിക്കുകയോ ചെയ്യുന്ന കാര്യം ആലോചിക്കുന്നതാണെന്നു ലോക്സഭയിൽ കൃഷികാര്യമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

—ഇൻഡ്യയിൽ അടുത്തുതന്നെ കാർട്ടൂൺ ചലച്ചിത്രങ്ങൾ ഉല്പാദിപ്പിച്ചുതുടങ്ങുന്നതാണെന്നു പ്രക്ഷേപണമന്ത്രി ലോക്സഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

—തിരുക്കൊച്ചിയിലെ പ്രസിഡൻറുഭരണത്തിൻെറ കാലാവധി നീട്ടുന്നതിനുള്ള ഒരു പ്രമേയം ആഭ്യന്തരമന്ത്രി ലോക്സഭയിൽ അവതരിപ്പിച്ചിരിക്കുന്നു.

—ചെങ്കോട്ടയുടെ അതിർത്തിനിർണ്ണയകാര്യം വീണ്ടും ആലോചനക്കെടുക്കുകയില്ലെന്നു ആഭ്യന്തരമന്ത്രി രാജ്യസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

—കൊളമ്പുപദ്ധതിയനുസരിച്ചു് കഴിഞ്ഞ 5 കൊല്ലത്തിനിടയിൽ 102 വിദഗ്ദ്ധന്മാരുടെ സേവനം ഇൻഡ്യക്കു ലഭിച്ചിട്ടുണ്ടു്. 667 ഇന്ത്യൻവിദ്യാർത്ഥികളെ പ്രത്യേകപരിശീലനത്തിനു വിദേശങ്ങളിലേക്കയച്ചിട്ടുമുണ്ടു്.

—ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതിയായിരുന്ന മി. ജോൺ ഷെർമാൻ കൂപ്പർ തൽസ്ഥാനം രാജിവച്ചിരിക്കുന്നു. രാജി അമേരിക്കൻപ്രസിഡണ്ടു സ്വീകരിച്ചു.

# തിരുക്കൊച്ചിവാർത്തകൾ

മദ്രാസ്-തിരുക്കൊച്ചി സർവ്വീസ്സംയോജനപ്രശ്നം കേന്ദ്രം കൈകാര്യംചെയ്യണമെന്നും, ഡിസ്ട്രിക്ട്ബോർഡുകൾ നിർത്തലാക്കണമെന്നും തിരുക്കൊച്ചി മലബാർ പി. സി. സി. കളുടെ അഡ്ഹോക്കുകമ്മിററി തീരുമാനിച്ചിരിക്കുന്നു.

—കോട്ടയം വൈ. എം. സി. എ. ഓഡിറേററിയത്തിൽ, പാലാമെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു യോഗത്തിൽ വച്ചു് അഖിലകേരള മദ്യവർജ്ജനപ്രസ്ഥാനം റവ. കെയിത്താൻ ഉൽഘാടനം ചെയ്തിരിക്കുന്നു.

—1955-56-ൽ 5.78 കോടി ക. വിലയ്ക്കുള്ള കയറും ചകരിയും കയററി അയച്ചിട്ടുണ്ടു്.

—കശുവണ്ടിവ്യവസായത്തൊഴിൽത്തർക്കം സംബന്ധിച്ചു മുതലാളികളുടേയും തൊഴിലാളികളുടേയും പ്രതിനിധികളുമായി ചർച്ച നടത്തുവാൻ ഒരു നെഗോഷ്യേററിംഗ്കമ്മിററിയെ ഗവമ്മെൻറു നിയമിച്ചിരിക്കുന്നു.

—രണ്ടാംപദ്ധതിക്കാലത്തു തിരുക്കൊച്ചിയിലെ ഷാർക്കലിവർ ഓയിൽ ഫാക്ടറി, സിറാമിക് ഫാക്ടറി, റബ്ബർവർക്കസ്, ട്രാവൻകൂർ മിനറൽ കൺസേൺസ് എന്നിവ വികസിപ്പിക്കുന്നതിനു ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—തൊഴിലാളികളുടെ പണിമുടക്കുമൂലം കൊരട്ടിയിലെ ജമുനാ ത്രെഡ്മിൽസ് ലോക്കൗട്ടുചെയ്തിരിക്കുന്നു.

—വർക്കിംഗ്ജർണ്ണലിസ്റ്റ്സ് വേജ് ബോർഡു് തെളിവുശേഖരാർത്ഥം സെപ്റ്റംബർ 7 മുതൽ 11 വരെ തീയതികളിൽ തിരുവനന്തപുരത്തു ക്യാമ്പുചെയ്യുന്നതാണു്.

—പെരിങ്ങോട്ടുകര ആസ്ഥാനമാക്കി ഒരു സിലോൺമലയാളി അഭയാർത്ഥിസംഘടന മി. പനമ്പിള്ളി ഗോവിന്ദമേനോൻ ഉദ്ഘാടനംചെയ്തിരിക്കുന്നു.

—o—



സത്യദീപം
പത്രാധിപന്മാർ
വെരി റവ. മോൺ: ജെ. നടവത്തുശ്ശേരി
റവ. ഫാദർ ജോസഫ് വിതയത്തിൽ
Vol. 30 | AUGUST 29 | No. 3

# സീറോ-മലബാർ റീത്തിനു-
## എറണാകുളം



എറണാകുളം നിയുക്തമെത്രാപ്പോലീത്താ
മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു്

### പുരോഗമനോന്മുഖമായ സംവിധാനങ്ങൾ

അത്യധികമായ മനോവേദനയോടുകൂടിയാണു് ഇത്തവണത്തെ മുഖപ്രസംഗം കുറിക്കുവാൻ പേന യെടുത്തതു്. സത്യദീപത്തിന്റെ ജനയിതാവും സ്നേഹപിതാവുമായ കണ്ടത്തിൽ മാർ അഗുസ്തീനോസ് തിരുമനസ്സിലെ നാമകാരണത്തിരുനാൾ സമാഗതമാകുന്ന ആഗസ്റ്റ് 28, കഴിഞ്ഞകൊല്ലംവരെ ഞങ്ങളെ അനന്യസാധാരണമായവിധം ആനന്ദത്താൽ ആവേശം കൊള്ളിച്ചിരുന്ന മഹദ്ദിനമായിരുന്നു. കഴിഞ്ഞ ജനുവരി 10-ാം തീയതി അഭിവന്ദ്യ തിരുമേനി സുദീർഘമായ അവിടുത്തെ സേവനങ്ങളുടെ ഫലമാസ്വദിക്കുന്നതിനായി ദിവ്യനാഥനാൽ സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ടു. തിരുമേനി ദിവംഗതനായി. സത്യദീപം അതിന്റെ 29-ാമത്തെ വയസ്സിൽ അനാഥമായി. എറണാകുളം അതിരൂപത വൈധവ്യംപൂണ്ടു. എന്നാൽ മക്കളുടെ ഈ വിരഹദുഃഖത്തിൽ, അതിരൂപതയുടെ ഈ വൈധവ്യത്തിൽ ഒരു ആഗസ്റ്റ് 28പോലും കടന്നുപോകരുതെന്നു് ആ വത്സലപിതാവു നിശ്ചയിച്ചിരിക്കണം. അതാണല്ലോ ഈ വാരത്തിൽ വന്നണഞ്ഞിരിക്കുന്ന അപ്രതീക്ഷിതമായ ഒന്നിലധികം സംഭവങ്ങളുടെ പൊരുളായി നാം കരുതേണ്ടതു്.

### അതിരൂപത സനാഥയായി

എറണാകുളം അതിരൂപത ഇന്നു് ഹർഷോന്മത്തയായി ഉണർന്നിരിക്കുന്നു. 1953 നവമ്പർ 19-ാം തീയതി എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി തിരഞ്ഞെടുക്കപ്പെടുകയും 30-ാം തീയതി അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയിൽനിന്നു എറണാകുളത്തുവച്ചു മെത്രാഭിഷേകം സ്വീകരിക്കുകയും, മെത്രാപ്പോലീത്താതിരുമനസ്സിലെ വിയോഗത്തെത്തുടർന്നു എറണാകുളം അതിരൂപതയുടെ ഭരണഭാരം അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കു് എന്ന നിലയിൽ വഹിക്കുകയും ചെയ്തുപോരുന്ന റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി അതിരൂപതയുടെ മെത്രാപ്പോലീത്തായായി തിരുസിംഹാസനത്തിൽനിന്നും നിയമിക്കപ്പെട്ടിരിക്കുന്നു. ഈ സദ്വാർത്ത ആബാലവൃദ്ധംജനതയിൽ ഇന്നാനന്ദപുളകം ചാർത്തുകയാണു്. കാലംചെയ്ത അതിവന്ദ്യപിതാവിന്റെ ചരമനിമിഷംമുതൽ അതിരൂപത മാത്രമല്ല ഹയരാർക്കിമുഴുവനും കേരളം പൊതുവേയും അത്യുല്ക്കണ്ഠയോടുകൂടി പ്രതീക്ഷിച്ചിരുന്ന ഈ നിയമനം ഇന്നിതാ യാഥാർത്ഥ്യംപൂണ്ടിരിക്കുന്നു. അതിരൂപതാംഗന സനാഥയായിരിക്കുന്നു. ഈ മംഗളമംഗല്യത്തിന്റെ മധുരഗാനതരംഗങ്ങളാണു് ഇന്നെവിടേയും മാറെറാലികൊള്ളുന്നതു്. അനുഗൃഹീതയായ അതിരൂപതാതരുണി, നീ ആലസ്യംവിട്ടുണർന്നാലും! ആനന്ദതുന്ദിലയായി പുരോഗമിച്ചാലും! ദിവ്യനാഥന്റെ മലർവാടിയിൽ നിന്റെ സേവനചതുരത അത്യുത്തമനായ നാഥനോടൊത്തു നീ തുടർന്നു നിർവ്വഹിച്ചാലും!

### ആരോമൽ പിഞ്ചുസൂനം

അതിരൂപതയുടെ ആനന്ദഗാനത്തിനു അഭിനവമായൊരു മേളംചേർക്കുവാൻ അതാ, പൂർവ്വദിക്കിൽ ഒരു രൂപതാശിശു ജാതംചെയ്തിരിക്കുന്നു. ചിരപ്രതീക്ഷിതമായ ഒരാശാവല്ലരിയിലെ കനകമണിമലരാണു് അഭിജാതകുലജാതയായ ആ ആരോമൽ പിഞ്ചുസൂനം—അഭിനവ കോതമംഗലം രൂപതാശിശു. അതിന്റെ അദ്ധ്യക്ഷനോ? പ്രഗത്ഭനായ ഒരു ഭരണധുരന്ധരൻ. പ്രശസ്തമായ വൈദി



തൃശ്ശൂർ മെത്രാൻ
റൈററു് റവ. ഡോക്ടർ ജോർജ്ജ്
ആലപ്പാട്ടു തിരുമനസ്സുകൊണ്ടു്



പുതിയ കോതമംഗലം രൂപതാ നിയുക്തമെത്രാൻ
റൈററു് റവ മോൺ. മാത്യു പോത്തനാമുഴി തിരുമനസ്സുകൊണ്ടു്




തലശ്ശേരി മെത്രാൻ
റൈററു് റവ. ഡോ. സെബാസ്റ്റിൻ
വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു

കകലാലയവിദ്യാഭ്യാസം കഴിച്ചു പിഎച്ചു്. ഡി., ഡി. ഡി. ബിരുദങ്ങൾ കരസ്ഥമാക്കി പുരോഹിതപട്ടം സ്വീകരിച്ചു്, തിരുവനന്തപുരം, എറണാകുളം എന്നീ അതിരൂപതകളിൽ അതിപ്രധാനങ്ങളായ ഉദ്യോഗസ്ഥാനങ്ങളിൽ വിരാജിച്ചു്, പരിശുദ്ധ സിംഹാസനത്താൽ 1954-ൽ

# -രണ്ടു് പ്രോവിൻസുകൾ

## ചങ്ങനാശ്ശേരി



**ചങ്ങനാശ്ശേരി നിയുക്തമെത്രാപ്പോലീത്താ**

മോസ്റ്റ് റവ. ഡോക്ടർ മാത്യു കാവുകാട്ടു് തിരുമനസ്സുകൊണ്ടു്



കോട്ടയം മെത്രാൻ
റൈററ് റവ. ഡോക്ടർ തോമസ് തറയിൽ തിരുമനസ്സുകൊണ്ടു്

"ഡൊമസ്റ്റിക്ക് പ്രിലേററു്" സ്ഥാനദാനംവഴി ബഹുമാനിതനായ റൈററു് റവ. മോൺ. മാത്യു പോത്തനാമൂഴി അവർകളാണു് നിയുക്തമെത്രാൻ. അതിവിദഗ്ദ്ധവും ഭരണപരിചയസമ്പന്നവുമായ തിരുമനസ്സിലെ കരങ്ങളിൽ അഭിനവരൂപതാശിശു സുഭദ്രമാണു്; സുശക്തയായി, സുഭഗയായി, ഐശ്വര്യപൂർണ്ണയായി അതു വിരാജിക്കുമെന്നതിൽ ആശങ്കയ്ക്കവകാശമേതുമില്ലതന്നെ. അഭിനവരൂപതയ്ക്കും അതിൻെറ അഭിവന്ദ്യാദ്ധ്യക്ഷൻ തിരുമേനിക്കും സത്യദീപം പ്രശ്രയപൂർവ്വം മംഗളങ്ങൾ നേർന്നുകൊള്ളട്ടെ.

### തിരുസിംഹാസനത്തിൻെറ അഭിനന്ദനം

മഹത്തായ സംഭവങ്ങൾ ചിലപ്പോൾ കൂട്ടംകൂടിയാണു വരിക. സ്നേഹമയിയായ ദൈവത്തിൻെറ അനുഗ്രഹമായ്പാണു് അതിനു നിദാനം. അപ്പസ്തോലികകാലങ്ങൾക്കുശേഷം തിരുസഭയുടെ കേന്ദ്രങ്ങളിൽനിന്നു ബഹുദൂരം അകന്നിരുന്നുവെങ്കിലും ക്രൈസ്തവികവിശ്വാസത്തെ ഭദ്രമായി പാലിച്ചും ധാർമ്മികസമ്പത്തും കഴിവതു പരിപോഷിപ്പിച്ചും കഴിഞ്ഞുപോന്ന കേരളത്തിലെ മാർത്തോമാക്രിസ്ത്യാനികൾ പതിനാറാംശതകത്തിലെ വിദേശമേധാവിത്വംമുതൽ സഭാസംബന്ധമായി ഒട്ടുവളരെ കഷ്ടതകൾ അനുഭവിക്കേണ്ടിവന്നു എന്നതു് ഒരു ചരിത്രവസ്തുതയാണു്. ഇരുളടഞ്ഞ ഈ ചരിത്രകാലങ്ങളിൽ ആഭിജാത്യമഹത്വവും സമുദായസ്നേഹവും മതഭക്തിയും ഒന്നിപ്പിച്ചുകൊണ്ടുപോകുവാൻ അവർ ഒട്ടുവളരെ ക്ലേശിക്കേണ്ടിയിരുന്നു. പല കഷ്ടനഷ്ടങ്ങളും ദയനീയമായ പിളർപ്പുകളും ഇന്നും പരിഹൃതമാകാതെ അവശേഷിക്കുകയാണു്.



പാലാ മെത്രാൻ
റൈററു് റവ. ഡോ. സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു്

എന്നാൽ ആത്മാഭിമാനപൂർവ്വകമായ നിസ്തന്ദ്രപരിശ്രമങ്ങളുടെ ഫലമായി 1886-ൽ ഭാഗ്യസ്മരണാർഹനായ 13-ാം ലെയോൻ മാർപ്പാപ്പാ സുറിയാനികത്തോലിക്കർക്കായി തൃശ്ശൂർ, കോട്ടയം എന്നു രണ്ടു പ്രത്യേകവികാരിയാത്തുകൾ സ്ഥാപിച്ചപ്പോൾ അതു ഒരു നവയുഗത്തിൻെറ നാന്ദിയായിരുന്നു. എങ്കിലും അന്നു അവയുടെ അദ്ധ്യക്ഷന്മാർ വിദേശീയർതന്നെ ആയിരുന്നു. 1896-ൽ ആ രൂപതകളെ പുനർവിഭജിച്ചു് തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നു മൂന്നു വികാരിയാത്തുകളാക്കുകയും അവയെ ഭരിക്കുന്നതിനു നാട്ടുകാരായ വൈദികാദ്ധ്യക്ഷന്മാരെ നിയമിക്കുകയും ചെയ്തപ്പോൾ നവയുഗം യഥാർത്ഥത്തിൽ ഉദയംചെയ്തു. സൗകര്യത്തിനുവേണ്ടി 1910-ൽ തെക്കുംഭാഗക്കാർക്കായി കോട്ടയം വികാരിയാത്തു സ്ഥാപിക്കപ്പെട്ടു. സ്വദേശീയമെത്രാന്മാരുടെ കീഴിൽ ഈ സുറിയാനിവികാരിയാത്തുകൾക്കുണ്ടായ അഭൂതപൂർവ്വമായ അഭിവൃദ്ധി കണ്ടു സംപ്രീതമായി തിരുസിംഹാസനം 1923-ൽ സീറോ-മലബാർ ഹയരാർക്കി സ്ഥാപിക്കുകയും എറണാകുളം അതിരൂപതയായും മററു മൂന്നു വികാരിയാത്തുകൾ സാമന്തരൂപതകളായും ഉയർത്തുകയും ചെയ്തു. അന്നു ഭാരതത്തിലുണ്ടായിരുന്ന ഏക ഏതദ്ദേശീയ മെത്രാപ്പോലീത്തായായിരുന്നു കാലംചെയ്തു കാണ്ടത്തിൽ മാർ ആഗസ്തീനോസ് എന്നതു പ്രത്യേകം സ്മരണാർഹമാണു്. 1950-ൽ ചങ്ങനാശ്ശേരിരൂപതയെ വിഭജിച്ചു് പാലാ രൂപത സൃഷ്ടിച്ചു. 1953-ൽ മലബാറിലേക്കുള്ള സുറിയാനിക്കാരായ കുടിയേററക്കാരുടെ ആത്മീയഭരണത്തിനു തലശ്ശേരിരൂപത സൃഷ്ടിക്കുകയും ഇപ്പോൾ എറണാകുളം അതിരൂപതയെ വിഭജിച്ചു് കോതമംഗലംരൂപത സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

ഏതദ്ദേശീയവൈദികാദ്ധ്യക്ഷന്മാരുടെ ഭരണത്തിൽ സീറോ-മലബാർ റീത്തിനു അടിക്കടി കൈവന്നിട്ടുള്ള അഭിവൃദ്ധിയിൽ തിരുസിംഹാസനത്തിനുള്ള അഭിനന്ദനസൂചകമായിട്ടാണു് ഇപ്പോൾ പ്രസ്തുത റീത്തിനു രണ്ടു പ്രോവിൻസുകൾ കല്പിച്ചനുവദിച്ചിരിക്കുന്നതു്. ചങ്ങനാശ്ശേരിരൂപതയെ ഒരു അതിരൂപതയാക്കി ചങ്ങനാശ്ശേരിമെത്രാൻ റൈററു് റവ. ഡോക്ടർ മാത്യു കാവുകാട്ടു തിരുമേനിയെ മെത്രാപ്പോലീത്തായായി ഉയർത്തിയിരിക്കുന്നു. ഏവംവിധം കോട്ടയം, പാലാ എന്നീ സാമന്തരൂപതകൾ ചങ്ങനാശ്ശേരി അതിരൂപതയുടെ കീഴിലും തൃശ്ശൂർ, തലശ്ശേരി, കോതമംഗലം എന്നീ സാമന്തരൂപതകൾ എറണാകുളം അതിരൂപതയുടെ കീഴിലും ആക്കിത്തീർത്തിരിക്കുകയാണു്. ഭരണപരമായ ഈ ഏർപ്പാടുകൾ ഓരോ രൂപതകളുടെയും അഭിവൃദ്ധിക്കു ഏററം മഹത്തായ അവസരങ്ങളും സൗകര്യങ്ങളുമായിത്തീരുമെന്നു ഇന്നുവരെയുള്ള അനുഭവങ്ങൾ പ്രത്യക്ഷമാക്കുന്നുണ്ടല്ലോ. ഇപ്രകാരം ഒരു പുതിയ അതിരൂപതയുടെ ജന്മഹർഷമാണു് ഈ ശുഭാവസരം. പ്രശസ്തമായ സേവനപാരമ്പര്യമുള്ള ചങ്ങനാശ്ശേരിരൂപത ഒരു അതിരൂപതയായി ഉയർത്തപ്പെട്ടിരിക്കുന്നതിലും അതിൻെറ വിദഗ്ദ്ധനും പുണ്യശ്ലോകനുമായ അദ്ധ്യക്ഷൻതിരുമേനി മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടിരിക്കുന്നതിലും ഞങ്ങൾ അത്യധികം ആനന്ദിക്കുകയും അതിരൂപതയേയും മെത്രാപ്പോലീത്താ തിരുമേനിയേയും അനുമോദിക്കുകയും ചെയ്തുകൊള്ളുന്നു.

പ്രസാധകക്കുറിപ്പു്

## സൂയസ്സമാധാനത്തിനു വൈദികാഹ്വാനം

റോമയിലുള്ള ചില്ലിയുടെ അമ്പാസഡർ സെനോർ മാനുവൽ ഓസ്സാ പരിശുദ്ധമാർപ്പാപ്പായുമായി നടത്തിയ ഒരു രഹസ്യസന്ദർശനവേളയിൽ സൂയസ് പ്രശ്നത്തെപ്പററി തിരുമേനി പ്രസ്താവിച്ചതായി അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നു. സൂയസ് സംബന്ധിച്ച ഈ വാദപ്രതിവാദങ്ങൾ "സമാധാനത്തിൻെറയും, നീതിയുടേയും, സ്നേഹത്തിൻെറയും" ചൈതന്യത്തോടുകൂടി സമാധാനത്തിൽ അവസാനിപ്പിക്കാൻ സാധിക്കുമെന്നും അപ്രകാരം സംഭവിക്കുമെന്നു അവിടുന്നു പ്രതീക്ഷിക്കുന്നുവെന്നുമാണു് മാർപ്പാപ്പാ അദ്ദേഹത്തോടു പറഞ്ഞതു്.

കഴിഞ്ഞ ദിവസം പെട്ടെന്നു കാലംചെയ്ത അത്യുന്നതകർദ്ദിനാൾ ഗ്രിഫിൻ തിരുമനസ്സുകൊണ്ടു അദ്ദേഹത്തിൻെറ മരണത്തിനു മുമ്പായി ഇംഗ്ലണ്ടിലെയും വെയ്ത്സിലെയും കത്തോലിക്കാവൈദികരേയും അൽമായരേയും അഭിസംബോധനചെയ്തു പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഇപ്രകാരം ഉൽബോധിപ്പിച്ചിരുന്നു: "സൂയ

### കൃതജ്ഞത

സിസ്റ്റർ അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ മകൻെറ സുഖക്കേടു സുഖം പ്രാപിച്ചതിനു ഉപകാരസ്മരണ.

മേരി മാത്യു,
കൊയിക്കാരംപറമ്പിൽ

മാതാവിൻെറയും അന്തോണീസ് പുണ്യവാൻെറയും റീത്ത പുണ്യവതിയുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ടി. പി. അന്തപ്പൻ

സ് കനാൽ സംബന്ധിച്ചു അടുത്തു നടക്കുവാൻ പോകുന്ന ലണ്ടൻ കോൺഫറൻസിൽ സംബന്ധിക്കുന്ന എല്ലാവർക്കും ദിവ്യപ്രകാശം ലഭിക്കുന്നതിനു എല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതാവശ്യമാണു്."

മിലാനിലെ മെത്രാപ്പോലീത്തായായ മോൺ. മൊന്തീനി തിരുമനസ്സുകൊണ്ടു് പരിശുദ്ധ കന്യകമറിയത്തിൻെറ സ്വർഗ്ഗാരോപണത്തിരുനാൾ പ്രമാണിച്ചു പുറപ്പെടുവിച്ച ഒരു പ്രത്യേക ഇടയലേഖനത്തിൽ പൊതുജനങ്ങളുടെ പ്രാർത്ഥനകൾ രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങളിൽ നീതിബോധവും വിവേചനയും അനുസരിക്കുന്നതിനു സഹായം ലഭിക്കുവാൻ പരിശുദ്ധ അമ്മയ്ക്കു കാഴ്ചവയ്ക്കണമെന്നുപദേശിച്ചിരുന്നു: "സമാധാനം എന്നതു ഏററവും മികച്ച ഒരു സമ്പാദ്യമാണു്. എന്നാൽ അതു എത്രയും എളുപ്പത്തിൽ ശിഥിലമാകാവുന്നതുമാണു്. വിവേചനാശൂന്യമായി പ്രവർത്തിക്കുന്നവർക്കു ആസ്വദിക്കത്തക്കവണ്ണമല്ല അതു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. നീതിബോധവും സ്നേഹവും അനുസ്യൂതം അവഗാഢമായി പ്രയോഗിച്ചെങ്കിൽ മാത്രമേ അതിനെ സംരക്ഷിക്കുവാൻ സാദ്ധ്യമാകൂ. ആയുധബലമോ അസാദ്ധ്യമായ ഭയാശങ്കകളോ വഴിക്കല്ല അതു കൈവരുക. നേരെ മറിച്ചു്, വിവേചനാശക്തിയും നീതിബോധവും ഉപയോഗിച്ചു് രാഷ്ട്രങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ അവസാനിപ്പിക്കുന്നതുമൂലമത്രെ. അതിനുള്ള കൃപാവരത്തിനുവേണ്ടിയാണു് നാം പ്രാർത്ഥിക്കേണ്ടതു്."

(10-ാംപേജ് തുടർച്ച)

തു്? "പ്രധാനമായും മാനസികമായും സാമ്പത്തികമായും അവശത കളനുഭവിക്കുന്നവരുടെ ഇടയിൽ" എന്നാണ് നീൽ ജി. മക്ക്ളസ്കി പ്രസ്താവിക്കുന്നതു്. മറെറാരു അന്വേഷകനായ ഹെർബർട്ട് എച്ച്. സ്ട്രൂപ്പ് റിപ്പോർട്ടുചെയ്യുന്നു: "ബഹുഭൂരിപക്ഷവും, സാമൂഹ്യവും സാമ്പത്തികവുമായ സാമാന്യനിലപാടിൽ പ്രത്യക്ഷമായവിധം വളരെയധികം താണപടിയിൽ നില്ക്കുന്നവരാകുന്നു." സാമൂഹ്യപദവി പരിഗണിക്കുന്നതിനു മിനസ്സോട്ടാ സർവ്വകലാശാലയിലെ പ്രൊഫസർ എഫ്. സ്റ്റുവാർട്ട് ചാപ്പിൻ സജ്ജമാക്കിയിട്ടുള്ള മാനദണ്ഡം വച്ചുനോക്കിയപ്പോൾ സാക്ഷികളിൽ വളരെയധികംപേരും "ദുരിതനിവാരണാമർഹിക്കുന്നവർ, പട്ടിണിപ്പാവങ്ങൾ, കൂലിവേലക്കാർ" എന്നീ ഗണങ്ങളിൽ പെടുന്നവരാണെന്നു സ്ട്രൂപ്പ് കണ്ടെത്തിയിരിക്കുന്നു.

3

1955 ജൂലൈമാസത്തെ "ക്രിസ്ത്യൻ സെഞ്ച്വറി" എന്ന പത്രികയിലെ കണക്കനുസരിച്ചു് സാക്ഷികളിൽ അഞ്ചിലൊന്നുപേർ നീഗ്രോകളായിരിക്കുന്നു. ന്യൂയോർക്കിൽ അടുത്തകാലത്തു വന്നു താമസിക്കുന്ന പ്യൂറട്ടോറിക്കന്മാരിലും കാലിഫോർണിയായിലും തെക്കു പടിഞ്ഞാറൻപ്രദേശങ്ങളിലും കുടിയേറിത്താമസിക്കുന്ന മെക്സിക്കന്മാരിലും നല്ലൊരു ഭാഗം ഈ സമൂഹത്തിലെ അംഗങ്ങളുടെ ഗണത്തിൽ പെടുന്നു. അക്ഷരജ്ഞാനശൂന്യത ധാരാളമായുള്ള പിന്നോക്കരാജ്യങ്ങളിലാണു് ഈ സംഘടന വളരെയധികമായി പ്രചരിച്ചുകൊണ്ടിരിക്കുന്നതു്.

ഈ സമൂഹത്തിൻെറ ഘടന എങ്ങനെയാണു്? ഏററവും മുകളിൽ സംഘത്തിൻെറ പ്രസിഡൻറു്; അദ്ദേഹം ഒരു ഡയറക്ടർ ബോർഡുമുഖേന ഭരണം നടത്തുന്നു. ഡയറക്ടർമാരുടെ കീഴിലാണു റീജനൽ സെർവൻറ്സ്. അങ്ങനെ അമേരിക്കൻ ഐക്യസംസ്ഥാനങ്ങളെ 6 മേജർ റീജനുകളായും 154 സോണുകളായും വിഭജിച്ചിരിക്കുന്നു. സോണുകളെ അനേകം ലോക്കൽകമ്പനികളായി തിരിച്ചിട്ടുണ്ടു്. ഈ ഓരോ വിഭാഗത്തിൻേറയും ചാർജ് വഹിക്കുന്നതിനായി സംഘം നിയമിച്ചിരിക്കുന്ന ഒരു പ്രതിനിധിയുണ്ടു്. റീജനൽ സെർവൻറ് പ്രാദേശിക ഗ്രൂപ്പുകളുമായി നേരിട്ടു വളരെയൊന്നും ഇടപെടുന്നില്ല. സോൺ സെർവൻറ്സു് മുഖേനയാണു അയാൾ പ്രധാനമായും പ്രവർത്തിക്കുന്നതു്.

ഓരോ സോൺ സെർവൻറും അനേകം ലോക്കൽഗ്രൂപ്പുകളുടെ ചാർജ് വഹിക്കുന്നു. ലോക്കൽ ഗ്രൂപ്പിലെ അംഗങ്ങളെ അവരുടെ വിഹിതമായ സാഹിത്യങ്ങൾ വിതരണംചെയ്യുന്നതിനു് ഉത്തേജിപ്പിക്കുകയെന്നതാണു് അയാളുടെ ജോലി. അയാളുടെ സന്ദർശനവേളകളിൽ കണക്കുകൾ ഓഡിററു ചെയ്യുകയും പ്രാദേശികനേതാക്കന്മാരെ യുക്തംപോലെ അഭിനന്ദിക്കുകയോ കുററപ്പെടുത്തുകയോ ചെയ്യുകയും തൻെറ ഉപദേശം ആവശ്യമെന്നു കരുതുന്ന സാക്ഷികളുമായി സ്വകാര്യസന്ദർശനങ്ങൾ നടത്തുകയും ചെയ്യുന്നു. പരിശോധനയുടെ സാധാരണഫലം ഗ്രൂപ്പിൻെറ സാഹിത്യവിഹിതത്തിൽ അസാധാരണമായ ഒരു വർദ്ധനവാകുന്നു. "കൂടുതൽ ഭവനങ്ങളിൽ മുട്ടുക, കൂടുതൽ പുസ്തകങ്ങളും മാസികകളും വിൽക്കുക" എന്നതാണു ഇൻസ്പെക്ടറുടെ സാധാരണ നിർദ്ദേശം.

പ്രാദേശികഗ്രൂപ്പ്, അഥവാ സമൂഹം, "കമ്പനി" എന്നപേരിൽ അറിയപ്പെടുന്നു. ഇതിൻെറ നേതൃത്വം ഒരു പാസ്റ്റർക്കല്ലാ പ്രത്യുത ഒരു സർവ്വീസ്ഡയറക്ടർക്കാകുന്നു. അയാളുടെ കീഴിൽ കമ്പനിചെയർമൻമാർ, സർവ്വീസ് കമ്മിററികൾ, ഒരു സിക്രട്ടറി, ട്രഷറർ, സ്റ്റോർകീപ്പർമാർ, അംഗങ്ങൾ എന്നിവരുണ്ടായിരിക്കുന്നു. പ്രാദേശികയോഗസ്ഥലത്തെ "കിങ്ങ്ഡം ഹാൾ" എന്നാണു വിളിക്കുന്നതു്. സാക്ഷികൾ ഒരിക്കലും അവരുടെ സമ്മേളനസ്ഥലത്തിനു "പള്ളി" എന്ന പദം ഉപയോഗിക്കുകയില്ല.

സാധാരണമായി സാക്ഷികൾ സ്റ്റോറുകളുടെ മുകളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ—സ്റ്റോറുകൾ മിക്കവാറും പട്ടണത്തിൻെറ ഏററവും പിന്നിലെ ഭാഗത്തായിരിക്കും—വാടകയ്ക്കെടുക്കുകയാണു പതിവു്. ഞായറാഴ്ച സായംകാലത്തെ യോഗങ്ങളിൽ സന്നിഹിതരാകുന്നവരുടെ സംഖ്യ ഏതെങ്കിലും കമ്പനിയിൽ 200-ൽ കവിയുമ്പോൾ, ഒരു പുതിയ കമ്പനി രൂപവത്കരിക്കപ്പെടുന്നു. പഴയ കമ്പനിയിലെ ചില സാക്ഷികളെ പുതിയ യോഗസ്ഥലത്തേക്കു നിശ്ചയിക്കുകയുംചെയ്യും.

ഓരോ കമ്പനിയിലും ചില അംഗങ്ങൾ "പബ്ളിഷർമാരും" മററു ചിലർ "പയനിയർമാരും" ആയിരിക്കും. തങ്ങളുടെ സമയത്തിൽ ഒരു ഭാഗം ഫീൽഡുവർക്കിനു വിനിയോഗിക്കുന്നവരാണു് പബ്ളിഷർമാർ. മററു എന്തെങ്കിലും തൊഴിലുള്ളവരായ സ്ത്രീപുരുഷന്മാരാണു് അവർ; എന്നാൽ അവരുടെ വിശ്രമസമയം—സായാഹ്നങ്ങൾ, ശനിയാഴ്ച ഉച്ചകഴിഞ്ഞും ഞായറാഴ്ചയുമുള്ള സമയം—അധികവും മിഷനറിവേലകൾക്കു വിനിയോഗിക്കുന്നു. പബ്ളിഷർമാർക്കു ശമ്പളമില്ല. എന്നാൽ സമൂഹംവകസാഹിത്യം ഒരു കമ്മീഷൻ കുറച്ചാണു് അവർക്കു കിട്ടുന്നതു്. അതു വിററു അവർ ആദായമെടുക്കുന്നു." (തുടരും)

## ഇടവകവാർത്തകൾ

**കൈനകരി:** സ്ഥലം സെൻറു് വിൻസെൻറു് ഡിപോൾ സംഘം സെൻറു് മേരീസ് കോൺഫറൻസിൻെറ വാർഷികയോഗം ആഗസ്റ്റ് 17-ാംനു- വെള്ളിയാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്കു സെൻറു് മേരീസ് പള്ളിമൈതാനത്തുവച്ചു റവ. ഫാദർ ആൻറണി കായിത്ര, ബി. എ., എൽ. ററി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമാൻ ററി. ഡി. ചാക്കോ ബി. എ., എൽ. ററി., പ്രഫസർ ശ്രീ കെ. ററി. സെബാസ്റ്റ്യൻ എം. എ. എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ അഭിനയങ്ങളും ഗാനങ്ങളും ഉണ്ടായിരുന്നു.

സ്ഥലം സെൻറു് മേരീസ് സൊഡാലിററിയുടെ ഒരു അസാധാരണയോഗം ആഗ: 16-ാംനു- വ്യാഴാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്കു കൈനകരിപ്പള്ളി മൈതാനത്തുവച്ചു റവ. ഫാദർ ജോസഫ് കളരിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമാൻ പി. ഡി. ലൂക്കു് ബി. എ., ബി. എൽ., കുമാരി കുഞ്ഞമ്മ മാത്യു ഇലഞ്ഞിക്കൽ എന്നിവർ പ്രസംഗിച്ചു. സഖ്യാംഗങ്ങളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

**മേലുകാവുമററം:** ആഗ 19-ാംനു- ഞായറാഴ്ച കൂടിയ ചെ. പു. മിഷൻ ലീഗിൻെറ സമ്മേളനത്തിൽ നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയം ശ്രീ ടി. എം. കുര്യാക്കോസ് ബി. എ. അവതരിപ്പിക്കുകയും ശ്രീ ജോസ് ററി. വാഴചാരിക്കൽ പിന്താങ്ങുകയും യോഗം ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

**[illegible]പ്പള്ളി:** നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിക്കുന്നതിനായി സ്ഥലത്തെ പൗരന്മാരുടെ ഒരു പൊതുയോഗം പ്രൊഫസർ വി. ജെ. മത്തായി എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ വർഗീസ് തോമസ് ബി. എ., ബി. എൽ. പ്രസംഗിച്ചു. നിയോഗി റിപ്പോർട്ടിനെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ടുള്ള ഒരു പ്രമേയം ശ്രീ എം. ജോസഫ് വെള്ളാപ്പാട്ടു് അവതരിപ്പിച്ചു. പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

**തൊമ്മാപുരം S. കാനാ[illegible]:** ഈ ഗ്രാമത്തിൽ സ്ഥാപിതമായിരിക്കുന്ന ആരാധനാമഠത്തിൽ, മാതാവിൻെറ സ്വർഗ്ഗാരോപണദിവസമായ ആഗസ്റ്റ് 15-ാംനു- ബുധനാഴ്ച ഉച്ചകഴിഞ്ഞു മൂന്നര മണിക്കു ആഘോഷമായ പാട്ടുകുർബാന നടത്തപ്പെട്ടു. ഒട്ടുവളരെ വിശ്വാസികൾ അതിൽ സംബന്ധിച്ചിരുന്നു.

**ആളൂർ:** സ്ഥലത്തുള്ള ലൂർദ്ദ് വില്ലയിൽവെച്ചു മുകുന്ദപുരം താലൂക്കിലെ വിവിധ ഹൈസ്കൂളുകളിൽപ്പെട്ട നൂറോളം സ്കൗട്ടംഗങ്ങളുടെ ഒരു ക്യാമ്പു് നടത്തിയിരിക്കുന്നു. അവർ വെട്ടുവഴികളുടെ കാനകൾ വൃത്തിയാക്കുക, വിവിധ ഫാക്ടറികൾ സന്ദർശിക്കുക മുതലായവയിൽ ഏർപ്പെട്ടു സാമൂഹികസേവനം നടത്തി. പഞ്ചായത്തു പ്രസിഡൻറു്, കമ്പനിമാനേജരന്മാർ മുതലായവർ വേണ്ട ഒത്താശകൾ ചെയ്തുകൊടുത്തു. ആഗ. 23-ാംനു- കൂടിയ സമാപനയോഗത്തിൽ റവ. ഫാ. ജെയിക്കബ് ചൊവ്വല്ലൂർ അദ്ധ്യക്ഷത വഹിച്ചു. സ്കൗട്ട് മാസ്റ്റർ ശ്രീ ബാലമേനോൻ, ശ്രീ ഏ. സി. റപ്പായി മുതലായവർ പ്രസംഗിച്ചു. ക്യാമ്പംഗങ്ങളുടെ വിവിധകലാപരിപാടികളുമുണ്ടായിരുന്നു. മുകുന്ദപുരം താലൂക്കു് സ്കൗട്ടുകമ്മീഷണർ ശ്രീ കെ. എൽ. ഔസേപ്പു്, ഇരിഞ്ഞാലക്കുട സ്കൗട്ടു അസോസിയേഷൻ സെക്രട്ടറി ശ്രീ അബ്രാഹം പാനിക്കുളം തുടങ്ങിയവർ ക്യാമ്പു സന്ദർശിക്കുകയുണ്ടായി.

**രാമപുരം:** സ്ഥലം എം. സി. എസ്. എൽ. സംഘടനയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 12-ാം തീയതി രാവിലെ 8 മണിക്കു കൂടിയ സമ്മേളനത്തിൽ ശ്രീ കെ. ജോസഫ് കോട്ടിരി എം. എ. അവർകൾ അദ്ധ്യക്ഷത വഹിച്ചു. അദ്ധ്യക്ഷൻ അവർകളും ശ്രീ ററി. ജെ. ജോസഫ് എം. എസ്സി. അവർകളും നിയോഗികമ്മിററി റിപ്പോർട്ടിനെ നിശിതമായി വിമർശിച്ചു പ്രസംഗിക്കുകയുണ്ടായി. പ്രതിഷേധപ്രമേയം ഐകകണ്ഠ്യേന പാസാക്കപ്പെട്ടു.

**നെയ്യശ്ശേരി:** സ്വാതന്ത്ര്യദിനവും സ്ഥലം സി. എസ്. ലീഗിൻെറ ദ്വിതീയ വാർഷികവും സംബന്ധിച്ച സംയുക്തസമ്മേളനം സാഹിത്യതിലകൻ സി. കെ: മററം അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കുമാരി മേരി സെബാസ്റ്റ്യൻ ബി. എ. ബി. ററി., ശ്രീ പി. കെ. ആൻറണി എം. എ., ബി. എൽ. എന്നിവർ പ്രസംഗിച്ചു. കായിക, സാഹിത്യമത്സരങ്ങളിൽ വിജയികളായവർക്കു സമ്മാനങ്ങൾ നൽകി. നിയോഗി കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിച്ചുള്ള പ്രമേയം വിദ്വാൻ വി. ജെ. ജോസഫ് ബി. എ. അവതരിപ്പിക്കുകയും ശ്രീ കെ. വി. സെബാസ്റ്റ്യൻ അതിനെ പിന്താങ്ങുകയും സഭ ഐകകണ്ഠ്യേനഅതു പാസാക്കുകയും ചെയ്തു. യോഗാനന്തരം സി. എസ്. ലീഗ് ഡ്രമാററിക്ക് ക്ലബിൻെറ വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു. ലീഗിൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്ന "കൈത്തിരി" എന്ന കൈയെഴുത്തു മാസികയുടെ അച്ചടിച്ച വാർഷികപ്പതിപ്പു തദവസരത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

**പാവറട്ടി:** സ്ഥലം മരിയാസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ാം തീയതി ബുധനാഴ്ച ഉച്ചതിരിഞ്ഞു 3 മണിക്കു റവ. ഫാ. മാത്യു തൈപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. യോഗത്തിൽ മിസ്സ് ജനോവ വർഗ്ഗീസ് ബി. എ., ബി. ററി. ഒരു പ്രസംഗം നടത്തി. യോഗാനന്തരം "കറണ്ട്




ന്യൂസ്" എന്ന ഒരു പ്രഹസനം വളരെ തന്മയത്വത്തോടുകൂടി അഭിനയിച്ചു.

**ഏങ്ങണ്ടിയൂർ:** ശ്രീ എം. എം. വക്കി, ബി. എ., ബി. ററി. അവർകളുടെ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 15-ാംനു- സെൻറു് തോമസ്പള്ളി അങ്ങാടിയിൽവച്ചു നടത്തപ്പെട്ട സമ്മേളനത്തിൽ സ്ഥലം സെൻറു് മേരീസ് വായനശാലയുടെ ഉൽഘാടനകർമ്മം ശ്രീ വിദ്വാൻ എ. ററി. ദേവസി അവർകൾ നിർവ്വഹിച്ചിരിക്കുന്നു.

**മരിയാപുരം:** "ബോസ്കോ ക്ലബി"ൻെറ ജനറൽബോഡിയോഗം ആഗസ്റ്റ് 19-ാംനു- റവ. ഫാ. വടക്കൻെറ അദ്ധ്യക്ഷതയിൽ കൂടുകയും ഫാദർ വടക്കനെ ടി ക്ലബിൻെറ ആദ്ധ്യാത്മികോപദേഷ്ടാവായി തിരഞ്ഞെടുക്കുകയുംചെയ്തു. കൂടാതെ ഡയറക്ടർ, പ്രസിഡൻറു്, സിക്രട്ടറി എന്നീ ഉദ്യോഗസ്ഥന്മാരേയും തിരഞ്ഞെടുത്തു. ടി യോഗത്തിൽ യുവജനങ്ങളുടെ ആദ്ധ്യാത്മികവും ലൗകികവുമായ അഭിവൃദ്ധിക്കുവേണ്ടിയുള്ള പല വിഷയങ്ങളെക്കുറിച്ചും ചർച്ചകൾ നടന്നു.

**നസ്രത്തു്:** സ്ഥലത്തെ കത്തോലിക്കാ സേവാസമാജത്തിൻെറ പ്രഥമവാർഷികം ആഗസ്റ്റ് 19-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്കു് നസ്രത്തുപള്ളി പരിസരത്തിൽവച്ചു ശ്രീ മാത്യു കൊള്ളന്നൂർ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ വിപുലമായ തോതിൽ കൊണ്ടാടുകയുണ്ടായി. യോഗത്തിൽ അനസ്താസിയ, പി എബ്രാഹം, മാത്യു എടമററം, കെ. എം. ജോസഫ് കത്തേടം എന്നിവർ പ്രസംഗിച്ചു.

**കൊളമ്പ്:** കേരളസിലോൺ കത്തോലിക്കാ അസോസ്യേഷൻെറ ആഭിമുഖ്യത്തിൽ വിശുദ്ധ തോമ്മാശ്ലീഹായുടെ ജൂബിലി മാസത്തിലെ തിരുനാൾ കുമ്പിനിത്തെരുവുപള്ളിയിൽ ആഗസ്റ്റ് 9-ാംനു- തുടങ്ങി 12-ാംനു- ആഘോഷപൂർവ്വം അവസാനിച്ചിരിക്കുന്നു. പ്രാർത്ഥനാഗാനം, ബാൻറു് മുതലായവയോടുകൂടി തെരുവീഥികളിലേക്കു പുറപ്പെട്ട പ്രദക്ഷിണത്തിൽ 1000 ത്തോളം ജനങ്ങൾ സംബന്ധിച്ചിരുന്നു. റവ. ഫാദർ ജോസഫ് പാറൽകുളങ്ങരയുടെ പ്രസംഗം ഇംഗ്ലീഷിലും മലയാളത്തിലും ഉണ്ടായിരുന്നു.

**കൊരട്ടി:** സ്ഥലത്തെ ശ്രീ പയ്യപ്പിള്ളി പൈലോതു് ഇട്ടീര അവർകളുടെ ഷഷ്ടിപൂർത്തിപ്രമാണിച്ചു് ആഗസ്റ്റ് 18-ാംനു- ശനിയാഴ്ച പള്ളിയിൽ പ്രത്യേകകർമ്മങ്ങളും അനവധി സാധുക്കൾക്കു് അന്നദാനവും നടത്തപ്പെട്ടു. പഞ്ചായത്തുമെമ്പർ, വില്ലേജ്കോർട്ടു ജഡ്ജി എന്നീ നിലകളിൽ ഇദ്ദേഹം അനേകകാലം പൊതുജനസേവനമനുഷ്ഠിച്ചിട്ടുണ്ടു്.

**തിരുമുടിക്കുന്നു്:** ഈ ഇടവക പാലാട്ടി കോരതു പോളച്ചനും പുളിങ്കുന്നുപള്ളിയിടവക പുത്തൻപുരക്കൽ ജോണിൻെറ മകൾ കുമാരി റോസമ്മയും തമ്മിലുള്ള വിവാഹം തിരുമുടിക്കുന്നു ചെറുപുഷ്പദേവാലയത്തിൽവച്ചു ആഗസ്റ്റ് 23-ാംനു- നടന്നിരിക്കുന്നു. റവ. ഫാ. ജോസഫ് എളങ്കുററിച്ചിറ വിവാഹകർമ്മം ആശീർവ്വദിച്ചു.

**കാവിട്ടു്:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ ദ്വിതീയവാർഷികം ഫാദർ ജോസഫ് വടക്കൻെറ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. തദവസരത്തിൽ എം. ടി. ജോണി ബി. എ. ഓണേഴ്സ് ഒരു പ്രസംഗംചെയ്തു. സഖ്യാംഗങ്ങളുടെ കലാപരിപാടികൾ യോഗത്തെ മോടിപിടിപ്പിച്ചു.

**ചെങ്ങാലൂർ:** ചെങ്ങാലൂർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ മാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനവുമായ ആഗസ്റ്റ് 15 പ്രമാണിച്ചു് അന്നുച്ചതിരിഞ്ഞു് 3-30 നു് ഒരു പൊതുയോഗംകൂടി. റവ. ഫാദർ എയിമാർഡു് ടി. ഒ. സി. ഡി. അദ്ധ്യക്ഷതവഹിച്ചു. പലരുടേയും പ്രസംഗങ്ങളുണ്ടായിരുന്നു. സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ "പാരിഷ് ലൈബ്രറി" എന്ന പേരിൽ ഒരു വായനശാല റവ. ഫാദർ എയിമാർഡ് അവർകൾ ഉൽഘാടനം ചെയ്യുകയുമുണ്ടായി.

**പുന്നവേലി:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സി. വൈ. എം. എ., മിഷൻലീഗ് എന്നിവയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15 സാഘോഷം കൊണ്ടാടിയിരിക്കുന്നു. അതുസംബന്ധിച്ചു കൂടിയ പൊതുയോഗത്തിൽ ശ്രീ ഇ. സി. ജോൺ ബി. എ. എൽ. ടി. ആദ്ധ്യക്ഷംവഹിച്ചു. ശ്രീ സെബാസ്റ്റ്യൻ പടിയറ, തോമസ് എഴിക്കാട്ടു് എന്നിവർ പ്രസംഗിച്ചു. അദ്ധ്യക്ഷനും പ്രാസംഗികരും നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പരാമർശിച്ചു. തുടന്നു പീലിപ്പോസ് ചെറിയാനിതോട്ടം നിയോഗിക്കമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിച്ചു് ഒരു പ്രമേയം അവതരിപ്പിച്ചു. യോഗം ഐകകണ്ഠ്യേന പാസാക്കി.

വില്പാനുണ്ടു്

കണ്ണൂരിലുള്ള സെൻറു് മൈക്കൾസ് ബോർഡിങ്ങ്ഹൗസ് കെട്ടിടങ്ങളും അതിൻെറ പരിസരങ്ങളും. ജീവിതസൗകര്യങ്ങൾ ധാരാളമുള്ള നല്ല രണ്ടുനില കെട്ടിടവും ആരോഗ്യപ്രദമായ പരിസരങ്ങളും. സ്ഥലം കത്തോലിക്കാ ദേവാലയത്തിനുസമീപം. വാങ്ങുവാനാഗ്രഹിക്കുന്നവർ, താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുക.

Rev. Fr. Headmaster
St. Michael's Anglo-Indian High School Cannanore
(N. Malabar)

# ചോദിച്ചാൽ പറയാം

6. ചോ: വിശ്വസിക്കേണ്ടതെല്ലാം വേദപുസ്തകത്തിലുണ്ടെന്നും, വേദപുസ്തകത്തിലില്ലാത്തതൊന്നും വിശ്വസിക്കേണ്ടെന്നും തിരുവെഴുത്തുകൾ പരിശോധിക്കുവാനാണു മിശിഹാതന്നെ പഠിപ്പിച്ചിരിക്കുന്നതെന്നും എന്റെ ഒരു സ്നേഹിതൻ വാദിക്കുന്നു. ഈ വാദം ശരിയാണോ? കെ. സി. കെ.

ഉ: വിശ്വസിക്കേണ്ടതെല്ലാം വേദപുസ്തകത്തിലുണ്ടെന്നും, വേദപുസ്തകത്തിലില്ലാത്തതൊന്നും വിശ്വസിക്കേണ്ടെന്നും, ക്രിസ്തുവാകട്ടെ, അപ്പസ്തോലന്മാരാകട്ടെ, ആദിമസഭാപിതാക്കന്മാരാകട്ടെ, പഠിപ്പിച്ചിട്ടില്ല. ക്രിസ്തു, താൻ പഠിപ്പിച്ചവ, എഴുതിവെക്കുവാനല്ല, ജനങ്ങളോടു പ്രസംഗിക്കുവാനാണു സ്വശിഷ്യന്മാരോടു ആവശ്യപ്പെട്ടതു്. "നിങ്ങൾ പോയി സകല ജാതികളോടും പ്രസംഗിച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്തായി 28, 19-20; മർക്കോ: 16, 15-16) "നിങ്ങളുടെ വാക്കു കേൾക്കുന്നവൻ എന്റെ വാക്കു കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നെയാകുന്നു നിരസിക്കുന്നതു്; എന്നെ നിരസിക്കുന്നവനോ എന്നെ അയച്ചവനെ നിരസിക്കുന്നു." (ലൂക്കാ 10, 16) എന്നും ക്രിസ്തു പഠിപ്പിച്ചിരിക്കുന്നു.

വിശ്വാസത്തിന്റെ ഏകാധാരം വേദപുസ്തകമായിരിക്കണമെന്ന് അപ്പസ്തോലന്മാരും പഠിപ്പിച്ചിട്ടില്ല. "ഞങ്ങളുടെ പ്രസംഗംമൂലം (ദൈവം) നിങ്ങളെ വിളിച്ചിരിക്കുന്നു...ആകയാൽ നിങ്ങൾ ഉറച്ചുനിൽക്കുകയും ഞങ്ങളുടെ വാക്കുമൂലമോ ലേഖനംമൂലമോ നിങ്ങൾ പഠിച്ചിട്ടുള്ള കല്പനകളെ മുറുകെപ്പിടിക്കുകയും ചെയ്യുവിൻ" 2 തെസ. II, 14-15) "എന്നിൽനിന്നു നീ കേട്ട ക്ഷേമകരങ്ങളായ വചനങ്ങൾ നിനക്കു മാതൃകയായിരിക്കട്ടെ. ആ നല്ല നിധി... നീ കാത്തുകൊള്ളുക." (2 തിമോ: I 13-14). "വളരെ സാക്ഷികൾ മുഖേന എന്നിൽനിന്നു കേട്ടവയെത്തന്നെ മററുള്ളവരെയും പഠിപ്പിക്കുവാൻ കഴിവുള്ള വിശ്വാസികളായ ആളുകളെ നീ ഭരമേല്പിക്കുക." (2 തിമോ: II 2) എന്നാണു വിശുദ്ധ പൗലോസ് ഉപദേശിക്കുന്നതു്. വിശുദ്ധ പൗലോസ് തിമോത്തെയോസിനോടു് ആവശ്യപ്പെടുന്നതു ദൈവവചനങ്ങൾ എഴുതിവെക്കുവാനല്ലാ, അതു മററുള്ളവരെ പഠിപ്പിക്കുവാൻ പ്രാപ്തന്മാരായ ആളുകളെ ഭരമേല്പിക്കുവാനാണു്.

ക്രിസ്തു തന്റെ അപ്പസ്തോലന്മാരോടും മററു ശിഷ്യന്മാരോടും ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി സുവിശേഷം പ്രസംഗിക്കുവാനാണ് ആവശ്യപ്പെട്ടതു്. അതനുസരിച്ച് അവർ പ്രവർത്തിക്കുകയും ചെയ്തു. അവരിൽ വളരെ ചുരുക്കംപേർ മാത്രമേ, പരിതസ്ഥിതികളുടെ ആവശ്യമനുസരിച്ച് ചിലതു രേഖപ്പെടുത്തിവെച്ചിട്ടുള്ളു. അങ്ങനെ രേഖപ്പെടുത്തിയവരിൽ ഒരാളായ വിശുദ്ധ യോഹന്നാൻ പറയുന്നു: "ഈശോ ചെയ്ത മററു പലതുംകൂടിയുണ്ടു്. അവ ഓരോന്നും എഴുതപ്പെട്ടിരുന്നുവെങ്കിൽ എഴുതപ്പെട്ടിരുന്ന ആ പുസ്തകങ്ങൾക്കു ലോകംതന്നെയും മതിയാകയില്ലായിരുന്നുവെന്നു ഞാൻ കരുതുന്നു." (യോഹ: 21, 25). ക്രിസ്തു പഠിപ്പിച്ചവയെല്ലാം വേദപുസ്തകത്തിലില്ലെന്നുള്ളതിനു ഇതു അനിഷേദ്ധ്യമായ ഒരു തെളിവാണല്ലോ.

ഇന്നു വേദപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പുസ്തകങ്ങൾ എഴുതപ്പെട്ട കാലത്തു് അവ ഇങ്ങനെ ക്രോഡീകരിച്ചു ഒരു പുസ്തകമാക്കിത്തീർക്കുമെന്നു അതിന്റെ കർത്താക്കന്മാരിൽ ആരെങ്കിലും ഊഹിച്ചിരുന്നെന്നുപോലും തോന്നുന്നില്ല. അവയിൽ പലതും രചിക്കപ്പെട്ടതു മററു ഗ്രന്ഥങ്ങളുണ്ടെന്നുള്ള അറിവുകൂടാതെയാണു്. ആകയാൽ അവയുടെ കർത്താക്കൾ അവയെ വിശ്വാസത്തിനു് ഏകാധാരമായി കണക്കാക്കിയിരുന്നെങ്കിൽ ഓരോന്നുംസ്വയംപൂർണ്ണങ്ങളാക്കുവാൻ ശ്രമിക്കുമായിരുന്നു. അവയുടെ പ്രതികൾ ധാരാളമെടുക്കത്തക്കവണ്ണം അച്ചടിയന്ത്രം കണ്ടുപിടിക്കുന്നതുവരെ, വിശ്വാസികൾ ബഹുഭൂരിപക്ഷത്തിനും വേദപുസ്തകം ലഭിക്കുക സാദ്ധ്യമായിരുന്നില്ല.

ആദിമനൂററാണ്ടുകളിൽ അപ്പസ്തോലന്മാരുടെയും ശിഷ്യന്മാരുടെയും പേരിൽ അനേകം പുസ്തകങ്ങളുണ്ടായിട്ടുണ്ടു്. അവയിലും അവശ്യം വിശ്വസിക്കേണ്ട കാര്യങ്ങൾ ചിലതു അടങ്ങിയിട്ടുള്ളതായി കാണാം. ആ ഗ്രന്ഥങ്ങളും വേദപുസ്തകശേഖരത്തിൽ ഉൾപ്പെടേണ്ടതല്ലേ? പക്ഷെ അവ ദൈവനിവേശിതങ്ങളല്ലെന്നുള്ള കാരണത്താലാണു വേദപുസ്തകത്തിൽ ഉൾപ്പെടുത്താത്തതു്. ഇന്നയിന്ന പുസ്തകങ്ങൾ കൂടുന്നതാണു വേദപുസ്തകമെന്നു അതിൽ ഒരിടത്തും പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു്, കൃത്രിമങ്ങളേവയാണെന്നു എങ്ങനെ കണ്ടുപിടിക്കുവാൻ സാധിക്കും? ഇന്നു വേദപുസ്തകത്തിലുൾപ്പെടുത്താതിരിക്കുന്നവ കൃത്രിമങ്ങളാണെന്നും സ്വീകാര്യങ്ങളല്ലെന്നും തീരുമാനിച്ചതു്, വിധിച്ചതു്, സഭയാണു്. സഭ ഇങ്ങനെ വിധിക്കാതിരുന്നുവെങ്കിൽ ആ കൃത്രിമഗ്രന്ഥങ്ങളും ദൈവനിവേശിതങ്ങളായി സ്വീകരിക്കേണ്ടിവരുമായിരുന്നു. വേദപുസ്തകത്തെക്കാൾ പരമമായ ഒരു അധികാരം സഭയ്ക്കുണ്ടെന്നല്ലേ അതു തെളിയിക്കുന്നതു്?

"നിങ്ങൾ തിരുവെഴുത്തുകൾ പരിശോധിക്കുവിൻ" (യോഹ: V 39) എന്നു ക്രിസ്തു പറഞ്ഞിട്ടുള്ളതു പഴയനിയമത്തെക്കുറിച്ച് യൂദന്മാരോടാണു്. പഴയനിയമഗ്രന്ഥങ്ങൾ പരിശോധിച്ചാൽ തന്നെക്കുറിച്ച് അതിൽ സാക്ഷിപ്പെടുത്തിയിരിക്കുന്നതായി കാണാമെന്നാണു ക്രിസ്തു പറയുന്നതു്. യഹൂദന്മാർ അവ വായിച്ചിട്ടും ആ സാക്ഷ്യങ്ങൾ കണ്ടെത്തുക ഉണ്ടായില്ല; അതുകൊണ്ടാണല്ലോ അവർ അവിടുത്തെ വധിച്ചതു്. "നിത്യജീവൻ അടങ്ങിയിരിക്കുന്ന ഗ്രന്ഥങ്ങൾ" തന്നെ വായിച്ചാലും കാര്യം മനസ്സിലാക്കുന്നതിനു് ഒരു വ്യാഖ്യാതാവു് ആവശ്യമാണെന്നല്ലേ യൂദന്മാരുടെ അനുഭവം തെളിയിക്കുന്നതു്? അതുകൊണ്ടുകൂടിയാണു നമ്മുടെ രക്ഷകൻ തന്റെ സത്യങ്ങൾ എഴുതിവെക്കുവാൻ ശ്രമിക്കാതെ, അവ നമ്മെ പഠിപ്പിക്കുന്നതിനു് ഒരു സഭയെ സ്ഥാപിച്ചതു്.

"സഭയോടു പറയുക; സഭയുടെ വാക്കു കേൾക്കാതിരിക്കുന്നവൻ നിനക്കു അജ്ഞാനിയും ചുങ്കക്കാരനുംപോലെയായിരിക്കട്ടെ" (മത്താ: 18, 17) എന്നു നമ്മുടെ കർത്താവുതന്നെ അരുളിച്ചെയ്തിട്ടുണ്ടു്. സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന ഈ പരമാധികാരം നിഷേധിക്കുന്നതിനുവേണ്ടി ലൂഥർ കണ്ടുപിടിച്ച ഒരു അടവാണു വിശ്വാസത്തിന്റെ ആധാരം വേദപുസ്തകംമാത്രമാണെന്നും, ഓരോരുത്തനും ഇഷ്ടംപോലെ വേദപുസ്തകം വ്യാഖ്യാനിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്നുമുള്ളതു്. അതിന്റെ ഫലമോ, ലൂഥറിന്റെകാലത്തുതന്നെ, അദ്ദേഹത്തിന്റെ അനുയായികൾ പല സഭകളുടെ സ്ഥാപകന്മാരായിത്തീർന്നുവെന്നതാണു്.

For favours received



Inserted by
K. V. Job
Kaitharathu, Changanacherry

7. ചോ: മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾകൊണ്ടു എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്നു വേദപുസ്തകത്തിൽനിന്നു തെളിയിക്കാമോ? വേദപുസ്തകത്തിൽ ഇല്ലാത്തതൊന്നും ഞാൻ വിശ്വസിക്കുകയില്ല. കെ. സി. കെ.

ഉ: വേദപുസ്തകത്തിൽ ഇല്ലാത്തതൊന്നും വിശ്വസിക്കുകയില്ലായെന്ന നിലപാടു തെററാണെന്നു മുകളിലത്തെ ചോദ്യത്തിന്റെ ഉത്തരത്തിൽനിന്നുതന്നെ വെളിവാണല്ലോ. എന്നുമാത്രമല്ല വേദപുസ്തകം അംഗീകരിക്കുന്ന ഒരാൾ, "നിങ്ങൾ (സഭ) ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും" (മത്താ: 18, 18) എന്ന വേദപുസ്തകവാക്യവും അംഗീകരിക്കണമല്ലോ. സ്വർഗ്ഗത്തിലും കെട്ടപ്പെടുന്ന ഒരു കെട്ട് സഭ കെട്ടാതെ നോക്കേണ്ടതു വേദപുസ്തകത്തെക്കാൾ പ്രധാനമാണെന്നു ഇതിൽനിന്നു വ്യക്തമാകുന്നു.

സഭ ആരംഭകാലംമുതൽ പഠിപ്പിച്ചുപോരുന്ന ഒരു സത്യമാണു് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതുകൊണ്ടു് പ്രയോജനമുണ്ടെന്നുള്ളതു്. അശുദ്ധമായ യാതൊന്നും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്നു വേദപുസ്തകത്തിൽതന്നെ പറഞ്ഞിട്ടുണ്ടു് (വിജ്ഞാനം VII 2?, വെളിപാടു് XXI, 27) അതേസമയം പാപങ്ങൾ ക്ഷമിക്കപ്പെടുന്ന "വരുവാനിരിക്കുന്ന ഒരു ലോകം" ഉണ്ടെന്നു നമ്മുടെ കർത്താവു പഠിപ്പിക്കുന്നു. "ആരെങ്കിലും മനുഷ്യപുത്രനു വിരോധമായി ഒരു വാക്കു പറഞ്ഞാൽ അതു അവനോടു ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനു വിരോധമായി പറയുന്ന ഒരുത്തനോടും ഈ ലോകത്തിലാകട്ടെ, വരുവാനിരിക്കുന്ന ലോകത്തിലാകട്ടെ ക്ഷമിക്കപ്പെടുകയില്ല" (മത്താ: XII, 32) പാപങ്ങൾ ക്ഷമിക്കപ്പെടുന്ന "വരുവാനിരിക്കുന്ന ഈ ലോകം" ശുദ്ധീകരസ്ഥലമാണെന്നു വിശുദ്ധ ആഗസ്തീനോസ്, മഹാനായ വിശുദ്ധ ഗ്രിഗറി, ഒരിജൻ, വിശുദ്ധ ജറോം, വിശുദ്ധ അംബ്രോസിസ് മുതലായ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു.

ആദിമനൂററാണ്ടുകളിലെ സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നു മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു അപ്പസ്തോലികകാലംമുതലുള്ള ഒരു നടപടിയാണെന്നു മനസ്സിലാക്കാവുന്നതാണു്. ചരമവാർഷികദിനങ്ങളിൽ ദിവ്യപൂജ സമർപ്പിക്കുന്ന സമ്പ്രദായത്തെപ്പററി തെർത്തുല്യൻ പ്രസ്താവിക്കുന്നുണ്ടു്. തിയോഡോഷ്യസ് ചക്രവർത്തിയെപ്പററി വിശുദ്ധ അംബ്രോസിസ് ചെയ്ത ചരമപ്രസംഗത്തിൽ, അദ്ദേഹത്തിന്റെ ആത്മാവു് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതുവരെ, അദ്ദേഹത്തിനുവേണ്ടിയുള്ള പ്രാർത്ഥനയിൽനിന്നു താൻ വിരമിക്കുന്നതല്ലെന്നു പ്രസ്താവിച്ചിരിക്കുന്നു. മരിച്ചുപോയ ആരുടെ ആത്മാവുകൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുവോ അവർക്കു അതുകൊണ്ടു വളരെ സഹായം ലഭിക്കുന്നതാണെന്നു് ഓർശ്ലേമിലെ വിശുദ്ധ കൂറില്ലോസും, പരേതർക്കുവേണ്ടി നടത്തപ്പെടുന്ന പ്രാർത്ഥനകളും അപേക്ഷകളും ദാനധർമ്മങ്ങളും നിഷ്ഫലങ്ങളാകയില്ലെന്നു വിശുദ്ധ യോഹന്നാൻ ക്രിസോസ്തോമും പ്രസ്താവിക്കുന്നു.

ഏതാണ്ടു് ഇതേരീതിയിൽതന്നെ വേദപുസ്തകത്തിലും നാം വായിക്കുന്നു. യൂദാ മക്കബായസ് ഇദുമേയാഗവർണ്ണരായ ഗോർജിയാസിനെ തോല്പിച്ചശേഷം യുദ്ധത്തിൽ വധിക്കപ്പെട്ട യൂദന്മാരെ സംസ്കരിക്കുന്നതിലേർപ്പെട്ടു. അവരിൽ ചിലർ നിയമവിരുദ്ധമായി വിഗ്രഹങ്ങളിൽ ചാർത്തപ്പെട്ടിരുന്ന വസ്തുക്കൾ അപഹരിച്ചിരിക്കുന്നതായി കാണപ്പെട്ടു. ഉടനെ യൂദായും അനുചരന്മാരും അവർക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും, അനന്തരം ധനശേഖരം നടത്തി പന്തീരായിരം ദ്രാക്മാ നാണയം ആ മരിച്ചവരുടെ പാപങ്ങൾക്കു പരിഹാരമായി ബലിസമർപ്പിക്കുന്നതിലേക്കു ഓർശ്ലേമിലേക്കു അയച്ചുകൊടുക്കുകയും ചെയ്തു. തുടർന്നു ആ വിശുദ്ധ ഗ്രന്ഥത്തിന്റെ കർത്താവു പറയുന്നു: "ആകയാൽ മരിച്ചവർ അവരുടെ പാപങ്ങളിൽനിന്നു മോചിക്കപ്പെടുന്നതിനായി അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു പരിശുദ്ധവും നല്ലതുമായ ഒരു സംഗതിയാകുന്നു." (2 മക്ക: XI 46)

"മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു പരിശുദ്ധവും നല്ലതുമായ ഒരു സംഗതിയാണെ"ന്നു പറഞ്ഞിരിക്കുന്നതു വേദപുസ്തകത്തിലാണു്. അതുതന്നെയാണു സഭയുടെ പഠനവും പാരമ്പര്യവും.

# പ്രദക്ഷിണം

[ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.]

നാലാം നൂററാണ്ടിലാണു് പ്രദക്ഷിണത്തിന്റെ ആവിർഭാവം. അതിന്റെ ഉത്ഭവത്തിനു പ്രധാനമായി മൂന്നു കാരണങ്ങളുണ്ടു്. 1) സഭയുടെ ആരംഭകാലങ്ങളിൽ ക്രിസ്ത്യാനികളല്ലാത്ത റോമൻ ചക്രവർത്തികളിൽനിന്നും മതപീഡനങ്ങളുണ്ടായി. ക്രിസ്ത്യാനികളിൽ വളരെപ്പേർ രക്തസാക്ഷികളായി ജീവത്യാഗംചെയ്തു. മതപീഡനം അവസാനിച്ചു സമാധാനം ഉദയംചെയ്തപ്പോൾ രക്തസാക്ഷികളായി മരിച്ചവരുടെ ശരീരാവശിഷ്ടങ്ങളെ അന്വേഷിച്ചു കണ്ടെത്തി. പ്രസ്തുത തിരുശേഷിപ്പുകൾ ആഘോഷപൂർവ്വം എഴുന്നള്ളിച്ചു ദൈവാലയത്തിലേക്കു കൊണ്ടുപോകുക പതിവായിരുന്നു. 2) ആപത്തുകൾ നേരിടുമ്പോൾ രക്തസാക്ഷികളുടെയോ വിശുദ്ധരുടെയോ കബറിടങ്ങളിലേക്കു വിശ്വാസികൾ കൂട്ടമായി പ്രാർത്ഥിച്ചും സംഗീതം ആലപിച്ചും പ്രദക്ഷിണം നടത്തുക പതിവായിരുന്നു. 3) തിരുസ്സഭയുടെ ആരംഭകാലത്തു മെത്രാൻ മാത്രമേ ദിവ്യബലി അർപ്പിച്ചിരുന്നുള്ളു. വൈദികർ അദ്ദേഹത്തിനു ശുശ്രൂഷ ചെയ്തിരുന്നു. ഇപ്രകാരം ദിവ്യബലിയർപ്പണത്തിനു പുറപ്പെടുന്ന വൈദികമേലദ്ധ്യക്ഷനെ വൈദികരും വിശ്വാസികളുംകൂടി മെത്രാസനമന്ദിരത്തിൽനിന്നും ആഘോഷപൂർവ്വം കുർബാനചൊല്ലേണ്ട ദൈവാലയത്തിലേക്കു കൊണ്ടുപോയിരുന്നു. മേല്പറഞ്ഞ മൂന്നു സംഗതികളാണു് തിരുസ്സഭയിൽ പ്രദക്ഷിണം ആരംഭിക്കുന്നതിനു കാരണമായിട്ടുള്ളതു്.

കൂടാതെയും ഇപ്പോൾ ദൈവാലയങ്ങളിൽ നടത്തുന്ന പ്രദക്ഷിണങ്ങളുടെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായി കാണാവുന്നതാണു്. ഉദാഹരണമായി ദാവീദുദീർഘദർശി വാഗ്ദത്തപെട്ടകം ആഡംബരമായി കുഴൽ, കിന്നരം, തമ്പേർ മുതലായവസഹിതം പ്രദക്ഷിണമായി എഴുന്നള്ളിച്ചുവെന്നും, സ്ലീമോൻ രാജാവു് താൻ പണിയിച്ച മനോഹരദൈവാലയത്തിലേക്കു വാഗ്ദത്തപെട്ടകം ആഘോഷമായി കൊണ്ടുപോയിയെന്നും രാജാക്കളുടെ പുസ്തകത്തിൽ നാം വായിക്കുന്നു. കൂടാതെ ഫറവോൻരാജാവിന്റെ അടിമത്തത്തിൽനിന്നുംരക്ഷപ്പെട്ട ഇസ്രായേൽക്കാർക്കു വഴികാട്ടിയായി നടന്ന മേഘത്തൂണിനേയും അഗ്നിസ്തംഭത്തേയും അനുഗമിച്ചു ഇസ്രായേൽക്കാർ നടത്തിയ യാത്രയും ദീർഘദർശി മൂശ അമലേക്കാരായ ശത്രുക്കളോടു യുദ്ധംചെയ്യുന്നതിനു ഇസ്രായേൽ സൈന്യത്തെ നയിച്ചുനടത്തിയ യാത്രയും നമ്മുടെ ഇപ്പോഴത്തെ പ്രദക്ഷിണങ്ങളുടെ മുൻരൂപങ്ങളാണു്. വാഗ്ദത്തപെട്ടകത്തിന്റെ സ്ഥാനം വഹിക്കുന്നതു് ഇപ്പോൾ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ ഉപയോഗിക്കുന്ന അരുളിക്കായും വിശുദ്ധരുടെ തിരുശ്ശേഷിപ്പുകളുമാണു്. മേഘത്തൂണും അഗ്നിസ്തംഭവും ഇസ്രായേൽജനത്തിനുമുമ്പിൽ നടന്നതുപോലെ ഇപ്പോഴുള്ള പ്രദക്ഷിണത്തിൽ കുരിശും തിരിക്കാലുകളും സ്ഥാനംപിടിക്കുന്നു.

നമ്മുടെ പള്ളികളിൽ വിശുദ്ധരുടെ തിരുനാളാഘോഷത്തിനു

ദേവാലയങ്ങളിലേക്കു പോകുമ്പോൾ
വർണ്ണോജ്ജ്വലമായ
വസ്ത്രങ്ങൾ ഒരലങ്കാരമാണ്
എല്ലാവിധ തുണിത്തരങ്ങൾക്കും
ഫാഷൻ ഫാബ്രിക്സ്
മുൻസിപ്പൽ ഓഫീസ് റോഡ്,
തൃശൂർ

പ്രദക്ഷിണം ഒരു പ്രധാനചടങ്ങായിത്തീർന്നിട്ടുണ്ട്. വിശുദ്ധരോടുള്ള സ്നേഹബഹുമാനങ്ങളെ ബാഹ്യമായി പ്രകടിപ്പിക്കുന്നതിനുള്ള ഒരു ചടങ്ങായി ഇതു് നടത്തുമ്പോൾ അതിൽ സംബന്ധിക്കുന്ന വിശ്വാസികൾക്കു അനേകം സച്ചിന്തകളുണ്ടാകുവാൻ പാടുണ്ട്. എന്നാൽ മിക്കസ്ഥലങ്ങളിലും ഈ പ്രദക്ഷിണം മതഭക്തിയും വിശ്വാസചൈതന്യവും വളർത്തുന്നതിനുപകരം ഇല്ലാതാക്കുകയാണെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. മദ്യപാനികളായ ഇടവകക്കാർ രൂപക്കൂടുകൾ വഹിച്ചുകൊണ്ടു് കാണിക്കുന്ന ഗോഷ്ടികൾ അക്രൈസ്തവരെപ്പോലും ചിലപ്പോൾ അമ്പരപ്പിക്കുന്നുണ്ട്. എന്നാൽ ഫാത്തിമാ, ലൂർദ്ദ് മുതലായ സ്ഥലങ്ങളിൽ 1950-ലെ ജൂബിലിവർഷത്തിൽ എല്ലാദിവസവും ദിവ്യകാരുണ്യപ്രദക്ഷിണവും ജപമാലപ്രദക്ഷിണവും മതാത്മകമായ അച്ചടക്കത്തോടും ആചാരോപചാരങ്ങളോടുംകൂടിയാണു് നടത്തിയിരുന്നതു് എന്നതിനു് ഈ ലേഖകൻ ദൃക്സാക്ഷിയാണു്. ദിവ്യകാരുണ്യപ്രദക്ഷിണം ഉച്ചകഴിഞ്ഞു് നാലുമണിക്കു തുടങ്ങുന്നു. ഒരു മെത്രാനായിരിക്കും വിശുദ്ധകുർബാന എഴുന്നള്ളിച്ചുവച്ചിരിക്കുന്ന അരുളിക്കാ വഹിക്കുന്നതു്. പ്രദക്ഷിണത്തിന്റെ അവസാനം മെത്രാൻ അരുളിക്കാകൊണ്ടു് കുരിശടയാളത്തിൽ വാഴ്വു കൊടുക്കുന്നു. ആ സമയവും സ്ഥലം വിട്ടുകഴിഞ്ഞും രോഗികൾ സുഖംപ്രാപിക്കുന്നു. ഏതൊരു സന്ദർശകന്റെയും ഹൃദയത്തെ ഇളക്കുന്നതാണു് രാത്രിയിൽ എട്ടുമണിക്കു തുടങ്ങുന്ന ജപമാലപ്രദക്ഷിണം. അമ്പതിനായിരത്തിൽ കുറയാതെ വിശ്വാസികൾ ഒരുകൈയിൽ ജപമാലയും മറേറകൈയിൽ പലനിറത്തിലുള്ളതും മാതാവിന്റെ സ്തുതിപ്പുകൾ (ലുത്തനിയാ, എത്രയുംദയയുള്ളമാതാവേ, രാജകന്യകേ എന്നിവ ഗാനരൂപത്തിൽ) അച്ചടിച്ചിട്ടുള്ളതുമായ കടലാസുകൊണ്ടുണ്ടാക്കിയ വിളക്കിനകത്തു കത്തിച്ച തിരിയുംപിടിച്ചു് ഈ പ്രദക്ഷിണത്തിൽ സംബന്ധിക്കുന്നു. ഇവരെല്ലാവരുംകൂടി ഒരേസ്വരത്തിൽ മേല്പറഞ്ഞ സ്തുതിപ്പുകൾ പാടുകയും പ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നതു മതചൈതന്യം വർദ്ധിപ്പിക്കുന്നതിനുതകുന്നു. നമ്മുടെ ദേശത്തു ദിവ്യകാരുണ്യപ്രദക്ഷിണവും ജപമാലപ്രദക്ഷിണവും നടത്തുമ്പോൾ ജനങ്ങളെ അണിയായിനിറുത്തുന്നതിനു വൈദികരും കന്യാസ്ത്രീകളും സംഘടനാംഗങ്ങളും വ്യാപൃതരാകുന്നു. എന്നാലും ശരിയായ ക്രമീകരണം നടപ്പാകുകയില്ല. എന്നാൽ ഫാത്തിമായിലും ലൂർദ്ദിലും ഇപ്രകാരമുള്ള ആളുകൾ ആവശ്യമില്ല. പ്രദക്ഷിണസമയമാകുമ്പോൾ. പുരുഷന്മാർ ഒരുവശത്തും സ്ത്രീകൾ മറുവശത്തും പൊക്കമനുസരിച്ചു സ്ഥലംപിടിച്ചുകഴിയും. പ്രാർത്ഥനയുടെ ശബ്ദമല്ലാതെ വേറെ യാതൊരു സ്വരവും അവിടെ കേൾക്കാറില്ല. പ്രദക്ഷിണസമയം കൊടി, കുരിശു് മുതലായവ വഹിക്കുന്നതു് ഉദ്യോഗസ്ഥന്മാരും അവരുടെ മക്കളുമാണു്. എന്നാൽ നമ്മുടെ പള്ളിയിൽനടക്കുന്ന പ്രദക്ഷിണത്തിൽ കൊടികൾ പിടിക്കുന്നതിനു കുഞ്ഞുമക്കൾമുമ്പോട്ടുവരുന്നില്ല. കോൺഗ്രസ് ജാഥയിലോ, കമ്മ്യൂണിസ്റ്റ് ജാഥയിലോ കൊടികൾ പിടിക്കുവാൻ കുഞ്ഞുമക്കൾക്കു യാതൊരു മടിയുമില്ല. അതുപോലെ കുരിശോ രൂപക്കൂടോ വഹിക്കുന്നതിനു യുവാക്കന്മാർ മുമ്പോട്ടുവരുന്നില്ല. തന്മൂലം അർദ്ധനഗ്നരായിവരുന്ന സാധുക്കളെയാണു് ആ ജോലിക്കു ഏർപ്പെടുത്തുന്നതു്. ഇതിനു കാരണമെന്തു്? പ്രദക്ഷിണത്തിന്റെ മാഹാത്മ്യത്തെപ്പററി മാതാപിതാക്കന്മാർ മക്കളോടു പറയാത്തതുകൊണ്ടാണു്. തിരുസ്വരൂപങ്ങൾ വഹിക്കുന്നവരെ അതേരൂപങ്ങളാൽ അനുസ്മരിക്കപ്പെടുന്ന വിശുദ്ധൻ അഥവാ വിശുദ്ധ അവസാനദിവസം സ്വർഗ്ഗത്തിലേക്കു നയിക്കുമെന്നും ദൈവത്തിന്റെ മുമ്പാകെ അവർക്കുവേണ്ടി വാദിക്കുമെന്നും കുട്ടികൾക്കു പറഞ്ഞുകൊടുക്കണം. ഒരു പ്രദക്ഷിണസമയം തിരുസ്വരൂപങ്ങളുടെ മുമ്പാകെ വളരെ ആളുകൾ കൂടിയിരിക്കുന്നതായി സങ്കല്പിക്കുക. അതുപോലെ എല്ലാവരും വിശുദ്ധരോടുകൂടി സർവ്വേശ്വരന്റെ മുമ്പിൽ ജോസഫാത്തു് താഴ്‌വരയിൽ പൊതുവിധിദിവസം ഒന്നിച്ചുകൂടും. അപ്പോൾ ഭൂമിയിൽ തിരുനാൾപ്രദക്ഷിണസമയം നിർജ്ജീവമായി കാണപ്പെട്ടിരുന്ന പരി. കന്യകാമറിയത്തിന്റേയും വിശുദ്ധ സെബസ്ത്യാനോസിന്റേയും മററും തിരുസ്വരൂപങ്ങൾ ശരീരവും ആത്മാവും സ്വീകരിച്ചവരായി നമുക്കു പ്രത്യക്ഷപ്പെടും. ഓരോ വിശുദ്ധരും അവർക്കിഷ്ടപ്പെട്ടവരെ ദൈവസന്നിധിയിലേക്കു മാററിനിറുത്തും. പരി. കന്യകമറിയം നീതിവിധിയാളനായ അവിടുത്തെ ഈശോ മകനെനോക്കി പറയും "പ്രിയ മകനേ, ഇയാൾ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ കത്തോലിക്കാ കുടുംബജീവിതത്തിന്റെ മാഹാത്മ്യം മനസ്സിലാക്കി ജീവിക്കുകയും എനിക്കേററമിഷ്ടമുള്ള ഉത്തരീയവും ജപമാലയും ഉപയോഗിക്കുന്നതിൽ ഇയാളും കുടുംബാംഗങ്ങളും ശ്രദ്ധപതിക്കുകയും തിരുനാൾ പ്രദക്ഷിണങ്ങളിൽ എന്റെ സ്വരൂപമിരിക്കുന്ന രൂപക്കൂടുവഹിക്കുന്നതിനു പ്രത്യേകം ഉത്സാഹിക്കുകയും ചെയ്തിരുന്നതിനാൽ നിന്റെ ഭവനത്തിൽ ഇവരേയും പ്രവേശിപ്പിച്ചാലും" വിശുദ്ധ സെബസ്ത്യാനോസ് ഇപ്രകാരം പറയും: "ഞാൻ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ സഭയ്ക്കും സമുദായത്തിനും വേണ്ടി ഞാൻ എത്രമാത്രം ബുദ്ധിമുട്ടിയോ അതുപോലെ ഈ യുവാക്കന്മാർ അവരുടെ ഭൂമിയിലെ വാസകാലത്തു മതപ്രചരണത്തിനും മതസംരക്ഷണത്തിനും വേണ്ടി പ്രസംഗിക്കുകയും, നിരീശ്വരപ്രസ്ഥാനങ്ങൾക്കെതിരായി ഗ്രന്ഥങ്ങൾ രചിക്കുകയും, എന്റെ തിരുനാൾദിവസം അവിടുത്തേയും എന്റേയും മററു വിശുദ്ധരുടേയും തിരുസ്വരൂപക്കൂടുകൾ വഹിക്കുകയും ചെയ്തതിനാൽ ഇവരേയും മോക്ഷത്തിൽ പ്രവേശിപ്പിച്ചാലും" ഇതുപോലെ ഏതൊരു വിശുദ്ധന്റേയോ വിശുദ്ധയുടേയോ സ്തുതിക്കുവേണ്ടി എന്തെങ്കിലും നാം ഈ ലോകത്തിൽ ചെയ്തിട്ടുണ്ടെങ്കിൽ ആ പുണ്യാത്മാക്കൾ നമ്മെ അവസാനം കൈവെടിയുകയില്ല.

—o—

വി. പത്താംപീയൂസിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

ടി. എ. ചാക്കൊ,
തൈപ്പറമ്പിൽ

(11-ാംപേജ് തുടർച്ച)

മറെറാരു പരിചാരിക ആഹ്ളാദപൂർവ്വം പറഞ്ഞു: "അവൾ തന്റെ കെട്ടുകളും തോൽവാറുകളും ഗ്രോട്ടോയിൽ വച്ചിട്ടുണ്ട്. മററു രോഗികളെല്ലാം സന്തോഷചിത്തരായിത്തീർന്നു. ഈ ഒരു പെൺകുട്ടിക്കുവേണ്ടി അവരെല്ലാം രാത്രിയും പകലും പ്രാർത്ഥിക്കുകയായിരുന്നു. ഞങ്ങൾക്കു കിട്ടിയ രോഗികളിൽ ഏററവും മൂർദ്ധന്യത്തിലെത്തിയതു് അവളുടെ രോഗമായിരുന്നു."

2. അവൾ പറഞ്ഞതു ശരിയാണു്. തങ്ങളുടെതന്നെ രോഗശാന്തി നിഷേധിക്കപ്പെട്ടു് ആംബുലൻസിൽ കിടക്കുന്ന രോഗികളിൽ അല്പംപോലും അസൂയയോ നിരാശയോ ദൃശ്യമായിരുന്നില്ല. ആ വലിയ ഭോജനശാലയിൽ എല്ലായിടത്തും തങ്ങളുടെ സുഹൃത്തിനു ലഭിച്ച ഭാഗ്യത്തിൽ സന്തുഷ്ടങ്ങളായ വദനങ്ങളും തിളങ്ങുന്ന കണ്ണുകളും വിജയദ്യോതകമായ പുഞ്ചിരികളും മാത്രമേ കാണാനുണ്ടായിരുന്നുള്ളു. ഇതു ഇഷ്ടപ്പെടുകയും ഓത്തിരിക്കുകയും ചെയ്യേണ്ട ഒരു സംഗതിയാണു്; എന്തെന്നാൽ ഈ മുഖങ്ങളിൽ ദൃശ്യമാകുന്ന ആനന്ദം, ഈ മുറിയിൽ പ്രസരിക്കുന്ന ചൈതന്യം, വർണ്ണനാതീതമായിട്ടുള്ളതാകുന്നു.

രോഗശാന്തി ലഭിക്കാത്തവർ തങ്ങളുടെ തീർത്ഥയാത്രയെ അശാന്തമായ ഒരു ദുരന്തമായി പരിഗണിക്കുമെന്നു നമുക്കു തോന്നിയേക്കാം. പക്ഷെ യാഥാർത്ഥ്യം നേരെ എതിരാണു്. ലൂർദ്ദിൽവച്ചു് ഒരു പുതിയ പ്രത്യാശയും, തങ്ങളുടെ ഭാരങ്ങൾ വഹിക്കുന്നതിനുള്ള ഒരു പുതിയ ശക്തിയും അവർ കണ്ടെത്തുന്നതായി കാണപ്പെടുന്നു. ചില രോഗികൾ നിരാശരും മാത്സരികളുമായിട്ടാണു വീട്ടിലേക്കു മടങ്ങുന്നതെന്നതു ശരിതന്നെ. പക്ഷെ അവരും തങ്ങൾക്കു നിഷേധിക്കപ്പെട്ട രോഗശാന്തിക്കുവേണ്ടി മനോദാർഢ്യതയോടുകൂടി പ്രത്യാശിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ളവർ വളരെ ചുരുക്കമാണു്.

ക്ഷീണിച്ചും വേദനകൊണ്ടു വലഞ്ഞും ക്ലേശകരമായ ആ യാത്ര ചെയ്യുവാൻ ശക്തിയില്ലാതെയും തങ്ങളുടെ രോഗത്തെപ്പററി പരാതിപ്പെട്ടും, തങ്ങൾക്കും തങ്ങളെ കൊണ്ടുവരുന്ന മററുള്ളവർക്കും ഒരു ഭാരമായിരിക്കത്തക്കവിധം ദൈവം എന്തുകൊണ്ടു തങ്ങളെ ഇങ്ങനെ പീഡിപ്പിക്കുന്നുവെന്നു അത്ഭുതപ്പെട്ടുമാണു് അവർ ലൂർദ്ദിലേക്കു വരുന്നതു്. ലൂർദ്ദുസ്റ്റേഷനിൽവച്ചു് അവരിൽ ഏററവും താണവരും,




നിരാശരും, ഭാഗ്യഹീനരുമായവർപോലും ഏററവും സ്നേഹപൂർവ്വം സ്വാഗതംചെയ്യപ്പെടുകയും, സൗമൃതയോടെ സംവഹിക്കപ്പെടുകയും, വാത്സല്യപൂർവ്വം പരിചരിക്കപ്പെടുകയും ചെയ്യുന്നു.

ലൂർദ്ദിൽ അവർ താമസിക്കുന്ന മുറികളിൽ ഉദാരമായ ശ്രദ്ധയ്ക്കും സ്നേഹത്തിനും ആദരവിനും നൽകുവാൻ സാധിക്കുന്ന എല്ലാററിനാലും അവർ വലയംചെയ്യപ്പെട്ടിരിക്കുന്നു. തീർത്ഥസങ്കേതത്തിൽ തങ്ങളോടൊപ്പം ശതക്കണക്കിനു രോഗികൾ—പലരും തങ്ങളെക്കാൾ കൂടുതൽ രോഗമുള്ളവർ—ഉണ്ടെന്നു അവർ മനസ്സിലാക്കുന്നു. അതോടുകൂടി രൂപാന്തരീഭാവമാരംഭിക്കുന്നു. തങ്ങളുടെ അടുത്ത കിടക്കയിലുള്ള, അല്ലെങ്കിൽ അടുത്ത കൊച്ചുവാഹനത്തിലുള്ള അയല്ക്കാരനെപ്പററി അവർ ചിന്തിക്കുവാൻതുടങ്ങുന്നു. അവർ അയാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. വിനാവിളംബം സർവ്വോപരി അയാളുടെ രോഗശാന്തി ആഗ്രഹിക്കാൻ തുടങ്ങുന്നു.

ചുരുക്കത്തിൽ അവർ തങ്ങളെ തന്നെ വിസ്മരിക്കുന്നു. അവർ വേഗം ദൈവത്തോടുള്ള സ്നേഹത്തിലും അയല്ക്കാരനോടുള്ള സ്നേഹത്തിലും നിർലീനരായിത്തീരുന്നു. മനുഷ്യന്റെ എല്ലാ ദുരിതങ്ങൾക്കും ക്രിസ്തു പഠിപ്പിച്ച മഹത്തായ പരിഹാരമാർഗ്ഗങ്ങൾ ഇവ രണ്ടുമാണല്ലൊ.

ലൂർദ്ദിൽവെച്ചു അനേകം തവണ ഡോക്ടർമാരും നേഴ്സുമാരും മഞ്ചൽവാഹകരും വഴി അടിച്ചുവാരുന്ന തൂപ്പുകാർപോലും എന്നോടു പറഞ്ഞിട്ടുണ്ടു്: "രോഗികളോ? അല്ലയോ മാഡം, തങ്ങളുടെ സ്വന്തം രോഗശാന്തിയുടെ കാര്യം അവർ മറന്നുപോയിരിക്കുന്നു. അവരുടെ ശ്രദ്ധ മുഴുവനും ആ പന്തിയിൽ അടുത്തുകിടക്കുന്ന ആൾക്കു രോഗശാന്തി ലഭിക്കണമെന്നതിലാണു്...."എന്നെപ്പററി ക്ലേശിക്കേണ്ടാ ...ഇതാ ആ കിടക്കുന്ന ആളിനാണു നിങ്ങളെ കൂടുതൽ ആവശ്യം ..." "സാരമില്ല, നേഴ്സ്. എനിക്കു കുറച്ചുകൂടി ക്ഷമിച്ചിരിക്കാം...അടുത്ത വണ്ടിയിലെ ആ പാവപ്പെട്ട സ്ത്രീയെ നോക്കുക—അവൾക്കു യഥാർത്ഥത്തിൽ പരിചരണം ആവശ്യമായിരിക്കുന്നു."

സ്വാഭാവികമായി വേദന വീണ്ടും തിരിച്ചുവരുന്നു. പക്ഷെ അതിനു പഴയതുപോലെയുള്ള തീക്ഷ്ണതയില്ല. അവരുടെ മനസ്സ് ഇപ്പോൾ അതിലല്ലാ കേന്ദ്രീകരിച്ചിരിക്കുന്നതു്. വീട്ടിലേക്കു തിരിച്ചുപോകുന്നതിനുള്ള സമയമാകുമ്പോൾ, ശാരീരികമായി അവർക്കു രോഗശമനം കിട്ടിയിട്ടില്ലെങ്കിലും, ഇനി ഒരു തീർത്ഥയാത്ര കഴിക്കുന്നതിനുള്ള വിഷമതകളും ക്ലേശങ്ങളുമെന്തൊക്കെയാണെന്നു അവർക്കു അറിയാമെങ്കിലും അവരുടെ ഒരേ ഒരു മുറവിളി ഇതുമാത്രമാണു്: "അടുത്തകൊല്ലം എനിക്കു വീണ്ടും വരാൻ സാധിച്ചിരുന്നെങ്കിൽ! എനിക്കു വീണ്ടും ലൂർദ്ദിൽ വരാൻ സാധിച്ചിരുന്നെങ്കിൽ!!"

# യഹോവായുടെ സാക്ഷികൾ അവരുടെ അടവുകൾ മാറുന്നു

[റവ. ജോൺ ഏ. ഒബ്രയൻ]

## 1

റതർഫോർഡിനെത്തുടർന്നു് 1942 ജനുവരി 13-ാംതീയതി—"ജഡ്ജി"യുടെ മരണംകഴിഞ്ഞു ഒരാഴ്ച തികയുന്നതിനു് മൻപു്—നാഥാൻ എച്ചു്. ക്നോർ "യഹോവായുടെ സാക്ഷികളു"ടെ പ്രസിഡന്റായി. തന്റെ മുൻഗാമിയെപ്പോലെതന്നെ ആയാൾക്കും പരമാധികാരപരമായ ഒരു സ്വാധീനശക്തിയാണുള്ളതു്. തന്മൂലം എല്ലാ രാജ്യങ്ങളിലുമുള്ള സംഘടനയെ സ്വേച്ഛപോലെ നിയന്ത്രിക്കുന്നതിനു് ആയാൾക്കു സാധിക്കുന്നു.

പെനിസിൽവാനിയായിൽ ബെത്ലെഹം എന്ന സ്ഥലത്തു 1905 ഏപ്രിൽ 23-ാംതീയതി ഭൂജാതനായ നാഥാൻ 16-ാമത്തെ വയസ്സിലാണു യഹോവായുടെ സാക്ഷികളുമായി പരിചയത്തിലായതു്. റിഫോംഡ് ചർച്ചു് എന്ന പ്രോട്ടസ്റ്റൻറു വിഭാഗത്തിൽപെട്ട ആയാളുടെ കുടുംബക്കാർക്കു അന്നു ഏതാനും വാച്ചുടൗവർ ലഘുലേഖകൾ ലഭിക്കുകയുണ്ടായി. അതേത്തുടർന്നു് ആ ചെറുപ്പക്കാരൻ സാക്ഷികളുടെ യോഗങ്ങളിൽ സംബന്ധിച്ചുതുടങ്ങി. അധികം താമസിയാതെ അതിന്റെ ഒരു സജീവാംഗമെന്നനിലയിൽ അവരുടെ സാഹിത്യം വിതരണംചെയ്യുന്ന ജോലിയിൽ ഏപ്പെട്ടു.

രണ്ടു കൊല്ലത്തിനുശേഷം ഹൈസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയ ഉടനെ ആയാൾ ആ സമൂഹത്തിന്റെ പ്രധാന അച്ചടിശാലയിൽ ചെന്നു താമസിച്ചു് അവിടെ ജോലിയിലേപ്പെട്ടു. ബ്രൂക്ക്ളിനിലെ ബതലിലുള്ള ആ അച്ചടിശാലതന്നെയായിരുന്നല്ലോ അവരുടെ സർവ്വരാജ്യതലസ്ഥാനവും. ആയാളുടെ ആദ്യത്തെ ജോലി ഷിപ്പിങ്ങുഡിപ്പാർട്ടുമെന്റിലായിരുന്നു. ആ അച്ചടിശാലയിലെ എല്ലാ അച്ചടിജോലിയും ഏകീകരിക്കുകയെന്ന ജോലിയിൽ ആയാൾ പിന്നീടു നിയമിതനായി.

## 2

അതിവർണ്ണനം ചെയ്യുന്നതിൽ അസാമാന്യവൈദഗ്ധ്യം പ്രദർശിപ്പിച്ചിരുന്ന ആയാൾ 9 കൊല്ലത്തിനിടകൊണ്ടു അവിടത്തെ പബ്ളിഷിങ്ങ് ആഫീസിന്റെ ജനറൽ മാനേജർസ്ഥാനത്തേക്കുയന്നു. ഇതു് 1932-ൽആയാൾക്കു് 27 വയസ്സു പ്രായമുണ്ടായിരുന്നപ്പോഴാണു്. 1940-ൽ ആയാൾ ഒരു ഡയറക്ടരും വൈസ്പ്രസിഡൻറുമായിത്തീർന്നു. രണ്ടു കൊല്ലംകൂടി കഴിഞ്ഞപ്പോൾ, 36-ാമത്തെ വയസ്സിൽ, റതർഫോർഡിനെ തുടന്നു പ്രസിഡൻറായി. അമേരിക്കൻ കോർപൊറേഷൻ, ഇംഗ്ലണ്ടിലെ ഇൻറർനാഷനൽ ബൈബിൾ സ്ററുഡൻറ്സ് അസോസിയേഷൻ എന്നീ രണ്ടു സ്ഥാപനങ്ങളുടെയും പ്രസിഡൻറു് ആയാൾതന്നെ. ഇവ ആജീവനാന്തഉദ്യോഗങ്ങളാകുന്നു.

ന്യൂയോക്കിൽ സൗത്തു ലാൻസിങ്ങിലുള്ള ഗിലീഡിലെ വാച്ചുടൗവർ ബൈബിൾസ്കൂളിന്റെയും പ്രസിഡൻറു് നാഥാനാണു്. ഇതു മിഷ്യനറിമാരെ പരിശീലിപ്പിക്കുന്ന ഒരു കേന്ദ്രമാകുന്നു. വാച്ചുടൗവർ സൊസൈററിയുടെ 75 മിഷ്യനറിശാഖകളെയും നിയന്ത്രിക്കുന്നതും, സമൂഹത്തിന്റെവക കൃഷിത്തോട്ടങ്ങളിലെ ജോലിയുടെയുംസ്റ്റേററൻദ്വീപിലുള്ള ഡബ്ളിയൂ. ബി. ബി. ആർ. എന്ന റേഡിയോസ്റ്റേഷന്റെയും മേലന്വേഷണം വഹിക്കുന്നതും, പ്രസിദ്ധീകരണങ്ങളുടെ നയം രൂപവത്കരിക്കുന്നതും, സാക്ഷികൾ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതെന്താണെന്നു പ്രഖ്യാപിക്കുന്നതും ആയാൾതന്നെയാകുന്നു. ചുരുക്കത്തിൽ, എല്ലാ അധികാരങ്ങളും ആയാളുടെ ഹസ്തങ്ങളിൽ കേന്ദ്രവത്കൃതമായിരിക്കുന്നു.

തന്റെ പുരോഗാമികളായിരുന്ന "പാസ്റ്റർ" റസലിനെയും "ജഡ്ജി" റതർഫോർഡിനെയുംപോലെ, ക്നോർ ഒരിക്കലും ഒരു വിദ്യാർത്ഥിയെന്ന നിലയിൽ യാതൊരു കോളേജിന്റെയും അന്തർഭാഗം കണ്ടിട്ടില്ലെന്നുള്ളതു പ്രസ്താവാർഹമത്രേ. ഈ സമൂഹത്തിന്റെ നേതൃത്വത്തിനു വിദ്യാഭ്യാസം ആവശ്യമായ ഒരു ഘടകമായി കണക്കാക്കപ്പെട്ടിട്ടില്ലെന്നു തോന്നുന്നു. അമേരിക്കയിലെ മറേറതു സമൂഹത്തെയും അപേക്ഷിച്ചു വിദ്യാശൂന്യരായിരിക്കുന്നു ഇതിലെ അംഗങ്ങളും. 1946 നവംബർ 2-ാംതീയതിയിലെ "കൊളിയേഴ്സ്" എന്ന പത്രം അമേരിക്കൻ നീതിന്യായവകുപ്പുവക കണക്കുകൾ ഉദ്ധരിച്ചുകൊണ്ടു പ്രസ്താവിച്ചിരിക്കുന്നു: "ഈ സമൂഹത്തിലെ ഒരു ശതമാനത്തിൽ താഴെയാളുകൾക്കേ കോളെജ്‌വിദ്യാഭ്യാസം ഉണ്ടായിരിക്കുന്നുള്ളു. 15 ശതമാനത്തിനാകട്ടെ കുടിപ്പള്ളിക്കൂടം വിദ്യാഭ്യാസംപോലും ഉണ്ടായിരിക്കുന്നില്ല."

ഈ സമൂഹക്കാർ ആരുടെ ഇടയിലാണു കൂടുതലായി അവരുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്ന

(ശേഷം 8-ാംപേജിൽ)

ജീവചരിത്രപംക്തി

# വിശുദ്ധ കർബാനയുടെ കാവല്ക്കാരി

## വി. മേരി പോസ്റ്റൽ

(J. M. Thara)

ബാർഫ്ളെയർ തുറമുഖം അന്ധകാരത്തിലമന്നു. അടിച്ചുയരുന്ന തിരമാലകൾക്കെതിരെ ഒരു കരിങ്കൽഭവനം കാണാം. അതിന്റെ ഉള്ളിൽ മങ്ങിക്കത്തുന്ന ഒരു ചെറുതിരി, തുറന്ന മരക്കതകുകളിലൂടെ അതിന്റെ ചെറുകിരണങ്ങൾ പുറത്തേക്കുനീട്ടി. അടുത്ത പാതയുടെ പാർശ്വഭാഗത്തു രണ്ടുമൂന്നു ചെങ്കുപ്പായക്കാർ പതുങ്ങി നില്പുണ്ട്. "സഭയ്ക്കും രാജാവിനുമെതിരാണവരെന്നു" അവരുടെ ശപഥവും ശാപവർഷവും കേട്ടാലറിയാം. അടുത്തുള്ള ആ കരിങ്കൽഭവനം ഉററുവീക്ഷിക്കുകയാണ് ആ ഒററുകാർ. അതിൽ, വിളറി മെലിഞ്ഞ് രോഗിണിയായ ഒരദ്ധ്യാപികയാണ് വസിക്കുന്നത്. സൂക്ഷ്മഗ്രാഹിണിയും ധൈര്യശാലിനിയുമാണവൾ. അവളും ആ മരക്കതകുപാളി തുറന്ന് അകലെ ഏതോ ലക്ഷ്യം ലഭിക്കാൻ കാത്തിരിക്കയാണ്. അങ്ങേപ്പുറത്തു കുതിച്ചുയരുന്ന തിരമാലകളുടെ ഇടയിൽനിന്നു ഒരു ചെറുദീപശിഖ അവളുടെ ദൃഷ്ടിയിൽപ്പെട്ടു. സമാധാനചിത്തയായി അവൾ കതകടച്ചു സാക്ഷായിട്ടു. കൃതജ്ഞതയുടെ പ്രകരണം ഉന്നതന്റെ പക്കലേക്കുയർത്തി അവൾ പരിതൃപ്തയായി.

x x x

പതിനെട്ടാം ശതകത്തിലെ ഒരു ഗ്രാമീണാദ്ധ്യാപികയുടെ പരിമിതമായ ശയനാഗാരമാണതെന്നു പ്രഥമദൃഷ്ടിയിൽ ഗ്രഹിക്കാം. അവൾ അകത്തുകടന്നു സ്വജനിത്രിയെ വിളിച്ചു. അഗ്രഹാരവാസിയായ ഒരു മത്സ്യവേടന്റെ വേഷത്തിൽ അവിടെ ഒരാളെക്കൂടി അവൾ കണ്ടു. വലയല്ല, ചൂണ്ടലുമല്ല അദ്ദേഹത്തിന്റെ കരതലത്തിൽ; ഒരു പ്രാർത്ഥനപ്പുസ്തകം. അതേ പ്രച്ഛന്നവേഷമണിഞ്ഞ ഒരു ക്രൈസ്തവ പുരോഹിതനാണദ്ദേഹം. "പിതാവേ, നമ്മുടെ സ്നേഹിതർ അടയാളം നൽകി. ഇന്നു രാത്രി ഒരു വഞ്ചി പോകുന്നുണ്ട്. അതിനുമുമ്പ് അങ്ങേക്കു ബലി അർപ്പിക്കാമല്ലോ." അവൾ അറിയിച്ചു. "ദൈവത്തിനു സ്തോത്രം," അദ്ദേഹം അടുത്ത പ്രാർത്ഥനാമുറിയിലേക്കു നീങ്ങി. "കതകടച്ചു നല്ലപോലെ സാക്ഷാബന്ധിച്ചിട്ടുണ്ടല്ലോ?" ചകിതനായി അദ്ദേഹം തിരക്കി. "എല്ലാം ഭദ്രം." അവളറിയിച്ചു. "നില്ക്കണേ! കാൽപെരുമാററം കേൾക്കുന്നു." വേപഥുവോടെ അവൾ പറഞ്ഞു. തുടന്നു ആരോ വാതിൽക്കൽ മുട്ടി. മൃദുസ്വനത്തിൽ അയാൾ പറഞ്ഞു: "പത്തു മത്സ്യങ്ങൾ, ഈ ആഴ്ചത്തേക്കു വേറെയില്ല." "അങ്ങേക്കെന്റെ കൃതജ്ഞത" അവൾ മന്ത്രിച്ചു. ആ വൈദികന്റെ ശ്വാസം നേരെയായി. "അദ്ദേഹം വിശ്വസ്തനും നമ്മുടെ സഹായിയുമാണ്. ഒന്നിലധികം വൈദികരെ മരണത്തിൽനിന്നു സുധീരം രക്ഷിച്ചവനുമാണ്." അവൾ വിശദീകരിച്ചു.

വി. ബലി ആരംഭിച്ചു. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടേയും നാമത്തിൽ..." ഇനി, ആഴ്ചകളും മാസങ്ങളും കഴിഞ്ഞാലും അവിടെ ബലിയർപ്പണമുണ്ടാകുമോ എന്നറിഞ്ഞില്ല. "നിങ്ങൾക്കെല്ലാവർക്കും സമാധാനം." "അവിടുത്തെ ആത്മാവോടുകൂടെ ഉണ്ടായിരിക്കട്ടെ."

നിന്ദയും പകയും നരവേട്ടയും പുറത്തു നടമാടുകയാണ്. വൈദികരും അവരുടെ അനുകൂലികളും സദാ മരണത്തെ പ്രതീക്ഷിച്ചു ഇഞ്ചിഞ്ചായി മരിക്കയാണ്. രോഗികൾക്കും വിശ്വാസികളുടെ ആരാധനയ്ക്കുമായി തിരുവോസ്തികൾ ഒരു പേടകത്തിൽ നിക്ഷേപിച്ചു. അതു കോണിപ്പടിയുടെ കീഴിലുള്ള രഹസ്യമുറിയിൽ ഒളിച്ചുവെക്കുകയും ചെയ്തു. പുരോഹിതൻ കരങ്ങൾ ഉയർത്തി അന്ത്യമായ ആശീർവ്വാദത്തിനു്. ഝടുതിയിൽ ഒരു തോക്കിന്റെ നിറയൊഴിഞ്ഞു. അവർ സംഭ്രാന്തരായി. "തുറക്കണം കതക്. പൊതുജനത്തിന്റെ നാമത്തിൽ ഞങ്ങൾ ആജ്ഞാപിക്കുന്നു."

"പിതാവേ, വേഗം പഴയരീതിയിൽ വസ്ത്രം ധരിക്കുക. ദൈവം നമ്മെ കൈവെടിയുകയില്ല." സാന്ദർഭികമായ ബുദ്ധ്യുപദേശം അവൾ നൽകി. ഒരു നിമിഷംകൊണ്ടു സകലതുമൊളിച്ചുകഴിഞ്ഞു. അദ്ദേഹം നിലയറയിൽ ഇറങ്ങി. ആർക്കാണു ജീവനിൽ കൊതിയില്ലാത്തത്?

ചെങ്കുപ്പായക്കാർ പുറത്തുനിന്നു ഗർജ്ജിച്ചുകൊണ്ടിരുന്നു. സംഭീതയായി എന്നാൽ മനസ്സുരുകി പ്രാർത്ഥിച്ചുകൊണ്ടു് അവർ കവാടബന്ധങ്ങൾ അഴിച്ചു. "ഇവിടെ ഒളി



ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു
കൃതജ്ഞത
Varkey Nadakan

ച്ചിരിക്കുന്ന വൈദികനെവിടെ?" ക്രൂദ്ധരും ക്രൂരരുമായ അവർ അന്വേഷണം ചെയ്തു. അത്ഭുതം വിശുദ്ധ ദ്രവ്യങ്ങളും സ്ഥിതിചെയ്യുന്ന രഹസ്യമുറിയുടെ വാതിലിൽ പുറംതിരിഞ്ഞുനിന്നുകൊണ്ടു സധൈര്യം അവൾ പറഞ്ഞു: "അങ്ങനെ ഒരാൾ ഇവിടെ ഉണ്ടെന്നു നിങ്ങൾ കരുതുന്നുവെങ്കിൽ അന്വേഷിപ്പിൻ." "കരുതുന്നുവെങ്കിൽ? അയാളിവിടെ ഉണ്ടെന്നു ഞങ്ങൾക്കു നിശ്ചയമല്ലേ?" അവരുടെ നേതാവു ചൊടിച്ചു, "ഞങ്ങൾ അയാളെ തേടിപ്പിടിക്കും." അവർ എല്ലാ മുക്കിലും മൂലയിലും തിരക്കി. സംഭീതയായ ആ വനിത വി. ദ്രവ്യങ്ങൾ സൂക്ഷിച്ചിരുന്ന ആ ഇടത്തിൽനിന്നനങ്ങിയതേയില്ല. "ദൈവമായ കർത്താവേ, അവിടുത്തെ വി. കൂകരത്തെ കാത്തുകൊള്ളേണമേ. ശത്രുക്കൾ അതിനെ അശുദ്ധമാക്കാൻ അവിടുന്നു അനുവദിക്കരുതേ. എന്റെ രക്തം ചിന്തിയും ഞാൻ വി. വസ്തുക്കളെ സംരക്ഷിക്കും." അവൾ നെഞ്ചുരുകി പ്രാർത്ഥിച്ചു. അവളുടെ പ്രാർത്ഥന ഫലവത്തായി.

അന്വേഷകർ നിരാശരായി ഇറങ്ങിപ്പോയി. ആ കലഹക്കാർ ആരുംതന്നെ അവളെ സ്പർശിക്കാൻ മുതിർന്നില്ല. അവരിൽ അത്ര രക്തദാഹിയല്ലാത്ത ഒരാൾ പറഞ്ഞു: 'ആ വെള്ളിത്തിലിനെ വിട്ടേക്കൂ. ബുദ്ധിയുള്ള വല്ലവരും അവളുടെ പക്കൽ അഭയംതേടുമോ? കുഞ്ഞുപിള്ളേരെ അക്ഷരം പഠിപ്പിക്കാൻ കൊള്ളാമവളെ. നമുക്കു പോകാം." ദൈവകൃപ! മരണത്തിൽനിന്നു ആ വൈദികനും മ്ലേച്ഛന്മാരുടെ കൈകളിൽനിന്നു വി. കുർബാനയും സുരക്ഷിതമായി.

* * *

പതിനെട്ടാം നൂററാണ്ടിലെ വിപ്ലവത്തിൽ ഫ്രാൻസിൽ നടന്ന തരണീസംഭവം. ആരായിരുന്നു ബുദ്ധിപൂർവ്വം വൈദികസംരക്ഷണത്തിനായി പ്രവർത്തിച്ച ഈ കന്യക? ഭുവനപ്രസിദ്ധയായ ഒരു വിശുദ്ധയാണവൾ. വി. മേരി മാഗ്ദലേൻ പോസ്റ്റൽ. 1756 നവംബർ 28-ാംനു അവൾ ജനിച്ചു നോർമണ്ടിയിലെ ഒരു ചെറിയ തുറമുഖ പട്ടണമായ ബാർഫ്ളെയറിൽ. ഒരസാധാരണത്വവുമില്ലായിരുന്നു ആ ശിശുവിൽ. അവൾ ജനിച്ച പോസ്റ്റൽകുടുംബക്കാരും വെറും സാധാരണക്കാരായിരുന്നു. ദൈവഭക്തരും കൃത്യനിഷ്ഠരും അദ്ധ്വാനശീലരുമായിരുന്നു അവർ. ഏഴുപേരിൽ അഗ്രജയായിരുന്നു മേരി. അവൾക്കു ജനനദിവസം തന്നെ വി. മാമ്മോദീസാ നൽകപ്പെട്ടു; ജൂലിയാ എന്നു പേരും വിളിച്ചു. പരിപൂർണ്ണവും പരിപൂതവുമായ ഒരു കത്തോലിക്കാ ശിക്ഷണം ലഭിച്ചു എന്നതു് അഭികാമ്യമായ ഒരസുലഭഭാഗ്യമായിരുന്നു.

പതിനെട്ടാം നൂററാണ്ടിലെ കുപ്രസിദ്ധമായ രക്തവിപ്ലവം ഫ്രാൻസിനെ ശ്വാസം മുട്ടിച്ചപ്പോൾ ഈ വനിതയുടെ ശുശ്രൂഷ എത്ര വിലപ്പെട്ടതായിരുന്നില്ല! ചെറുപ്പത്തിൽ അവളെ നാട്ടുകാർ "ദൈവത്തിന്റെ പൈതലെ"ന്നു വിളിച്ചു. യൗവ്വനത്തിൽ "വി. കുർബാനയുടെ കാവല്ക്കാരി"യെന്നും, വാർദ്ധക്യത്തിൽ "വിശുദ്ധരുടെ സ്നേഹിത"യെന്നും, മരണത്തോടെ "വിശുദ്ധ"യെന്നും അവർ വിളിക്കപ്പെട്ടു. അവളുടെ ജീവിതം താദൃശമായിരുന്നു.

അനേകം പ്രാതികൂല്യങ്ങളെ അവൾ ചവുട്ടിമെതിച്ചു. കാലം അനുകൂലമായിരുന്നില്ല. പഞ്ഞവും പട്ടിണിയും ദേശമെങ്ങും നടമാടി. അധികാരികളും അഭ്യുദയകാംക്ഷികളും സംശയത്തോടും വെറുപ്പോടുംകൂടി അവളെ വീക്ഷിച്ചു. താൻ സ്ഥാപിച്ച സന്യാസിനിസമൂഹത്തിനു സ്ഥിരമായൊരു വസതിയില്ലാതെ പലേ സ്ഥലത്തും അലയേണ്ടിവന്നു. വളരെയധികം ബുദ്ധിമുട്ടി പണച്ചെലവുചെയ്തു പണിതുയർത്തിയ ദൈവാലയം ഇടിവെട്ടേററു് ഇടിഞ്ഞുപൊളിഞ്ഞു നിലംപരിചായി. പലരും പരിഹാസശരങ്ങൾ തൊടുത്തുവിട്ടു. പക്ഷേ, അവൾ അതെല്ലാം നിശ്ശബ്ദം സഹിച്ചു. രാവും പകലും അവൾ സഹിച്ചു. ജന്മനാ പിടികൂടിയ ആസ്ത്മാ ഒരിക്കലും അവളിൽനിന്നു മാറിയില്ല. തപസ്സുകൊണ്ടും വാർദ്ധക്യംമൂലവും അവൾ നന്നേ ശോഷിച്ചു. അനുദിന അപ്പത്തിനുവേണ്ടി അഹർന്നിശം നിരന്തരാദ്ധ്വാനത്തിലേർപ്പെടേണ്ടിവന്നു. അങ്ങനെ നീണ്ട തൊണ്ണൂറുവത്സരങ്ങൾ കഴിച്ചുകൂട്ടി വിശുദ്ധ മേരി പോസ്റ്റൽ. വി. കുർബാനയോടുള്ള ഭക്തിയും അചാഞ്ചല്യമായ വിശ്വാസവും അവളെ ലക്ഷ്യസ്ഥാനത്തെത്തിച്ചു. 1845 ജൂലൈ 16-ാംനു ആ ധന്യ ലോകജീവിതത്തിനു വിരാമമിട്ടു; 1807-ൽ മേരി സമാരംഭിച്ച സ്ഥാപനം 1845 നു മുമ്പുതന്നെ ജർമ്മനി; ഹോളൻഡ്, ഇംഗ്ലണ്ട്, ഇററലി, തെക്കേഅമേരിക്ക, ഈസ്റ്റ്ഇൻഡീസ് മുതലായ രാജ്യങ്ങളിലേക്കു വ്യാപിച്ചുകഴിഞ്ഞു.

1925-ലെ ജൂബിലിവത്സരത്തിൽ പരി. പിതാവു് പ്രഖ്യാപിച്ചു ജൂലിയാ മേരി മാഗ്ദലേൻ പോസ്റ്റൽ ഒരു വിശുദ്ധയാണെന്നു്.

വിമർശനപംക്തി

# ലൂർദ്ദിലെ പ്രത്യേകതകൾ

1. മിസ്സസ് റൂത്തു ക്രാൻസ്റ്റൺ ലൂർദ്ദിലെ അത്ഭുതം (The Mystery of Lourdes) എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള ചില അത്ഭുതങ്ങളെപ്പററിയാണല്ലോ ഇതുവരെ പ്രതിപാദിച്ചതു്. ലൂർദ്ദ മെഡിക്കൽബ്യൂറോയിലുള്ള രേഖകൾ പരിശോധിച്ചും, അത്ഭുതരോഗശമനം മൂലം സുഖംപ്രാപിച്ചിട്ടുള്ള ആളുകളെ നേരിട്ടുകണ്ടു് വിവരങ്ങൾ ശേഖരിച്ചും സ്വയം ബോദ്ധ്യംവന്നിട്ടുള്ള ചില രോഗശാന്തികളാണവ. എന്നാൽ മിസ്സസ് ക്രാൻസ്റ്റൺ ലൂർദ്ദിലായിരുന്ന ഘട്ടത്തിൽ തന്നെ അത്ഭുതകരമായ ഒരു രോഗശമനം സംഭവിക്കുകയുണ്ടായി. അതു് അവരുടെ വാക്കുകളിൽതന്നെ ഇവിടെ ഉദ്ധരിക്കാം:-

ഒരു സാധാരണദിവസംതന്നെ ലൂർദ്ദ് വളരെയധികം ആനന്ദവും ആവേശവുമരുളുന്ന ഒരു സ്ഥലമാണ്. ഒരു അത്ഭുതം സംഭവിക്കുമ്പോഴാകട്ടെ അതു് അലക്തികമയമായിത്തീരുന്നു. അതു സംഭവിക്കുന്നതു ഞാൻതന്നെ കണ്ടു. ഒരു ദിവസം ഉച്ചകഴിഞ്ഞ്, ഞാൻ "റോയൽകേഫി"ന്റെ മട്ടുപ്പാവിൽ, ഡൊമയിനെയുടെ വാതിലിനെതിരെ ഇരിക്കുകയായിരുന്നു. ജോലിത്തിരക്കുകൾക്കു

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്,
താരൻ, മുഖക്കുരു
മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

ശേഷം എല്ലാവരും വിശ്രമിക്കുവാൻ ഇവിടെയെത്തുകയാണു പതിവ്. മഞ്ചൽവാഹകന്മാർ തങ്ങളുടെ വേഷം ഇവിടെവച്ചു അഴിക്കുന്നു. തീർത്ഥയാത്രാഡയറക്ടർമാർ ഇവിടെയിരുന്നു അല്പം കാപ്പിയും പലഹാരവുംകഴിച്ചു് വിശ്രമം തേടുന്നു. വൃദ്ധവൈദികന്മാരിൽ ചിലർ യുവജനങ്ങളുമായി വെടിപറഞ്ഞും ചിലപ്പോൾ സിഗാർവലിച്ചും ആശ്വസിക്കുന്നു.

"സെപ്ററ് ഡൊലേഴ്സ്"ആശുപത്രി ഏതാനുംവാര അകലെയാണ്. മഞ്ചൽവാഹകരും, രോഗികൾ കയറിയിരിക്കുന്ന വാഹനങ്ങളും ഇടതടവില്ലാതെ പൊയ്ക്കൊണ്ടിരിക്കുന്നു. ഗാനാലാപം ചെയ്തുകൊണ്ടിരിക്കുന്ന തീർത്ഥകരെ വഹിച്ചുകൊണ്ടുള്ള ബസ്സുകളും കടന്നുപോകുന്നു. ബാസ്ക്കുകാരും ഇററലിക്കാരും കേഫിലുള്ള ഡച്ചുകാരോടും ഇംഗ്ലീഷ്കാരോടും യാത്രാവന്ദനം പറയുന്നു. കഴിഞ്ഞ അഞ്ചുതീർത്ഥകദിനങ്ങളിൽ അവരുമായിട്ടാണ് ഇവർ കഴിഞ്ഞുകൂടിയിരുന്നതു്. പ്രദക്ഷിണാനന്തരം ഡൊമെയിനു വെളിയിലേക്കു വിവിധഗ്രൂപ്പുകളും സംഘടനകളും കടക്കുന്നതോടുകൂടി ഗതാഗതം രൂക്ഷതരമായിത്തീരുന്നു.

പെട്ടെന്നു്, ആ ശബ്ദകോലാഹലങ്ങളുടേയും ബഹളങ്ങളുടേയുമിടയിൽ, പടിവാതിൽക്കൽ ഒരു ജനപ്പെരുപ്പത്തിന്റെ തള്ളിക്കേററം ദൃശ്യമായി. അപ്പോഴേക്കും മാഗ്നിഫിക്കാത്തു് എന്ന ഗാനാലാപം അന്തരീക്ഷത്തിൽ മുഖരിതമായി. എല്ലാവരും എഴുന്നേററു് കുളിക്കടവിലേക്കു ഓടിക്കൂടി. ചിലർ ആവേശഭരിതരായി കുരിശുവരച്ചു. എന്തോ സംഭവിക്കുന്നുണ്ട്. ഒരു പക്ഷെ ഒരു രോഗശാന്തി—ഒരു അത്ഭുതം—ആയിരിക്കാം. അപ്പോഴാണ് ഇവ സംഭവിക്കുന്നതു്.

ആശുപത്രിയിലേക്കു തിരിച്ചുകൊണ്ടുവരുന്ന സ്ട്രെച്ചർകളുടേയും വാഹനങ്ങളുടേയും പിന്നിൽ, ആനന്ദോന്മത്തമായ ഒരു ചെറിയ ഘോഷയാത്ര വരുന്നു. അന്തരീക്ഷത്തിലൂടെയെന്നപോലെ നടന്നുകൊണ്ടിരിക്കുന്ന പ്രഭാവതിയായ ഒരു യുവതിയെ ചുററും ഒരു ഗണം മഞ്ചൽവാഹകന്മാർ അകമ്പടി സേവിക്കുന്നു. ഡച്ചുതീർത്ഥയാത്രാസംഘത്തിൽപ്പെട്ട ഒരു യുവതിയാണവൾ. അന്നു സായാഹ്നത്തിൽ ഒരു സ്ട്രെച്ചറിൽ അവളെ ഗ്രോട്ടോയിലേക്കു എടുത്തുകൊണ്ടുപോയതാണ്. നട്ടെല്ലിനു ബാധിച്ച ക്ഷയം (tubercular spine) നിമിത്തം കഴിഞ്ഞ നാലു കൊല്ലമായി അവൾ കിടക്കയിൽതന്നെ കഴിച്ചുകൂട്ടുകയായിരുന്നു. ഇതാ ഇപ്പോൾ ദൈവസ്തോത്രപരങ്ങളായ ഗാനങ്ങളും പാടിക്കൊണ്ടു് അവൾ താനേ നടന്നുവരുന്നു.

എല്ലാവരും അവളോടൊന്നിച്ചു പാടുന്നു. ഡച്ചുസ്ത്രീകളും സ്പാനിഷ് വനിതകളും പരസ്പരം ആലിംഗനംചെയ്യുന്നു. കൊച്ചുകുട്ടികൾ അവരുടെ തൊപ്പികൾ ആകാശത്തിലേക്കു വലിച്ചെറിയുകയും ഹർഷാരവം മുഴക്കുകയുംചെയ്യുന്നു. അതു യഥാർത്ഥത്തിൽ ഒരു അത്ഭുതമാണോ? കാലം മറുപടിപറയും. എന്നാൽ ആ പെൺകുട്ടിയുടെ കണ്ണുകൾ—!

"അവിശ്വാസികളായ"ഫ്രഞ്ചു ഡോക്ടർമാരിൽ ഒരാൾ എന്റെ തൊട്ടടുത്തു നില്ക്കുന്നതു എന്റെ ശ്രദ്ധയിൽപ്പെട്ടു. യാദൃച്ഛികമെന്നപോലെ ഞാൻ ചോദിച്ചു: "ഇതേപ്പററി നിങ്ങളുടെ അഭിപ്രായമെന്താണു്?"

"അതു്......" അദ്ദേഹം പെട്ടെന്നു തിരിഞ്ഞു് അടുത്തുണ്ടായിരുന്ന ഒരു കടയിലേക്കു ഓടിക്കയറിക്കളഞ്ഞു. ഒരു തുവാലകൊണ്ടു് അദ്ദേഹം മുഖം മറച്ചിരുന്നു. അദ്ദേഹം കരയുകയായിരുന്നുവെന്നു് കുറേകഴിഞ്ഞേ ഞാൻ മനസ്സിലാക്കിയുള്ളു. അത്ഭുതങ്ങൾക്കെതിരായി പിന്നീടു ഒരിക്കലും അദ്ദേഹം യാതൊന്നും പറയുകയുണ്ടായിട്ടില്ല.

ഡിന്നർസമയത്തു് എല്ലാവർക്കും ഇതിനെപ്പററിയേ പറയുവാനുണ്ടായിരുന്നുള്ളു. ഡച്ചുകാർ ഞങ്ങളുടെ ഹോട്ടലിലാണു താമസിക്കുന്നതു്. അവരുടെ നേഴ്സുമാരിൽ ഒരാൾ ആ കഥ പിന്നേയും പിന്നേയും പറഞ്ഞിരുന്നു. തീർത്ഥസംഘത്തോടുകൂടിയുണ്ടായിരുന്ന ഡോക്ടർ ആ രോഗശാന്തി അത്ഭുതമാണെന്നു തീർത്തു സമ്മതിക്കാഞ്ഞതിൽ അവൾ അക്ഷമയായിരിക്കുന്നു. കുറച്ചുകൂടി കാത്തിരുന്നു കാണട്ടെയെന്നായിരുന്നു ഡോക്ടറുടെ മനോഭാവം.

"പക്ഷെ, അതു യഥാർത്ഥമാണ്" അവൾ ഖണ്ഡിതമായി പറഞ്ഞു: "ഞാൻ എന്റെ സ്വന്തകണ്ണുകൾകൊണ്ടു കണ്ടതാണ്. ഞങ്ങൾ നാലുപേർകൂടിയാണ് ആ പെൺകുട്ടിയെ കുളിക്കടവിലേക്കു എടുത്തുകൊണ്ടുപോയതു്. ബോർഡുപോലെ മരവിച്ചിരുന്ന അവളെ ഞങ്ങൾ വെള്ളത്തിൽ മുക്കിയ ഉടനെ അവളുടെ കൈകളും കാലുകളും മടങ്ങുന്നതു ഞാൻ കണ്ടു. കുളിക്കടവിന്റെ അരികിൽ അവൾ താനെ എഴുന്നേററിരുന്നു; അവളെ വസ്ത്രം ധരിപ്പിക്കുന്നതിൽ ഞങ്ങളെ അവൾ സഹായിക്കുകയുംചെയ്തു."

(ശേഷം 10-ാംപേജിൽ)

Wednesday
August 29
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 3

'ഇന്നത്തെ ബാലൻ
നാളത്തെ പൗരൻ'



# ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




വേദസാക്ഷിണിയായ വിശുദ്ധ ആഗ്നസിൻെറ ചരിത്രം നിങ്ങൾക്കു പരിചയപ്പെടുത്താമെന്നാണല്ലോ വല്യേട്ടൻ കഴിഞ്ഞ ആഴ്ച വാഗ്ദാനം ചെയ്തിരുന്നതു്. ക്രിസ്തുവർഷം നാലാം നൂററാണ്ടിൻെറ ആരംഭത്തിൽ ഡയോക്ലിഷ്യൻ ചക്രവത്തിയുടെ ഭരണകാലത്താണു് 12 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഈ ബാലിക രക്തസാക്ഷിമകുടം കൈവരിച്ചതു്. തിരുസഭ ഈ വിശുദ്ധയുടെ തിരുനാൾ ജനുവരി 21-ാംതീയതി ആഘോഷിക്കുന്നു. 12 വയസ്സുമാത്രം പ്രായമുള്ള ഒരു വേദസാക്ഷിണി എന്നു കേൾക്കുമ്പോൾ ആ വിശുദ്ധയെപ്പററി അറിയുന്നതിനുള്ള ജിജ്ഞാസ കുഞ്ഞനുജന്മാരിലും കുഞ്ഞനിയത്തിമാരിൽ പ്രത്യേകിച്ചും വളന്നു വശാവാതിരിക്കുകയില്ല എന്നു തീർച്ചയാണു്. പക്ഷെ വിശുദ്ധയുടെ സുദീർഘമായ ഒരു ചരിത്രം നമുക്കില്ല. 16 നൂററാണ്ടുമുമ്പു നടന്ന ഒരു സംഭവമല്ലേ? എങ്കിലും അക്കാലങ്ങളിലെ ചരിത്രകാരന്മാരായ ദമാസൂസ് മുതലായവർ ആഗ്നസിൻെറ ജീവിതചരിത്രം എഴുതിയിട്ടുണ്ടു്. ആ ചരിത്രങ്ങളെ സംക്ഷേപിച്ചു നമ്മുടെ വിവരണം തുടരാം.

വല്യേട്ടൻ.




## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടച്ച്)

56. ജോർജ് കൊയിലോ, കാഞ്ഞിരപ്പിള്ളി.
57. ടി. ടി. തോമസ്, തോട്ടത്തിൽ, ചെറുവള്ളി.
58. കെ. പി. പൗലോസ് കോളാട്ടുകുടി, മഞ്ഞപ്ര.
59. കെ. വി. ജോൺ കല്ലറയ്ക്കൽ, തെ: പറവൂർ.
60. ടി. വി. ആഗസ്തി തോട്ടുങ്കൽ, കുറുമശ്ശേരി.

## 82-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—കപടം.

## പ്രശ്നം നമ്പ്ര് 83

(അഗസ്റ്റിൻ എം. രാമപുരം
Reg. No. 3)

എല്ലാ വിശുദ്ധന്മാരിലും പ്രശോഭിക്കുന്ന ഒരു മനോഹരപുണ്യമാണു് ഞാൻ. എൻെറ സംരക്ഷണത്തിനുവേണ്ടി ജീവൻ അപ്പിച്ചിട്ടുള്ള രക്തസാക്ഷികൾ എല്ലാ പ്രായക്കാരിലും വിശിഷ്യ യുവതീയുവാക്കന്മാരിലും പലരുണ്ടു്. എന്നെ ആക്രമിച്ചു കീഴ്പെടുത്തുന്നതിനു ഇന്നത്തെ ലോകത്തിൽ പ്രത്യേകിച്ചും നാരകീയ ശത്രുക്കൾ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. വളരെപ്പേർ അടിപ്പെടുകയും ചെയ്യുന്നുണ്ടു്. എൻെറ പേരിനു മൂന്നക്ഷരം. ഒന്നാമത്തെ അക്ഷരം ശുഷ്കാന്തിയിലുണ്ടു്, താല്പയ്യത്തിലില്ല. രണ്ടാമത്തെ അക്ഷരം ബദ്ധപ്പാടിലുണ്ടു്, പുരോഗതിയിലില്ല. മൂന്നാമത്തെ അക്ഷരം ശാന്തതയിലുണ്ടു്, ക്ഷമയിലില്ല. എൻെറ പേരു പറയുക?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## മംഗല്യഹാരം

(തോമസ് P. X. പടനിലം)

"കേട്ടോ... ഞാനപ്പോൾ രാവിലെ പോകും. അതു പറയാനാ വന്നതു്..." ബാബുവിനോടു ഞാൻ യാത്രപറഞ്ഞുകൊണ്ടു്, ആ മുറി വിട്ടിറങ്ങി സാവധാനം നടന്നുപോന്നു. ബാബു സമ്മാനിച്ച സിഗരററു എൻെറ ചുണ്ടിലിരുന്നു പുകയുന്നുണ്ടായിരുന്നു. എൻെറ മനസ്സിൽ ആനന്ദത്തിൻെറ നേരിയ കല്ലോലങ്ങൾ ഇളകിക്കൊണ്ടിരുന്നു; കാരണം രണ്ടു മാസം ജോലിയന്വേഷിച്ചു മുഷിഞ്ഞപ്പോൾ കിട്ടിയതാണു ഒരു പ്രൊഫസറുദ്യോഗം.

സന്ധ്യാദേവിയും അപ്പോൾ മനോഹരമായി ഉടുത്തൊരുങ്ങിയിറങ്ങുകയായിരുന്നു; കിളികൾ കൂടുകളിലേക്കു ചിറകടിച്ചു പറന്നുപൊയ്ക്കൊണ്ടിരുന്നു; ആദിത്യൻ പടിഞ്ഞാറേ സമുദ്രത്തിലേക്കു സ്നാനത്തിനിറങ്ങിക്കഴിഞ്ഞു; പടിഞ്ഞാറൻ കാററിൽ വൃക്ഷലതാദികൾ സാനന്ദം ഇളകിക്കൊണ്ടിരുന്നു!

x x x

ഞാൻ കൊല്ലം കോളെജിൽ ജോലിയിലാണു്. തട്ടു തട്ടുകളായി തിരിച്ച കോളെജങ്കണവും, പലമാതിരി പുഷ്പങ്ങളെ വഹിച്ചുകൊണ്ടുനിൽക്കുന്ന ചെടികൾ നിറഞ്ഞ ഉദ്യാനവും എൻെറ മനസ്സിനെ കവന്നെടുത്തു.

ബാബുവിനും ഒരു ജോലി കിട്ടിയതറിഞ്ഞു്, എൻെറ മനസ്സു സന്തുഷ്ടമായി. എഴുത്തുകൾ പലതും അങ്ങോട്ടുമിങ്ങോട്ടും കൈമാറിയിരുന്നു. അന്നൊരു ബുധനാഴ്ച ഞാൻ മുറിയിൽ കസേരയിൽ ഇരുന്നു കുട്ടികളുടെ കോമ്പസിഷൻ നോക്കുമ്പോൾ, ആരോ മുറിയുടെ കതകിൽ മുട്ടി.

"ട്... ട്... ടട്... ടം."

"ആരാ...കടന്നുവരാം..." ഞാൻ അല്പം ഗൗരവത്തോടെ പറഞ്ഞു.

ഒരു കെട്ടെഴുത്തുമായി പോസ്റ്റുമാൻ മുറിയിലേക്കു കയറിവന്നു.

"സാറല്ലേ പ്രൊഫസർ ജേക്കബ്ബ്?" അയാൾ ചോദിച്ചു.

"അതേ .. എന്താ, ലെററർ വല്ലതുമുണ്ടോ?"

"ആ ഒരെഴുത്തുണ്ടു്..."

അയാൾ എഴുത്തുകൾ മറിച്ചു മറിച്ചു നോക്കിയിട്ടു് ഒരു കവറെടുത്തു്, എൻെറ നേരെ നീട്ടി. ഞാനതു വാങ്ങിക്കൊണ്ടു കസേരയിൽ ചാരിയിരുന്നു തുറന്നുനോക്കി. ഒരു എഴുത്തും, കല്യാണക്കുറിയും. ജനുവരി 25-ാംതീയതി ബാബുവിൻെറ വിവാഹം! വിവാഹത്തിനു എന്നെ പ്രത്യേകം ക്ഷണിച്ചിരിക്കുകയാണു്.

ദിവസങ്ങളും ആഴ്ചകളും ചിലതു കടന്നുപോയി. കല്യാണദിവസമടുത്തടുത്തു വരികയാണു്. എനിക്കൊരു ചിന്തവന്നു. സ്നേഹിതനല്ലേ, വല്ലതും ആ സുദിനത്തിൽ ബാബുവിനു സമ്മാനിക്കണ്ടേ? വിവാഹസമ്മാനങ്ങളുടെ പല മാതൃകകളും എൻെറ മനസ്സിൽക്കൂടി കടന്നുപോയി—മോതിരം, കശവുമാല, പൂമാല, നേര്യതു്, ഇങ്ങനെ. അവസാനം ഒരു പൂമാലതന്നെ അണിയിക്കാമെന്നു നിശ്ചയിച്ചു. അതിനു കാലേക്കൂട്ടി ഏർപ്പാടും ചെയ്തു.

x x x

ബാബുവിൻെറ വിവാഹത്തിനു ഇനി പതിനഞ്ചു ദിവസമേയുള്ളൂ. ഞാൻ മുറിയിലിരുന്നു പതിവുപോലെ ഏതോ വായിക്കുകളായിരുന്നു. ഒരാൾ പെട്ടെന്നു മുറിക്കകത്തേക്കു കടന്നുവന്നു. അതു ബാബുവായിരുന്നു. ബാബുവിനെ കണ്ട മാത്രയിൽ ഞാനറിയാതെതന്നെ ചാടി എഴുന്നേററു.

"ഹലോ!... വരുന്ന വഴിയാണോ... ഇരിക്കൂ.." ഞാൻ ഒരു കസേരയിൽ പിടിച്ചിരുത്തി.

"എന്താ .. ഇവിടത്തെ ജീവിതമൊക്കെ സുഖമാണല്ലേ ..?" ബാബു സംസാരം തുടങ്ങി.

"ഓ .. എന്നുതന്നെ പറയാം." ഞാൻ മറുപടികൊടുത്തു.

ബാബു വേറൊരു വിഷയത്തിലേക്കു കടന്നു.

"അപ്പോ... കാര്യമെല്ലാമറിഞ്ഞല്ലോ. കല്യാണം ഇരുപത്തഞ്ചു ജനുവരിക്കാ .. അതു പ്രത്യേകം പറയാനാ ഞാൻ വന്നതു്..."

"ഓ ഹോ!... ക്ഷണം എനിക്കു കിട്ടിയല്ലോ. പിന്നെന്തിനാ വിഷമിച്ചതു്..."

"അതു ശരി. പക്ഷെ നമ്മുടെ സ്ഥിതിക്കു കണ്ടുപറയാതിരുന്നാൽ എങ്ങിനെയാ?"

"ഓ .. അതൊന്നും സാരമില്ല. ഇപ്പഴത്തെ പരിതസ്ഥിതികൾ നമുക്കറിയാൻ മേലേ."

പിന്നെ വളരെയൊന്നും സംസാരിക്കാതെ ബാബു യാത്രപറഞ്ഞു പുറപ്പെട്ടു. ഞാനുംകൂടെ കവലവരെ അനുഗമിച്ചു.

x x x

കല്യാണദിവസംവന്നു. രാവിലെ പതിവുപോലെ സൂര്യൻ കിഴക്കേ മലകളിൽ പ്രത്യക്ഷപ്പെട്ടു. പക്ഷികുലങ്ങൾ പാടിപ്പറന്നു. കുളിർകാററിൽ പുഷ്പങ്ങൾ സുഗന്ധം പരത്തി: തേനീച്ചകളും വണ്ടുകളും പുഷ്പങ്ങളിലേക്കു പറന്നണഞ്ഞു.

രാവിലെ എട്ടിൻെറ എക്സ്പ്രസ്സിനു ഞാൻ കയറി. വണ്ടി ഹുങ്കാരത്തോടെ ചീറിപ്പാഞ്ഞു. എൻെറ ചിന്തകൾ ബാബുവിനേയും വധുവിനേയും പററിയായിരുന്നു. വണ്ടി തിരുവല്ലാ, ചങ്ങനാശ്ശേരി എന്നിങ്ങനെ ഓരോ സ്ഥലങ്ങൾ പിന്നിട്ടുകൊണ്ടു കോട്ടയത്തെത്തി. ഞാനിറങ്ങി നേരേ കയ്യനാലിലേക്കു നടന്നുപോയി. രൂക്ഷമായ സൂര്യകിരണങ്ങളും നിശ്ചലമായ പ്രകൃതിയും എന്നെ പിന്തിരിപ്പിക്കുവാൻ ശ്രമിക്കുകയായിരുന്നിരിക്കാം. പക്ഷെ അങ്ങനെ എനിക്കു തോന്നിയില്ല.

x x x

കിഴക്കുവശത്തുള്ള ഗെയിററുകടന്നു് ഞാൻ മുററത്തേക്കു നടന്നു ചെന്നു. കല്ല്യാണവീടിൻെറ യാതൊരനക്കവും അവിടെ ഞാൻ കേട്ടില്ല. ആരും സദ്യക്കൊരുക്കുന്നില്ല, പന്തലുകെട്ടിയിരുന്നില്ല, ഭക്ഷ്യവിഭവങ്ങളുടെ മണം അന്തരീക്ഷവായുവിൽ കലന്നിരുന്നില്ല. എൻെറ മനസ്സൊന്നു തുടിച്ചു. എനിക്കിനി ദിവസം തെററിയോ? മൗനരായി രണ്ടു മൂന്നുപേർ മുററത്തുനിന്നിരുന്നു. അവർ ചിലതൊക്കെ "കുശുകുശു"ക്കുന്നുണ്ടായിരുന്നു. വീടിനകത്തുനിന്നു നേരിയ വിലാപങ്ങളും നെടുവീർപ്പുകളും കേൾക്കാമായിരുന്നു. ഞാൻ നേരേ നടന്നു തുറന്നുകിടന്ന വലിയ മുറിയിലേക്കു ചെന്നു. അവിടെ കണ്ട കാഴ്ച എൻെറ ഹൃദയത്തെ പിളർന്നുകളഞ്ഞു; ഞാനാകെ കോരിത്തരിച്ചുപോയി. ശ്വാസോച്ഛ്വാസം അല്പനേരത്തേക്കുനിന്നുപോയപോലെ തോന്നി. എനിക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല; എൻെറ കണ്ണുകൾ എന്നെ വഞ്ചിക്കുകയാണോ? ബാബുവിനെ ഒരു ശവപ്പെട്ടിയിൽ ഒരുക്കികിടത്തിയിരിക്കുന്നു; മാതാവു് അടുത്തിരുന്നു കരയുന്നുണ്ടു്. എന്നെക്കണ്ടവർ വിങ്ങിപ്പൊട്ടിക്കരഞ്ഞു. എൻെറ ഹൃദയം തകന്നു. എൻെറ കണ്ണുകളിൽനിന്നും ഉതുതുരെ കണ്ണുനീർ അടന്നുവീണു.

ഞാൻ പതിയെ തിരിഞ്ഞുനടന്നു്, മുററത്തെ മുല്ലയുടെ അടുത്തുനില്ക്കുന്നവരുടെ അടുത്തേക്കു ചെന്നു. ഒരാളുടെ തോളിനു പിടിച്ചുകൊണ്ടു ഞാൻ ചോദിച്ചു:

"എന്തായിരുന്നു ബാബുവിനു്?"

"രണ്ടു ദിവസം മുൻപു ഒരു വയററുവേദന തുടങ്ങിയതാ. ഇതാ ഇന്നലെ രാത്രിക്കു്......" അയാൾ പൂത്തിയാക്കിയില്ല.

"ഇന്നു കല്ല്യാണം നിശ്ചയിച്ചിരുന്നതാ—" മററയാൾ പറഞ്ഞു.

എല്ലാവരും മൗനരായിത്തന്നെ നിന്നു.

"എപ്പഴാ ശവമടക്കു്—?"ഞാൻ വീണ്ടും താഴ്ന്നസ്വരത്തിൽ ചോദിച്ചു.

"നാലിനാന്നാ, നിശ്ചയിച്ചിരിക്കുന്നതു്."

ഞാൻ പടിയിറങ്ങി പുറത്തുപോയി. എൻെറ മനസ്സു ബാബുവിനെപ്പററി മാത്രമേ ചിന്തിച്ചുള്ളൂ. മണി മൂന്നായപ്പോൾ ഞാൻ തിരിച്ചുചെന്നു.

നാലുമണിക്കു മുൻപുതന്നെ ശവമടക്കിനു വേണ്ടപ്പെട്ടവരെല്ലാം എത്തിക്കഴിഞ്ഞു. വൈദികൻ മുറപ്രകാരം തിരുക്കമ്മങ്ങൾ ആരംഭിക്കുന്നതിനു മുമ്പായി വിറയ്ക്കുന്ന കൈകളോടും ഇടറുന്ന പാദങ്ങളോടും തുടിക്കുന്ന ഹൃദയത്തോടുംകൂടി ഞാൻ ശവമഞ്ചത്തെ സമീപിച്ചു. സ്നേഹിതൻെറ മുഖത്തു ചുംബിച്ചിട്ടു ഞാനൊരുക്കിയിരുന്ന മംഗല്യഹാരം ആ മൃതദേഹത്തെ അണിയിച്ചു. ആ സദസ്സു പൊട്ടിക്കരഞ്ഞു

—o—




"മുൻചക്രം രണ്ടും കേറുമ്പോ കലുങ്കിനു നല്ല ബലമുണ്ടായിരുന്നു എഞ്ചിനീരുസാറെ. ഇതു ഡ്രൈവറുടെ നോട്ടക്കുറവാണെന്നെങ്ങനെ പറയും?"

## സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ " 8—12—0

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1